# ഘോഷയാത്ര

വ്യാഖ്യാനസഹിതം

കെ. വി. എം.

Digitized By Kerala Sahitya Akademi

# ഫോബിയാള

വ്യാഖ്യാനസഹിതം

പ്രസാധകൻ

കെ. വി. എം.

വി. സുന്ദരയ്യർ ആന്റ് സൺസ്

തൃശ്ശിവപേരൂർ.

1124

(വില ഒരുറുപ്പിക.

Digitized By Kerala Sahitya Akademi

# അവതാരിക

ഹാസ്യരസപ്രധാനങ്ങളായ കവിതകൾകൊണ്ടു് ഭാഷാദേവിയെ പുളകംകൊള്ളിച്ച ഒരു സരസകവിയാണു് കലക്കത്തു കുഞ്ചൻനമ്പ്യാർ. ശ്രീകൃഷ്ണചരിതാദികളായ പല കവിതകൾ നമ്പ്യാർ നിർമ്മിച്ചിട്ടുണ്ടെങ്കിലും തുള്ളൽക്കഥകളുടെ ഉപജ്ഞാതാവു് എന്ന നിലയ്ക്കാണു് അദ്ദേഹം പ്രസിദ്ധിയെ പ്രാപിച്ചിട്ടുള്ളതു്. ചാക്യാർകൂത്തിന്നു മിഴാവു കൊട്ടുന്ന "നമ്പ്യാർ" ജാതിയിൽപ്പെട്ട കുഞ്ചൻനമ്പ്യാർ ഒരു ദിവസം മിഴാവു കൊട്ടുന്നതിനിടയിൽ ഉറക്കംതൂങ്ങിയെന്നും, അതു കാരണം ഹാസ്യകലാനിപുണനായ ചാക്യാർ ഇദ്ദേഹത്തെ വളരെ ശകാരിച്ചുവെന്നും, ആ ചാക്യാരെ ഒരു പണിപറ്റിക്കുന്നതിനുവേണ്ടിയാണു് നമ്പ്യാർ "തുള്ളൽ" എന്ന ഒരു അഭിനയഗാനപ്രസ്ഥാനം തുടങ്ങിവെച്ചതെന്നും പറഞ്ഞുകേട്ടിട്ടുണ്ടു്. ഈ ഐതിഹ്യത്തിന്റെ സാധുത്വത്തെക്കുറിച്ചു ചിന്തിക്കുവാൻ ഈ അവസരത്തിൽ ശ്രമിക്കുന്നില്ല. എന്നാൽ ഒരു സംഗതി പറയാതിരിപ്പാൻ നിവൃത്തിയുമില്ല. അതു മറ്റൊന്നുമല്ല. ചാക്യാർ പരിഹസിച്ചതാണു് നമ്പ്യാരുടെ തുള്ളലിന്നു കാരണമായതെങ്കിൽ ആ ചാക്യാർ മലയാളഭാഷയ്ക്കു മഹത്തായ ഒരനുഗ്രഹമാണു് ചെയ്തതു്. ആ പരിഹാസം ഇല്ലായിരുന്നുവെങ്കിൽ ഭാഷയിൽ പണ്ഡിതപാമരന്മാരെ ഒരുപോലെ രസിപ്പിക്കുന്നതായ "തുള്ളൽ" പ്രസ്ഥാനം ഉത്ഭവിക്കുവാൻ ഇടയാകയില്ലായിരുന്നുവല്ലൊ.

ചാക്യാർകൂത്തിൽ പ്രയോഗിച്ചുവരുന്ന പുരാണകഥകളെത്തന്നെ എടുത്തു് അവിടവിടെയായി അല്പാല്പം ഭേദഗതികൾ വരുത്തീട്ടാണു് നമ്പ്യാർ തന്റെ തുള്ളൽക്കഥകളെ രചിച്ചിട്ടുള്ളതു്. ചാക്യാർ കഥകൾ പറയുന്നതിനിടയിൽ കൂത്തു

Digitized By Kerala Sahitya Akademi

കാണ്മാൻ വന്നിരിക്കുന്ന കേരളീയരായ സഭാവാസികളെ പുരാണകഥകളോടു വല്ലവിധത്തിലും സംബന്ധിപ്പിച്ചു കണക്കിനു പരിഹസിക്കുകയും ശകാരിക്കുകയും പതിവാണു്. ചാക്യാരുടെ പരിഹാസവും ശകാരവുംകൊണ്ടു രംഗവാസികളായ പലരുടേയും രഹസ്യം പരസ്യമാകയും തന്മൂലം അവർ പലവിധ ദുഷ്കർമ്മങ്ങളിൽനിന്നും വിരമിക്കുവാനിടവരികയും ചെയ്യാറുണ്ടു്. കേരളീയരെ പുരാണലോകത്തിലേക്കു അവരറിയാതെതന്നെ ആകർഷിച്ചുകൊണ്ടുപോകുന്നതിനുള്ള സാമർത്ഥ്യമാണു് ഈ വക പരിഹാസങ്ങളിലും ശകാരങ്ങളിലും ചാക്യാരുടെ വിജയത്തിനുള്ള കാരണം. നമ്പ്യാർ ഇതിനു നേരെ വിപരീതമായ ഉപായമാണു് തുള്ളൽക്കഥകളിൽ പ്രയോഗിച്ചിട്ടുള്ളതു്. പുരാണകഥാപാത്രങ്ങളെ കേരളത്തിലേക്കു് ആകർഷിച്ചുകൊണ്ടുവന്നിട്ടാണു് നമ്പ്യാർ തന്റെ പരിഹാസവും ശകാരവും പ്രയോഗിച്ചിട്ടുള്ളതു്. രാമായണത്തിൽപ്പെട്ടതോ ഭാരതത്തിലടങ്ങിയതോ മറ്റോ ആയ ഏതു കഥയായാലും വേണ്ടില്ല, അതു കുഞ്ചൻനമ്പ്യാരുടെ തുള്ളൽക്കരുവിൽ വാർക്കുമ്പോൾ അതിനൊരു കേരളീയച്ഛായ വന്നുചേരും. തുള്ളൽക്കഥകളിൽ പകരുമ്പോൾ പുരാണകഥകളിലെ രാജാക്കന്മാർ കേരളത്തിലെ രാജാക്കന്മാരും, ബ്രാഹ്മണർ കേരളത്തിലെ ബ്രാഹ്മണരും, ഭടന്മാർ കേരളീയരായ നായന്മാരും, മറ്റുമായി രൂപാന്തരപ്പെടുന്നു. കഥയിൽ പ്രധാനമായിസ്സംബന്ധിക്കുന്ന പാത്രങ്ങളെക്കഴിച്ചു് അപ്രധാനമായ പല പാത്രങ്ങൾക്കും മലയാളികളുടെ പേരുകൾപോലും കൊടുത്തിട്ടുള്ളതായിക്കാണാം. ഇപ്രകാരം നമ്പ്യാർക്കു തന്റെ കാലത്തെ കേരളീയസമുദായങ്ങളുടെ തന്മയചിത്രം വരക്കുവാനും പല സാമുദായിക ദോഷങ്ങൾക്കു നിവാരണം ചെയ്യുവാനും സാധിച്ചു.

തുള്ളൽക്കഥകൾ മൂന്നുതരത്തിലുണ്ടു്. ഒന്നു് ഓട്ടൻതുള്ളൽ, രണ്ടു ശീതങ്കൻതുള്ളൽ, മൂന്നു പറയൻതുള്ളൽ. ഈ മൂ

Digitized By Kerala Sahitya Akademi

ന്തരം തുള്ളലുകൾക്കും തമ്മിൽ പാട്ടുകളുടെ വൃത്തങ്ങളിലും തുള്ളൽക്കാരുടെ വേഷങ്ങളിലും തുള്ളുന്നതിന്റെ സമ്പ്രദായത്തിലും സാരമായ പല വ്യത്യാസങ്ങൾ ഉണ്ടു്. ഓട്ടൻ, ശീതങ്കൻ, പറയൻ എന്നീ പദങ്ങൾക്കു നമ്പ്യാർ എന്തർത്ഥങ്ങളാണു ഉദ്ദേശിച്ചിരുന്നതെന്നു വിശദമാകുന്നില്ല; എങ്കിലും മേൽപ്പറഞ്ഞവിധത്തിൽ ചില വ്യത്യാസങ്ങളെ പുരസ്കരിച്ചിട്ടാണു് മൂന്നുതരമായി തിരിച്ചിട്ടുള്ളതെന്നു അനുമാനിക്കാം. ഓട്ടൻമട്ടിലും, ശീതങ്കൻമട്ടിലും, പറയൻമട്ടിലും നമ്പ്യാർ പല തുള്ളൽക്കഥകളും ഉണ്ടാക്കീട്ടുണ്ടു്. അവയിൽ ഓട്ടനിൽപ്പെട്ട കഥകളിൽവെച്ചു പലതുകൊണ്ടും മെച്ചപ്പെട്ടതാണു് പ്രകൃതമായ ഘോഷയാത്ര. മഹാഭാരതത്തിലെ വനപർവ്വത്തിൽ അന്തർഭവിച്ചിട്ടുള്ളതാണു് ഈ കഥ. ചൂതിൽ തോററതിനുശേഷം വനത്തിലേക്കു പോയ പാണ്ഡവന്മാരുടെ നിശ്ചയപ്രകാരമുള്ള പന്തീരാണ്ടു വനവാസത്തിൽ പതിനൊന്നു വർഷവും കഴിഞ്ഞതിനു ശേഷമാണു് ഈ കഥ നടക്കുന്നതു്. കഥ നടക്കുന്നതായ സ്ഥലം ദ്വൈതാരണ്യം എന്നു പ്രസിദ്ധമായ തപോവനവുമാകുന്നു. ചൂതിൽ തോററു നാടുവിട്ടു കാട്ടുപൂകിയതിനുശേഷം പാണ്ഡവന്മാർ എന്തു ചെയ്യുന്നുവെന്നു് അറിയുവാൻവേണ്ടി ദുര്യോധനൻ ഒരു ചാരനെ അയയ്ക്കുകയും, ആ ചാരൻ പാണ്ഡവന്മാരുടെ പരമാർത്ഥമറിഞ്ഞുവന്നു പറകയും, വനവാസം കഴിഞ്ഞാൽ അവർ വീണ്ടും നാട്ടിൽവന്നു ഇവരെ പടയിൽ ജയിച്ചു രാജ്യം വീണ്ടെടുക്കുമെന്നു് ഉപദേശിക്കുകയും ചെയ്തു. ചാരൻ ഉപദേശിച്ചപോലെ പാണ്ഡവന്മാർ പോരിനു വന്നാൽ അവരെ പരാജയപ്പെടുത്തുവാനുള്ള പുരുഷദ്രവ്യസമ്പത്തുകൾ തനിക്കുണ്ടെന്നു പാണ്ഡവന്മാരെ ബോദ്ധ്യപ്പെടുത്തുവാൻവേണ്ടി ദുര്യോധനൻ ഗംഭീരമായ ഒരു ഘോഷയാത്ര പുറപ്പെടുവാൻ ഒരുങ്ങി. പക്ഷെ കർമ്മദോഷത്താൽ ദ്വൈതവനത്തിനടുത്തുവെച്ചു ഗന്ധർവ്വരാജാവു ചിത്രസേനൻ ദുര്യോധനാദികളെ യുദ്ധത്തിൽ ജയിച്ചു ബന്ധന

Digitized By Kerala Sahitya Akademi

ത്തിൽപ്പെടുത്തുകയാൽ അവൎക്ക് ഉദ്ദേശിച്ച പുറപ്പെട്ടതുപോലെ പാണ്ഡവന്മാരുടെ മുമ്പിൽ തങ്ങളുടെ പ്രതാപം കാട്ടുവാൻ സാധിച്ചില്ല. എന്നുതന്നെയല്ലാ, നേരേ മറിച്ച്, തങ്ങളുടെ പ്രത്യക്ഷശത്രുക്കളായ പാണ്ഡവന്മാരോടു താണുകേണപേക്ഷിച്ചു ചിത്രസേനന്റെ ബന്ധനത്തിൽനിന്നു വിട്ടുപോരേണ്ടതായി വരികയും ചെയ്തു. ഇതാണ് ഘോഷയാത്രയിലെ കഥ. ഈ കഥയുടെ യഥാക്രമമുള്ള ഗതികൾ ടിപ്പണിയിൽ അതാതിടത്തു കൊടുത്തിട്ടുള്ള അവതാരികകളിൽ നിന്നു കാണാവുന്നതാണ്.

ഈ ഘോഷയാത്രയിലെ കഥയെ കവി അവതരിപ്പിക്കുന്നതു് ഒരു "ഉലകുടെ പെരുമാളു"ടെ കഥാമുഖേനയാണ്. ഉലകുടെ പെരുമാൾ വാണിരുന്ന കാലം കൃതയുഗംപോലെ ധൎമ്മം തികഞ്ഞതും അക്കാലത്തു നാടു സ്വൎഗ്ഗത്തെപ്പോലെ സുഖസമൃദ്ധവുമായിരുന്നു. അദ്ദേഹം തന്റെ ശത്രുവായ മധുരാരാജാവിനോടു യുദ്ധം ചെയ്യേണ്ടതിനെപ്പററി മന്ത്രിമാരുമായി ആലോചിച്ചപ്പോൾ ഒരു മന്ത്രി തൽക്കാലം യുദ്ധയാത്ര പോയാൽ കൌരവന്മാർ ഘോഷയാത്ര പോയതുപോലെ ആയേക്കുമെന്നു പറഞ്ഞു. അതു കേട്ടപ്പോൾ പെരുമാൾ ചോദിച്ചപ്രകാരം മന്ത്രി പറയുന്നതായിട്ടാണ് ഇതിലെ കഥ ഘടിപ്പിച്ചിട്ടുള്ളതു്. ഈ കഥാവതരണം പഞ്ചതന്ത്രാദി നീതികഥകളുടേയും കഥാസരിത്സാഗരാദികളുടേയും രീതിപിടിച്ചാണു ചെയ്തിട്ടുള്ളതു്. ഈ ഉലകുടെപെരുമാൾ നമ്പ്യാരുടെ സൃഷ്ടിയായിരിക്കണം. മലയാളികൾ ആരാധിച്ചുപോരുന്ന മഹാബലിയുടെ സമാധിയോടുകൂടിയായിരിക്കാം നമ്പ്യാർ പക്ഷെ, "ഉലകുടെ പെരുമാ"ളെ സൃഷ്ടിച്ചതു്. ഉലകുടെ പെരുമാളുടെ പ്രസ്താവം കിരാതം തുള്ളൽക്കഥയുടെ ഉപോൽഘാതത്തിലും കാണുന്നുണ്ടു്.

കവിതയിൽ ആധികാരികമായ കഥയ്ക്കു മിഴിവു വരുത്തുവാൻവേണ്ടി ചില ഉപകഥകൾ കൂട്ടിച്ചേൎക്കുന്നതിനു ന

Digitized By Kerala Sahitya Akademi

ന്മാർക്ക് സഹജമായുള്ള വാസന ഘോഷയാത്രയിൽ സ്പഷ്ടമായിക്കാണുന്നുണ്ടു്. ധർമ്മപുത്രൻ ഭീമനോടു പറയുന്ന എലിയുടേയും പൂച്ചയുടേയും കഥ കഥാസരിത്സാഗരത്തിൽ യൌഗന്ധരായണൻ യോഗേശ്വരനോടു പറയുന്ന കഥയെ അല്പം വ്യത്യാസപ്പെടുത്തി എഴുതീട്ടുള്ളതാകുന്നു. ഏഷണിയുടെ ദോഷം കാണിപ്പാൻ നകുലൻ പറയുന്നതായി ഘോഷയാത്രയിലുള്ള കഥ പഞ്ചതന്ത്രം രണ്ടാം തന്ത്രത്തിൽ ബ്രാഹ്മണസ്ത്രീ എള്ളു കൊടുത്തു് എള്ളു വാങ്ങിയതിനെപ്പറ്റിയുള്ള ഭാഗത്തിൽ പറഞ്ഞിട്ടുള്ള ഒരു കഥയാണു്. രണ്ടു കഥകൾക്കും തമ്മിൽ അല്പം മാത്രമേ വ്യത്യാസമുള്ളു. ഈ ഉപകഥകൾ രണ്ടും പ്രകൃതത്തിൽ ഏററവും ഔചിത്യത്തോടുകൂടി ചേർന്നിരിക്കുന്നുണ്ടെന്നു് എവരും സമ്മതിക്കും. ഗന്ധർവ്വന്മാർ ചെയ്ത ബന്ധനത്തിൽനിന്നു കൌരവന്മാരെ മോചിപ്പിപ്പാൻ ധർമ്മപുത്രൻ കല്പിച്ചപ്പോൾ അതികഠിനമായി കോപിച്ചു് തന്നെത്താനറിയാതായിച്ചമഞ്ഞ ഭീമസേനന്റെ കോപം ശമിപ്പിക്കുവാൻ ഈ ഉപകഥകൾ ഉള്ളോളം സഹായിക്കുന്നവയാണു്.

കഥാഗതിക്കു് അസാധാരണമായ ചമൽക്കാരം ഘോഷയാത്രയിൽ ആദിമുതൽ അവസാനംവരെ വന്നിട്ടുള്ളതായി കാണാം. ദുര്യോധനൻ ഘോഷയാത്ര പുറപ്പെട്ടപ്പോൾ

"ആടുകയും ചിലർ പാടുകയും ചില-
രോടുകയും ചിലർ ചാടുകയും ചിലർ
വാടുകയും ചിലർ തേടുകയും ചിലർ
ചോടുകൾ വെച്ചിടകൂടുകയും ചിലർ"

എന്നിങ്ങനെ പലതും ചെയ്തതായി വർണ്ണിച്ചിരിക്കുന്നു. മതിമറന്നു തിമിർത്തു നടക്കുന്ന ജനങ്ങളുടെ സ്ഥിതി ഈ നാലു വരികളിൽ എത്രയും ഭംഗിയായി ചിത്രീകരിച്ചിട്ടുണ്ടു്. ചിത്രസേനൻ ദുര്യോധനനോടു പറയുന്ന

"വാക്കിനുവാക്കും വമ്പിനുവമ്പും
മുഷ്കിനുമുഷ്കും മുള്ളിനുമുള്ളും

Digitized By Kerala Sahitya Akademi

നോക്കിന്നുനോക്കും തല്ലിന്നുതല്ലും
ഭോഷ്കിന്നു ഭോഷ്കുമെനിക്കുണ്ടറിവിൻ"

എന്ന വരികൾ എത്രയും അർത്ഥഗർഭങ്ങളാകുന്നു. ഇതിൽപ്പറഞ്ഞു പ്രത്യക്ഷരം പരമാർത്ഥമാണെന്നു ചിത്രസേനൻ ദുര്യോധനനെ കാട്ടിക്കൊടുക്കുന്നുണ്ടു്. ധർമ്മപുത്രനോടു് ഭീമസേനൻ ചെയ്യുന്ന പ്രസംഗം ഘോഷയാത്രയിലെ രസം തുളുമ്പുന്ന ഭാഗങ്ങളിൽ പ്രധാനമായ ഒന്നാണു്.

"തള്ളലുമവരുടെ തുള്ളലുമൊരുവക
ഭള്ളും പെരുകിന കള്ളവുമോർത്താൽ
കൊള്ളാമിത്തൊഴിൽ താനേ വന്നു
കോലാഹലമെന്നെന്നുടെ പക്ഷം."

എന്ന വരികളിൽനിന്നു കൌരവന്മാർക്കു പിണഞ്ഞ ബന്ധനത്തിൽ ഭീമന്നുള്ള സന്തോഷാധിക്യം പ്രകാശിക്കുന്നുണ്ടു്.

"കുരുടച്ചാരുടെ മക്കളെയൊക്കെ-
ത്തെരുതെരെ മമഗദകൊണ്ടടികൂട്ടി
പരിചൊടുകൊന്നു മുടിപ്പാനായി-
ട്ടുലകുറിയടിയൻ ഭാവിച്ചപ്പോൾ"

ജ്യേഷ്ഠൻ മുടക്കുകയാണു് ചെയ്തതെന്നും,

"മറ്റൊരു കൂട്ടക്കാർ വന്നേറ്റി-
ട്ടേറ്റവരേയും കൊണ്ടുതിരിച്ചു
മാറ്റവനെന്തിന നല്ലകണക്കിലി-
തേറ്റതൊഴിപ്പാനെന്താവശ്യം."

എന്നും പറയുന്നതിൽനിന്നു ഭീമന്റെ സ്വഭാവം ധാരാളം വ്യക്തമാകുന്നുണ്ടു്.

"താനൊന്നിന കല്പിക്കയുമില്ലിഹ
താനേവന്നതുമൊക്കെ മുടക്കും
ജ്ഞാനികളാകിനനിങ്ങടെമട്ടെ-
ന്നാനിങ്ങനെയൊരു മൂഢൻ തീർന്നു

ചേട്ടനമനുജന്മാരും കൂടി-
ക്കാട്ടിലിരുന്നു തപം ചെയ്താലും
ശാന്തന്മാരൊടു കൂടിയിരിപ്പതു
താന്തോന്നിക്കിഹ രസമല്ലിപ്പോൾ"

എന്നവരികളിൽ ഭീമസേനന്റെ ഉള്ളിൽ തിങ്ങിവിങ്ങുന്ന അമർഷവും അഹങ്കാരവും തിളങ്ങിവിളങ്ങുന്നുണ്ടു്. ചിത്രസേനന്റെ പിടിയിൽനിന്നു കൗരവരെ വിടുവിപ്പാൻ ജ്യേഷ്ഠൻ കല്പിച്ചപ്പോൾ ഭീമനുണ്ടായ ഇച്ഛാഭംഗം ഗന്ധർവ്വന്മാർ കീഴടങ്ങിയതിനുശേഷം

"വൈരിജനങ്ങടെ ബന്ധനമോക്ഷം
വിരവൊടു ചെയ്ക വൃകോദരവീര!"

എന്നു ചിത്രസേനൻ പറഞ്ഞപ്പോഴേ തീരുന്നുള്ളൂ. ചിത്രസേനന്റെ വാക്കുകേട്ടു ഉടനെ ഭീമൻ തേരിൽ കയറിച്ചെന്നു്

"കെട്ടുകളൊക്കെയഴിപ്പാൻ രഥമതി-
ലിട്ടുപിരട്ടിയുരുട്ടിച്ചിലരുടെ
കുടുമപിടിച്ചുവലിച്ചും ചിലരുടെ
പിടരിപിടിച്ചുതിരിച്ചും ചിലരുടെ
താടിപറിച്ചും മീശമുറിച്ചും
മോടികുറച്ചും തട്ടിമറിച്ചും"

കൗരവന്മാരെ കെട്ടഴിച്ചു് എണ്ണിതിട്ടപ്പെടുത്തി നിലത്താക്കിടുമ്പോൾ ഉണ്ടാകുന്ന സന്തോഷംപോലൊരു സന്തോഷവും കൃതാർത്ഥത പോലൊരു കൃതാർത്ഥതയും ഭീമൻ അടുത്തകാലത്തൊന്നും അനുഭവിച്ചിട്ടില്ല. എന്നാൽ ഈ ഭാഗങ്ങളെല്ലാം നമ്പ്യാർ ചാക്യാർകൂത്തിൽനിന്നു് സ്വീകരിച്ചതാണെന്നു് അതിലെ ഘോഷയാത്ര കണ്ടിട്ടുള്ളവരോടു് പറഞ്ഞറിയിക്കേണ്ടതില്ല.

ഈ ഘോഷയാത്രയിൽ നമ്പ്യാരുടെ കാലത്തെ കേരളീയരുടെ സാമുദായികസ്ഥിതി ഏതാണ്ടൊക്കെ നിഴലിച്ചുകാണുന്നുണ്ടു്. അക്കാലത്തു പടയാളികളായ നായന്മാരുടെ പുരാതനമഹിമയ്ക്കു വലിയ കോട്ടം തട്ടിയിരുന്നു. "തൃക്ക പുക

Digitized By Kerala Sahitya Akademi

യിലേക്കു"വേണ്ടി "തോക്കു പണയംവെച്ചു"കയും കറുപ്പും കള്ളും ശീലിച്ചു് നെല്ലും പണവും നശിപ്പിച്ചു് വീട്ടിലിരിപ്പാൻ നിവൃത്തിയില്ലാതാകയും ചെയ്തിട്ടുള്ള നായന്മാർ അന്നു ധാരാളമായിരുന്നു. നാട്ടിനുവേണ്ടി യുദ്ധം ചെയ്യുന്ന നായന്മാർക്കു കൃഷിചെയ്തു് ആദായമെടുത്തു് ഉപജീവനം കഴിക്കുവാൻ സർക്കാരിൽനിന്നു ഭൂമികൾ വിട്ടുകൊടുത്തിരുന്നു. അവയിൽ കൃഷിചെയ്തു കുടുംബം പുലർത്തിവന്ന നായന്മാർ രാജാവിന്നാവശ്യമുള്ളപ്പോൾ ആയുധപാണികളായി പടയ്ക്കു പുറപ്പെടുവാൻ ചുമതലപ്പെട്ടവരായിരുന്നു. പടയ്ക്കു പുറപ്പെടേണ്ടുന്ന ആവശ്യം നേരിടുമ്പോൾ "പുരുഷാരത്തെയറിപ്പാനായിപ്പുരുഷന്മാരെയയച്ചു" "നാട്ടിലശേഷം നരപതി കല്പന" നടത്തുകയും "കല്പന കേട്ടോരു നായന്മാർ" രാജധാനിയിൽവന്നു സംശ്രയിക്കുകയും ചെയ്യും. അങ്ങനെ സംശ്രയിച്ച നായന്മാർക്കു ഊണിനുള്ള വട്ടങ്ങൾ കൂട്ടുന്നതിൽ കോവിലകത്തുള്ളവർ ജാഗ്രൂകന്മാരായിരിക്കും. പടയ്ക്കു പുറപ്പെട്ടാൽപ്പിന്നെ നായന്മാർ വലിയ സാമർത്ഥ്യം കാണിച്ചിരുന്നു.

നായന്മാരിൽ മാത്രമല്ലാ അവരുടെ സ്ത്രീകളിലുംകൂടി വീരധർമ്മത്തെക്കുറിച്ചു പണ്ടുണ്ടായിരുന്ന നിഷ്ഠ കാലംകൊണ്ടു കുറഞ്ഞുപോയെങ്കിലും നമ്പ്യാരുടെ കാലത്തു നിശ്ശേഷം നശിച്ചിരുന്നില്ല.

"പടയ്ക്കുതോററു മണ്ടുന്ന ഭടന്മാർ വന്നുകേറുമ്പോൾ
പടിയ്ക്കൽ കാവലും വച്ചുകടപ്പാനൊട്ടുമല്ലെന്നും"

പറഞ്ഞു് അവരെ പരിഹസിച്ചു സ്വകർമ്മത്തിൽ പ്രവർത്തിപ്പിക്കുവാൻ നായർസ്ത്രീകൾ മുതിർന്നിരുന്നു. അവരുടെ പരിഹാസത്തിന്റെ സ്വഭാവം:

"തോല്ക്കുന്നകൂട്ടം നിങ്ങൾ തോക്കും കളഞ്ഞുപോന്നു-
രാക്കമട്ടത്തല്ലിത്തോക്കുമ്പോൾ ചിരിയാകും.
നേക്കം മാററാരോടു പോരേല്ക്കുന്നനേരം പല
ഛാക്കംമുറിവും പുനരാക്കും വരാതെതല്ലാ;

Digitized By Kerala Sahitya Akademi

ചാട്ടംപിഴച്ച കപിക്കൂട്ടം കണക്കേനിങ്ങൾ
കൂട്ടംപിരിഞ്ഞുപാരം കോട്ടം പിണഞ്ഞമൂലം.
ഓട്ടം തുടങ്ങിയതു വാട്ടം വരുവാൻതന്നെ
കേട്ടാലുടനെതന്നെ നാട്ടാർ പരിഹസിക്കും,
കാട്ടിൽനിന്നോടിപ്പോന്നു വീട്ടിൽപ്പുക്കൊളിക്കയെ-
ക്കാട്ടിൽ മരിക്കനല്ലൂ കേട്ടീലേനായന്മാരേ!
ഗോഷ്ഠികൾ പതിന്നാലു നാട്ടിലും കേൾക്കുമയ്യോ!
കാട്ടിയകർമ്മമതും പാട്ടിലായതുമില്ല"

എന്ന വരികളിൽനിന്നു മനസ്സിലാക്കാവുന്നതാണ്. നായർ സ്ത്രീകൾക്കു കാഴ്ചകൾ കാണുവാൻ ചമഞ്ഞുപോകുന്നതിലുള്ള ഭ്രമം അക്കാലത്തു കണക്കിലധികമുണ്ടായിരുന്നു.

കൊട്ടാരത്തിൽ സേവക്കാരായവരുടെ സ്ഥിതി നമ്പ്യാർ ദുര്യോധനനെക്കൊണ്ടു് നല്ലപോലെ പറയിച്ചിട്ടുണ്ട്. ഒരു കാര്യത്തിനയച്ചാൽ അതു സാധിക്കില്ലെന്നു മാത്രമല്ലാ ഒരമളി പിണയ്ക്കുകകൂടി ചെയ്യുന്നവരായിരുന്നു അവരിൽ അധികം പേരും. "പകയുള്ളവരെപ്പിഴചെയ്യിച്ചൊരുവകയുണ്ടാക്കുവാൻ മിടുക്കുള്ള അവരെ "തിരുവുള്ളക്കാരിവരെന്നോർത്തിട്ടരിയാട്ടകയില്ലറിവുള്ളവരും" എന്നായിരുന്നു അവരിൽ അധികം പേരുടേയും സ്വഭാവം. വലിയ സദ്യകളുള്ളപ്പോൾ ഇല വെപ്പിപ്പാൻ മന്ത്രിമാരും കൂടി "കൊട്ടിലിൽ" ചെന്നു "ഉന്തിയലച്ചുപിടിച്ചുവലിച്ചൊരു പന്തിപരാക്രമമൊക്കെയെടുക്കുക പതിവായിരുന്നു. ഇത്രയും പറഞ്ഞതിൽനിന്നു മററുള്ളവരുടെ സാമുദായികസ്ഥിതിയും ഊഹിച്ചറിയാവുന്നതാണ്.

ഘോഷയാത്രയുടെ കർത്താവായ കലക്കത്തു കുഞ്ചൻനമ്പ്യാർ അക്കാലത്തു കൊച്ചിരാജ്യത്തിൽ അനുഭവിച്ചിരുന്നതും ഇപ്പോൾ ബ്രിട്ടീഷു മലബാറിൽ ഉൾപ്പെട്ടതുമായ കിള്ളിക്കുറുശ്ശിമംഗലത്തു ഇന്നും നല്ലനിലയിൽ കഴിഞ്ഞുപോരുന്ന കലക്കത്തു തറവാട്ടിലാണു് ജനിച്ചതു്. ജനനം കൊല്ലം 880-ാമാണ്ടിടയ്ക്കാണെന്നു് അഭിജ്ഞന്മാർ തീർച്ചപ്പെടുത്തിയിരിക്കുന്നു.

Digitized By Kerala Sahitya Akademi

ചെറുപ്പകാലത്തുതന്നെ കാവ്യനാടകാലങ്കാരാദികൾ പഠിച്ച് വ്യുൽപ്പത്തി സമ്പാദിച്ചതോടുകൂടി അദ്ദേഹം കവിതകൾ നിർമ്മിക്കുവാൻ തുടങ്ങി. അക്കാലത്തു കവികളുടെ പുരസ്കർത്താവായ ചെമ്പകശ്ശേരി രാജാവിന്റെ അടുക്കൽ നമ്പ്യാർ ഒരു സേവകനായിക്കൂടി. ചെമ്പകശ്ശേരി നാട്ടിൽ (അമ്പലപ്പുഴ) താമസിച്ചിരുന്ന കാലത്താണ് നമ്പ്യാർ തന്റെ തുള്ളൽ കഥകളിൽ മിക്കതും നിർമ്മിച്ചതെന്നുള്ളതിനു തെളിവുണ്ട്. ചെമ്പകശ്ശേരി രാജ്യം 923-ാമാണ്ടിൽ തിരുവിതാംകൂറിലേയ്ക്കടങ്ങിയതിനുശേഷം നമ്പ്യാർ തിരുവനന്തപുരത്തുപോയി മഹാ പരാക്രമശാലിയായ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ആശ്രിതനായിപ്പാർത്തുവന്നു. ആശ്രിതവത്സലനായിരുന്ന ആ മഹാരാജാവു നാടു നീങ്ങിയതിനു ശേഷം കാർത്തികതിരുനാൾ രാമവർമ്മ മഹാരാജാവിനെ ആശ്രയിച്ചുംകൊണ്ടു ഏതാനും സംവത്സരങ്ങൾകൂടി നമ്പ്യാർ തിരുവനന്തപുരത്തു താമസിക്കുകയും 940-ാമാണ്ടിനു ശേഷം അമ്പലപ്പുഴയുള്ള സ്വഭവനത്തിൽ പോയി വിശ്രമിക്കുകയും പിന്നെ മൂന്നോ നാലോ സംവത്സരത്തിനിടയിൽ പരമഗതി പ്രാപിക്കുകയും ചെയ്തു. പ്രകൃതഗ്രന്ഥമായ ഘോഷയാത്രയിൽ നമ്പ്യാർ "ധരണീസുരകുലമകുടമഹാമണി"യായ തന്റെ ഒരു ഗുരുനാഥനെ വന്ദിച്ചുകാണുന്നു. ഇതിനുപുറമെ ചെമ്പകനാട്ടിലെ രാജാവായ "ധരണീസുരപ്പുള്ള"വിനേയും കവി വന്ദിക്കുന്നുണ്ട്. ഈ പ്പുള്ളവിനെ കരുണാശീലനും പരമസുന്ദരനും ഭരണനിപുണനും മറ്റുമെന്ന് വളരെ വലുതാക്കി വർണ്ണിച്ചിട്ടുള്ളതുകൊണ്ട് അദ്ദേഹത്തിന്റെ കാലത്താണ് ഈ തുള്ളൽക്കഥ നിർമ്മിച്ചതെന്ന് ഊഹിക്കാവുന്നതാണ്. കവി തന്റെ ഇഷ്ടദേവതമാരായി കിള്ളിക്കുറുശ്ശിമംഗലത്തെ ശിവനേയും തകഴിയിലെ ശാസ്താവിനേയും മാത്തൂർ ഭഗവതിയേയും അമ്പലപ്പുഴെ പാർത്ഥസാരഥിയേയും വന്ദിച്ചിട്ടുള്ളതിൽനിന്ന് അദ്ദേഹത്തിന്ന് ആ ക്ഷേത്രങ്ങളുമായുള്ള സംബന്ധം ഊഹ്യമാകുന്നു.

Digitized By Kerala Sahitya Akademi

നമ്പ്യാരുടേ ജീവചരിത്രം സാഹിത്യപഞ്ചാനനനായിരുന്ന പി. കെ. നാരായണപ്പിള്ള വിശദമായി എഴുതീട്ടുള്ളതുകൊണ്ടു് അതിനെപ്പററി അധികം വിസ്തരിക്കുന്നില്ല.

നമ്പ്യാർക്കു വിമർശകന്മാരെക്കൊണ്ടുള്ള ശല്യം കലശലായുണ്ടായിരുന്നുവെന്നു് അദ്ദേഹത്തിന്റെ മററു തുള്ളൽക്കഥകളിൽ നിന്നെന്നപോലെ ഘോഷയാത്രയിൽനിന്നും മനസ്സിലാകുന്നുണ്ടു്.

"ദൂഷണവാക്കുകൾ ചൊല്ലുകയത്രേ
ഭൂഷണമെന്നു നടിച്ചു നടക്കും
ദോഷന്മാർ പലരുണ്ടതിനാലി-
ന്നു് ഭാഷാകവിത മഹാവൈഷമ്യം"

എന്നു് ഈ ഗ്രന്ഥത്തിന്റെ ആരംഭത്തിൽ പറഞ്ഞിട്ടുള്ളതു നോക്കുക.

കുഞ്ചൻനമ്പ്യാരുടെ കവിതയ്ക്കുള്ള പ്രധാന ഗുണങ്ങൾ ശബ്ദാർത്ഥങ്ങളുടെ സാരള്യം, അനുപ്രാസം തുടങ്ങിയുള്ള ശബ്ദാലങ്കാരങ്ങളുടെ ബാഹുല്യം, ഉപമ ഉൽപ്രേക്ഷ മുതലായ അർത്ഥാലങ്കാരങ്ങൾക്കുള്ള തിളക്കം, യാതൊരു വളവും പിരിവും കൂടാതെയും ഹൃദയത്തിൽ സ്പർശിക്കുന്നവിധത്തിലും ആശയങ്ങളെ പ്രകാശിപ്പിക്കുന്നതിനുള്ള നൈപുണ്യം, ശ്രോതാക്കളെ മതിമറന്നു ചിരിപ്പിക്കുന്ന ഫലിതം എന്നിവയാകുന്നു. ഈ വക ഗുണങ്ങളിൽ നമ്പ്യാരോടു കിടപിടിക്കത്തക്ക കവികൾ കേരളത്തിൽ വേറെ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണു്. ഈ ഗുണങ്ങൾക്കുള്ള ഉദാഹരണങ്ങൾ ഘോഷയാത്രയിൽനിന്നും യഥാസംഭവം ഊഹിച്ചുകൊൾവാൻ വായനക്കാർക്കു വിട്ടുകൊടുത്തുകൊണ്ടു് സംക്ഷിപ്തമായ ഈ അവതാരികയെ ഇവിടെ ഉപസംഹരിച്ചുകൊള്ളുന്നു.

കെ. വി. എം.

Digitized By Kerala Sahitya Akademi

# ഘോഷയാത്ര

അണിമതികലയുംസുരവാഹിനിയും
ഫണിപതിഫണഗണമണികളുമണിയും
ഗുണഗണമേറിനപൂരിചിടയുടയോൻ
പ്രണതശിവങ്കരനഗജാരമണൻ
കരിണീവടിവുചമഞ്ഞുവിളങ്ങിന
തരുണീമണിയാംഗിരിസുതയാ സഹ
കരിവരവേഷംപൂണ്ടൊരുദിവസം
കരിഹരിശരഭവരാഹമഹാമൃഗ-
പരിവൃതമാകിനവിപിനംതന്നിൽ
പരിചൊടുവിഹരിച്ചീടിനസമയേ
പെരുകിനമട്ടുമലർവാസനകൊണ്ടും
സുരഭിമലയപവനാഗതികൊണ്ടും
പരിസരമിളദളിഝംകൃതികൊണ്ടും
പരഭൃതപഞ്ചമരാഗംകൊണ്ടും
പരിണതശശധരകിരണംകൊണ്ടും
സരളബകുളമുകുളാവലികൊണ്ടും
സരസിജശരശരനികരംകൊണ്ടും
സരസികുമുദവനധൂളികൾകൊണ്ടും
പരവശമാനസരാമവരുടനേ
പരിചൊടണഞ്ഞുപുണന്നൊരുനേരം

Digitized By Kerala Sahitya Akademi

തരസാവന്നുപിറന്നുവിളങ്ങും
തരുണദിവാകരകോടിസമാനൻ
കരിമുഖമാകിനപരദൈവതമേ!
വരമരുളീടുക വന്ദിക്കുന്നേൻ. 24

കല്യാണവാരിരാശി കല്ലോലജാലംപോലെ
നല്ലൊരുതിരുമിഴി വില്ലാട്ടംകൊണ്ടുമമ
കല്യാണമരുളുക കല്യാണിവാണീദേവി
ഫുല്ലാരവിന്ദരുചി വെല്ലുന്നഭംഗിയുള്ള
സല്ലോചനങ്ങളുടെ തെല്ലോടിടകലരും
മല്ലായുധൻെറപട വില്ലോടുതുലിതമാം
ചില്ലീമയകനക വല്ലീവിലാസംകൊണ്ടു-
മുല്ലാസഗുണമളുവില്ലാതെവിലസുന്ന
സല്ലാപമധുരസ സല്ലാളനകൾകൊണ്ടു
മെല്ലാനേരവുമെന്നെ കല്യാണി!കാത്തരുൾക.
കല്യേ! ഭഗവതി! നീ യല്ലാതിനിക്കുഗതി-
യില്ലാമമ മാനസി വല്ലായ്മവന്നീടുന്ന-
തെല്ലാമകററിപ്രതി മല്ലന്മാരുടെമദ-
മെല്ലാംകറപ്പതിനു നല്ലൊരുവചനകൌ-
ശല്യംതരിക മമ ശല്യങ്ങൾതീർത്തരുൾക
മല്ലാധിവാസജായേ മല്ലാക്ഷിസരസ്വതി
ചൊല്ലേറുമൊരുകഥ ചൊല്ലേണമെന്നുരുചി
തെല്ലുണ്ടെനിക്കുചെററു കില്ലുണ്ടതിനുപിന്നെ
നല്ലോരമൃതരസ കല്ലോലജാലങ്ങൾക്കു
തുല്യങ്ങളാം കവികൾ ചൊല്ലുംജനങ്ങളുടെ
ചൊല്ലുകൾകേൾക്കതന്നെ നല്ലനമുക്കതിനു

Digitized By Kerala Sahitya Akademi

തുല്യംകവിത്വാഗുണ മില്ലെന്നറിഞ്ഞീടേണം
വല്ലാത്തകവിതകൾ ചൊല്ലുന്നവനെക്കാട്ടിൽ
ചൊല്ലാതിരിക്കുന്നവൻ നല്ലു നിരൂപിച്ചാല-
തല്ലാതെദുസ്സാമർത്ഥ്യ മെല്ലാംതുടങ്ങുന്നേരം-
മെല്ലാൎക്കുംപരിഹാസ മല്ലാതെവരികില്ല;
ഒല്ലാത്തവാക്കുവന്നു ചൊല്ലുന്നപുരുഷനെ
കൊല്ലാതെകൊല്ലുമുട നല്ലോമഹാജനങ്ങൾ;
വല്ലാത്തദുഷിവാക്കു തെല്ലുംസഹിച്ചുകൂടാ
തല്ലുകൊണ്ടെന്നാലതു തെല്ലുദിവസമങ്ങു
ചെല്ലുമ്പോൾവേദനക ളെല്ലാംശമിച്ചുപോകും.
വല്ലാത്തവാക്കു ഹൃദി ശല്യംതറച്ചുപോലെ
അല്ലൽവരുത്തുമതിനില്ലങ്ങവസാനമ-
തെല്ലാംവിചാരിക്കുമ്പോൾചൊല്ലാനുമെളുതല്ല
നല്ലഗുരുകടാക്ഷമല്ലാതൊരുശരണ-
മില്ലാമനുഷ്യൎക്കു ചൊല്ലാമൊട്ടുക്കമിനി.
ധരണീസുരകുലമകുടമഹാമണി
ഗുരുനാഥൻമമവരമരുളേണം
ധരണിസുരപ്രഭുചെമ്പകനാടാ-
മരവിന്ദാകരദിനകരനരശൻ
ധരണീധരനുടെ ചരണാംബുജയുഗ-
ശരണീകൃതനിജകരണീയൻഗുരു-
കരുണാമൃതരസവരുണാലയനതി-
തരുണാമിതരുചിപരിണാഹംകൊ-
ണ്ടരുണാമലനവകിരണാവലിയുടെ
പരിണാമമായിതതരുണാകാരൻ;

Digitized By Kerala Sahitya Akademi

അരുണാംഗുലിനഖചരണാംഭോരുഹ-
നരുണാപാംഗസ്ഫുരണാനന്ദൻ
ഹരിണാ കനകവിതരണാദിഷു സുര-
തരുണാ നീതിഷു ഗുരുണാ ധൈര്യേ
ഗിരിണാസമഗുണനരുണാ, സുമധുര-
തരുണീമാനസഹരണോചിതനിജ-
കരുണോന്നതഗുണഭരണോദാരവി-
ഹരണോദാത്തൻ, സുരണോദഗ്രൻ
ചരണോന്മുഖജനശരണോന്നിദ്രൻ
ധരണീപാലനശീലൻനരപതി-
ചരണംപരിചൊടുവന്ദിക്കുന്നേൻ
വരണംമമഗതിപരിണാമസുഖം. 82

ശ്ലോകം.

ഗോഷ്ഠീ സാ വിരളാ ന യത്ര ഘടതേ
സത്താ പുരോഭാഗിനാം,
നാരീ സാ ഖലു ദുർല്ലഭാ ന കുസൃതി-
ശ്ലിഷ്ടം യദീയം മനഃ,
ഉന്ത്രാപഞ്ച തദംബു തീരജരജോ-
രാജിന്ന യദ്ദൂഷയേൽ,
ദുസ്സാധഞ്ച സുഖം തദാവിലയതേ
ദുഃഖാനുവൃത്തിന്ന യൽ.

ഇതിനുടെപൊരുളുപറഞ്ഞീടാമത്തു
മതിമാന്മാരറിയേണമിദാനീം;
അതിയായുള്ള ഗുണങ്ങൾവരുമ്പോ-

ളതിലൊരുദോഷമകപ്പെട്ടമല്ലോ;
മുററുംനല്ലമഹാജനമെല്ലാം
ചുററുംവന്നാനിറഞ്ഞസഭായാം
കുററംനോക്കിപ്പറവാൻവലിയൊരു
കുററികണക്കിനെനിൽക്കുംചിലരിഹ
ദോഷഗ്രാഹികളില്ലാത്തുള്ളൊരു
ദോഷജ്ഞന്മാരുടെസഭ തുച്ഛം;
വേഷമനോഹരിയാകിയപെണ്ണിനു
ദൂഷണമൊന്നുണ്ടതുമുരചെയ്യാം;
പല്ലവമെന്നതുപോലെദേഹം
പല്ലുംചുണ്ടുമതെത്രമനോജ്ഞം!
നല്ലകടാക്ഷംനല്ലൊരുഭാവം
സല്ലാപങ്ങളുമാനന്ദകരം
എല്ലാമിങ്ങനെമംഗലമെങ്കിലു
മല്ലാത്തുണ്ടൊരുദോഷമവൾക്കും
കല്ലുകണക്കെകഠിനംഹൃദയമ—
തല്ലാത്തുള്ളവൾദുർല്ലഭമല്ലോ;
ചാരുതയുള്ളൊരുസലിലത്തിന്നൊരു
നീരസമുണ്ടതുബോധിക്കേണം.
തീരത്തുള്ളൊരുപൊടിപടലംബത
ചേരുന്നേരമതൊന്നുകലങ്ങും.
എന്നതുപോലെനല്ലസുഖത്തിനു—
മൊന്നുവിരുദ്ധംദുഃഖാഗമനം;
അന്നന്നോരോദുഃഖാനുഭവം
വന്നിടകൂടാത്തുള്ളസുഖംബഹു—

Digitized By Kerala Sahitya Akademi

ദുഗ്ദ്ധമെന്നുധരിച്ചീടേണം
നല്ലബുധന്മാരഖിലമിദാനീം
ചൊല്ലിയപദ്യത്തിന്റെപൊരുളിതു
വല്ലഭമോടുഗ്രഹിച്ചീടേണം;
ദൂഷണവാക്കുകൾചൊല്ലുകയത്രേ
ഭൂഷണമെന്നുനടിച്ചുനടക്കും
ഭോഷന്മാർപലരുണ്ടതിനാലി–
ബ്ഭാഷാകവിതമഹാവൈഷമ്യം. 118

ശുകപുരമമരുംപരമശിവൻമമ–
സുകവിതവരുവാൻവരമരുളേണം;
തകഴിയിലമരുംഹരിഹരസുതനും
സകലഗുണങ്ങൾനമുക്കുതരേണം;
നഗവരനന്ദിനിമാത്തൂരമരും
ഭഗവതിസതതംകാത്തരുളേണം;
വിഗതകളങ്കംകവികളുരപ്പാൻ
മികവുനമുക്കുലഭിപ്പിക്കേണം;
അംബരതടിനീവിലയനിലീനമൊ–
രംബുജനയനംനയനാനന്ദം
കംബുകരാപരിശോഭിതമാകിന
ബിംബമെനിക്കവലംബനമേകം. 130

ഉലകുജയിച്ചുജയശ്രീകൾക്കൊരു
കുലഗൃഹമാകിനകുവലയനയനൻ,
ഉലകുടെപെരുമാളവനീപതികുല–
തിലകമതാകിനമന്നരിൽമന്നൻ,
വലരിപുസന്നിഭനംബുധികാഞ്ചീ–

Digitized By Kerala Sahitya Akademi

വലയിതമാകിനവസുധാചക്രം
കലബലധനജനപൌരുഷശാലീ
നലമേവാണവസിക്കുംകാലം,
പാരിൽദ്ദിവ്യവിഭൂതിപെരുത്തു
ദാരിദ്ര്യംബത കേൾപ്പാനില്ലാ;
ചാരുസ്ത്രീകുലപാലികമാരുടെ
ചാരിത്രത്തിനുഭംഗവുമില്ലാ;
ദുർമ്മദമില്ലാദൂഷണമില്ലാ
ദുർമ്മുഖമുള്ള ജനങ്ങളുമില്ലാ;
കല്മഷമില്ലാകശ്മലരില്ലാ
കർമ്മങ്ങൾക്കൊരുബാധകളില്ലാ;
വഞ്ചനമില്ലാവൈരമതില്ലാ
വാഞ്ഛിതമൊന്നുവരായ്കയുമില്ലാ;
ചഞ്ചലമില്ലാചാപലമില്ലാ
ചഞ്ചലമിഴിമാർക്കല്ലലുമില്ലാ;
നിന്ദകളില്ലാനിഷ്ഠുരമില്ലാ
നിന്നാനിലയ്ക്കാരിളക്കവുമില്ലാ;
മന്ദതയില്ലാ മത്സരമില്ലാ
മന്ദിരഭൂതിവിനാശമതില്ലാ;
ഭീഷണിയില്ലാ ഭീതിയുമില്ലാ
ഭീഷണഭാഷണഘോഷണമില്ലാ;
ഏഷണിയില്ലാ എതിർപടയില്ലാ
ഏഷണദോഷവിശേഷമതില്ലാ;
മോഷണമില്ലാ മോഹവുമില്ലാ
മോഷ്ടാവെന്നൊരുനാമവുമില്ലാ;

Digitized By Kerala Sahitya Akademi

കുണ്ഠിതമില്ലാ കുടിലതയില്ലാ
കുണ്ഠലജ്ജാബലഭടജനമില്ലാ;
ശണ്ഠകളില്ലാ ശഠതകളില്ലാ
ചണ്ഡികളാകിന മാനുഷരില്ലാ;
സങ്കടമില്ലാ സംഭ്രമമില്ലാ
സംഘവിരോധമൊരുത്തനുമില്ലാ;
സങ്കരമില്ലാ സാഹസമില്ലാ
സംഗരഭീതിപരാഭവമില്ലാ;
വ്യാകുലമില്ലാവ്യാധികളില്ലാ
വ്യാകരണംപഠിയാത്തവരില്ലാ;
ലാഘവമില്ലാലാലസയില്ലാ
രാഘവസേവകരല്ലാതില്ലാ;
വിഷഭയമില്ലാവിഷമമതില്ലാ
വിഷയഭ്രാന്തുപിടിച്ചവരില്ലാ;
പിഴകളുമില്ലാ പീഡകളില്ലാ
പിഴകിട്ടേപ്പായജ്ഞനങ്ങളുമില്ലാ;
കണ്ടകനില്ലാ കശ്മലനില്ലാ
കണ്ടാലഴകില്ലാത്തവനില്ലാ;
കാതരനില്ലാ കപടമതില്ലാ
കാതരമിഴിമാൎക്കൊരുവിനയില്ലാ.
ധൎമ്മപ്പെരുമാൾപണ്ടുനടന്നൊരു
ധൎമ്മത്തിന്നൊരുപിഴകൂടാതെ
തന്മകനതിലൊരുപത്തുമടങ്ങുസു-
ധൎമ്മസമൃദ്ധിവരുത്തിവസിച്ചാൻ.
നെല്ലുംപണവുംപാത്രങ്ങളുമിവ...

Digitized By Kerala Sahitya Akademi

യെല്ലാമനവധിവൎദ്ധിച്ചതിനാൽ
ല്ലങ്ങളിലൊരുദിക്കുമൊഴിഞ്ഞി-
ട്ടില്ലെന്നായിതുവിപ്രന്മാൎക്കും.
വിത്തുംനെല്ലുംവാരിക്കോരി-
പ്പുരത്തായങ്ങൾനിറച്ചൊരുശേഷം
പത്തായിരമിനിയുണ്ടതിനാലാ-
പത്തായെന്നു ഗൃഹസ്ഥനഭാവം.
പെരുവഴിപോക്കൎക്കഷ്ടികൊടുപ്പാ-
നൊരുവനുമില്ലൊരുദുൎമ്മുഖലേശം
ഒരുനാഴികപുലരുന്നതിൽമുമ്പേ
അരിയുംകറിയുംവെച്ചുളവാക്കി
പെരുവഴിപോക്കർവരാഞ്ഞിട്ടവരുടെ
പെരുവഴിനോക്കിയിരിക്കുംസരസൻ.
അരമനതന്നിൽവരുംപഥികന്മാ-
ൎക്കൊരുവൈഷമ്യമൊരിക്കലുമില്ലാ
നിരുപിക്കുമ്പോൾകൊററുകഴിക്കാ-
മൊരുകറിയല്ലതുരായുംപകലും.
കുറിയരിവെച്ചുവെളുത്തൊരുചോറും
കറികളുമാജ്യംദധിയുംകൂട്ടി
നിറയെക്കൊററുകഴിക്കുംപരിഷകൾ
കുറയല്ലൻപതുലക്ഷംദിനവും;
പട്ടന്മാൎക്കിഹചോറുകൊടുപ്പാ-
നൊട്ടല്ലാദരമുലകുടെമന്നൻ
വട്ടംപലവകപച്ചടികിച്ചടി
ചട്ടററീടിനചാറുപരിപ്പും

Digitized By Kerala Sahitya Akademi

വണ്ണൻപഴവുംപപ്പടവുംപല
കണ്ണൻപഴവുംകറികളുനാലും
തിണ്ണംദധിമധുപാലുംഗുളവുമി–
വണ്ണംപ്രാതലിനുള്ളൊരുഘോഷം.
അത്താഴത്തിനുകാച്ചിയമോരും
പുത്തൻമാങ്ങാ നാരങ്ങാക്കറി
മത്തങ്ങാക്കറിമററവുംപലവക
നിത്യവുമിങ്ങനെഭോജനദാനം.
കൂത്തുണ്ടൊരുദിശി പാട്ടുണ്ടൊരുദിശി
ഓത്തുണ്ടൊരുദിശി കീർത്തനമൊരുദിശി
ആട്ടമൊരേടത്തഭ്യാസികളുടെ
ചാട്ടമൊരേടത്തായുധവിദ്യ
കൊട്ടുംകോലടിചെപ്പടിതപ്പടി
തട്ടമ്മേൽക്കളിതകിലുംമുരശും
നാടകനടനംനമ്മവിനോദം
പാഠകപാഠനംപാവക്കൂത്തും
മാടണിമുലമാർമോഹിനിയാട്ടം
പാടവമേറിനപലപലമേളം
ചന്തംതടവിനചതുരംഗങ്ങളു–
മന്തരഹീനംപകിടക്കളിയും
പന്തടിവീണാവേണുമൃദംഗം
ചിന്തുംപേരണിപോരണിവിധവും.
അന്തണവരരുടെശാസ്ത്രവിചാരം
ഗ്രന്ഥികളുടെപടുമത്സരവാദം
സന്ധിതുടങ്ങിനനയശാസ്ത്രങ്ങളു–

Digitized By Kerala Sahitya Akademi

മെന്നിതുമൊന്നാലില്ലവസാനം.
ദന്തികളനവധികാലാളുകളും
പന്തിനിറഞ്ഞൊരുകുതിരപ്പടയും
ലന്തത്തോക്കുപറങ്കിത്തോക്കുകൾ
കുന്തംചവളംവില്ലുംശരവും
ആയുധവാഹനവിഭവംപറവാ–
നായിരമാനനമുള്ളവനുംപണി.
മായവിതന്നുടെമകനാംമന്നവ–
നായതനയനൻവാണൊരുകാലം
നായന്മാരുടെവീടുകൾതോറും
മായാഭഗവതിവിളയാടുന്നു.
കായസ്ഥന്മാരച്ഛന്മാൎക്കൊരു
കായക്ലേശവുമില്ലക്കാലം.
അഞ്ചുപറയ്ക്കുള്ളൊരുകണ്ടത്തിൽ
പുഞ്ചവിതച്ചുവിള ഞ്ഞതുകൊയ്താൽ
അഞ്ചുജനത്തിനുചെലവുകഴിക്കാ–
മഞ്ചുമൊരേഴുംമാസംമുഴുവൻ
തഞ്ചിലവുകളുംവിത്തുംകൂലിയു–
മഞ്ചാതേകണ്ടങ്ങുകഴിച്ചാൽ
അഞ്ചോപത്തോവാശ്ശുകൊടുപ്പാൻ
വാഞ്ഛിച്ചാലതുമതിലുണ്ടാകും.
കണ്ടങ്ങളിലുഴവെന്നതുകൂടാ–
തുണ്ടാമനവധിനെല്ലതുകാലം
കണ്ടങ്ങളിലുളവാംവിളവളവേ
കണ്ടവരില്ലകൃഷിക്കാരന്മാർ;

Digitized By Kerala Sahitya Akademi

പ്രജകളെരക്ഷിപ്പാൻവിരുതുള്ളോ-
രെജമാനന്മാരതിസരസന്മാർ
ദ്വിജവരഭക്തിയുമെത്രവിശേഷം
വിജയസമൎത്ഥന്മാരവരെല്ലാം
നാരികളോടുവിചാരിച്ചിട്ടൊരു
കാൎയ്യക്ലേശവുമന്നില്ലേതും
നേരല്ലാതൊരുസംസാരങ്ങളി-
ലാരംഭങ്ങളുമില്ലക്കാലം.
അപരാധികളോടൎത്ഥംവാങ്ങി-
ട്ടപരാധത്തെമറയ്ക്കയുമില്ലാ
ഉപകാരംചെയ്തവരെത്തന്നേ
കൃപകൂടാതെചതിക്കയുമില്ലാ;
ദൂഷണമുള്ളതുധനവാനെങ്കിൽ
ഭൂഷണമെന്നൊരുഭാവവുമില്ലാ
ഏഷണികേട്ടിട്ടെജമാനൻചില
ഭീഷണികാട്ടുകയില്ലതുകാലം.
ജാതിക്കൎഹതയില്ലാതുള്ളതു
ചെയ്യീടുന്നജനങ്ങളുമില്ലാ
കോട്ടക്കച്ചമണപ്പാടൻവക
കാട്ടാറൻപലതുപ്പട്ടികളും
കട്ടിക്കവണികൾപട്ടുതരങ്ങളു-
മെട്ടുമുളംപലസോമൻമുറിയും
കെട്ടിക്കാച്ചിയമുണ്ടുകളെന്നിവ
കെട്ടിയെടുക്കുംപട്ടന്മാർചിലർ
നാട്ടിൽനടന്നൊരുവാണിഭമെന്നതു

Digitized By Kerala Sahitya Akademi

കേട്ടിട്ടില്ലക്കാലത്തിങ്കൽ.
ഏഴവെളുപ്പിന്നേററുകുളിച്ചെന്നു
പാഴ്വരാതെകഴിക്കുംനിയമം
താഴ്കയില്ലൊരുദിക്കിലുമെന്നാ-
ലൂഴിയിലുള്ള മഹാവിപ്രന്മാർ.

ഉലകിനിവണ്ണംപൊലിമവരുത്തി-
ക്കുലബലഭൂഷണമൂലകടെപെരുമാൾ
പലപലമന്ത്രികളോടിടകൂടി-
പ്പുലസുഖസുമുഖംവാണരുളുന്നാൾ
ഒരുദിനമരശൻനരവരസഭയിൽ
പരിചൊടുമണിസിംഹാസനമേറി
പരിണതരാകിനമന്ത്രികളോടൊ-
ന്നരുളിച്ചെയ്താനമിതോത്സാഹൻ.
"മധുരയിൽമന്നവനെന്നൊടുചെയ്തൊരു
മതികപടങ്ങളശേഷമിദാനീം
മതിമാന്മാരാംമന്ത്രിവരന്മാർ
മതിയിൽമറന്നിഹമരുവീടുകയോ?
മതിയാകില്ലവനെക്കൊലചെയ്വാ-
നിതിലൊരുപുരുഷനമെന്നൊരുമതമോ?
മതിമതിയെന്തിനനർത്ഥമിതെന്നൊരു
മതിമാന്ദ്യേനവസിച്ചീടുകയോ ?
അതിനുതുടന്നാൽചെലവിടുവാൻഞാൻ
മതിയല്ലെന്നൊരുദുർബ്ബോധംകൊ-
ണ്ടതിയായിട്ടൊരുസന്നാഹത്തിനു
മതിമാന്മാരുമടിച്ചീടുകയോ?

Digitized By Kerala Sahitya Akademi

മാതുലരെവരെവെട്ടിക്കൊന്നൊരു
പാതകിയാമവനവനിവെടിഞ്ഞ–
പ്രേതപുരത്തിലിരിക്കണമിന്നതി–
നേതുമെനിക്കൊരുസംശയമില്ലാ.
ക്ഷോണീപതിയെന്നിങ്ങനെയുള്ളൊരു
നാണിയമിങ്ങുനശിച്ചുതുടങ്ങീ.
നാണംകെട്ടൊരുകോണിലിരിപ്പാ–
നാണുങ്ങൾക്കുള്ളുഗ്ഗുണമാസ്സരുമോ?
ഊണുമുറക്കവുമെന്യേയൊരുതൊഴിൽ
കാണുന്നീലിഹയജമാനന്മാ–
ർക്കേണവിലോചനമാരേപ്പോലെ
വാണാൽമതിയോമതിമാന്മാരേ!
ഊണുകഴിപ്പാനടവിയിലുടനേ
ന്നൂണുനടക്കുംക്രോഷ്ടാവുംമതി.
ആണുങ്ങൾക്കുപിറന്നവനീവിധ–
മൂണുകളൊന്നുമൊരൂണായീലാ
ക്ഷീണമകന്നുടനരിഭടപടയെ–
ബ്ബാണംകൊണ്ടുതകർത്തങ്ങവരുടെ
ശോണിതശോണമതാകിനദേഹം
ക്ഷോണിയിലിട്ടുപിരട്ടിശ്വാവിനൊ–
രൂണിനുനൽകിസ്വാമിയെവന്നഥ
താണുവണങ്ങിത്തരസാകിട്ടുമൊ–
രോണപ്പുടകയുടുത്തുടനുളവാ–
മൂണത്രേപുനരൂണെന്നറിവിൻ."
ഇത്ഥംനൃപന്റെവാക്കുകൾകേട്ടതി–

Digitized By Kerala Sahitya Akademi

വൃദ്ധനതാതിനമന്ത്രിപ്രവരന്
സത്വരമെഴുന്നേററടിമലർക്കൂപ്പീ–
ട്ടുത്തരമിത്തരമൊന്നറിയിച്ചാൻ:—
"അരുളിച്ചെയ്തതുസത്യമിതൊന്നും
നിരുപിക്കായ്കയുമല്ലടിയങ്ങൾ,
കുരുസുതരാകിയന്ത്ററവരെപ്പോ–
ലരുതൊരുസാഹസമെന്നൊരുപക്ഷം
നരപതിധർമ്മജനനുജന്മാരും
പരിചൊടുവിപിനേവാഴുങ്കാലം
ഉരഗധ്വജനുംസഹജന്മാരും
തരസാതങ്ങടെവിഭവംകാട്ടാൻ
പെരുകിനപടയുംകുടയുംതഴയും
കരിതുരഗങ്ങളുമെന്നൊരുഘോഷം
നിരുപമപൌരുഷമവിടെച്ചെന്നാർ
നിരുപിക്കാതൊരുനാണക്കേടഥ
വിരവൊടുകിട്ടിത്തലയുംതാഴ്ത്തി–
പ്പുരിപുക്കാനതുകേട്ടിട്ടില്ലേ?"
അരുളിച്ചെയ്താനലകടെപെരുമാൾ
"അതുമാത്രംഞാൻകേട്ടിട്ടില്ലാ.
പെരുകിനകൌതുകമുണ്ടതുകേൾപ്പാൻ
പരിചൊടുതൽക്കഥകഥനംചെയ്ക"
അരുളപ്പാടതുകേട്ടൊരുസചിവൻ
കരതളിർക്കൂപ്പിക്കഥനംചെയ്താൻ:— 358
എങ്കിലൊരുന്നാളുരഗധ്വജനും
ഹുംകൃതിയേറിനശകുനിയുമുടനേ

Digitized By Kerala Sahitya Akademi

പങ്കജലോചനപാദാംബുജമധു–
ഭൃംഗമതാകിനധർമ്മാത്മജനെ
കള്ളച്ചൂതുകൾകൊണ്ടുചതിച്ചു–
ക്കള്ളന്മാർകടനടവിയിലാക്കി
വെള്ളക്കുടയുംപടയുംരാജ്യവു–
മുള്ളപദാർത്ഥമശേഷമടക്കി
ഉള്ളുനടിച്ചുതടിച്ചുമദംകൊ–
ണ്ടുള്ളുനിറഞ്ഞുകവിഞ്ഞീടുംമല–
വെള്ളത്തിരപോലിരവുംപകലും
തള്ളിയലസ്സംപരിതോഷത്താ–
ലുള്ളത്തിൽപ്പുനരുത്തമപുരുഷരി–
ലെള്ളോളംബഹുമാനംകൂടാ–
തുള്ളശഠന്മാരോടിടകൂടി–
ത്തള്ളലിയന്നുവസിക്കുംകാലം
ധർമ്മതനൂജനമനുജന്മാരും
പെൺമണിയാളാംദ്രൌപദിതാനും
നിർമ്മലരാകിനവിപ്രന്മാരും
ശർമ്മദമാകിനധർമ്മാരണ്യെ
നിർമ്മലതീർത്ഥജലങ്ങളുമാടി–
ധാർമ്മികരാകിനതാപസവരരുടെ
സമ്മാനത്തെലഭിച്ചുലഭിച്ചും
കിർമ്മീരാസുരനിധനാനന്തര–
മന്തരിതാഖിലചിന്താഭാരം
സന്തോഷാംബുധിവൻതിരനീന്തി–
ശ്ശാന്തന്മാരവരന്തണരോടേ

Digitized By Kerala Sahitya Akademi

ഹന്തസുഖിച്ചുനിതാന്തമനോഹര-
കാന്താരേ നിജകാന്താസഹിതം
ക്ലാന്തിവെടിഞ്ഞതികാന്തിയുതന്മാ-
രന്തസ്സുഖമൊടുചെന്താർമകളുടെ
കാന്തൻ തന്നുടെകാന്തം തിരുവുടൽ
ചിന്തിച്ചധിഗതസന്തതമോദമ-
നന്തരന്തനിരന്തരമാംഭവ-
സിന്ധുതരംഗനിബന്ധനമൻപൊടു
സന്തരണംചെയ്തുവിടെവസിച്ചാർ. 394

അക്കാലംദുര്യോധനൻചൊല്ലുകൊണ്ടനുജന്മാരും
അൎക്കാത്മജൻകൎണ്ണനുംധികാരിശകുനിയും
ഉൾക്കാമ്പിലുള്ളവൈരമൊക്കെപ്രകാശിപ്പിച്ചു
തക്കത്തിലൊരുദിക്കിലൊക്കെത്തികഞ്ഞുകൂടി
പൊക്കത്തിലുള്ളപുരിപുക്കാശുചെന്നിരുന്നു
സൽക്കാരങ്ങളുംചെയ്തു സൽകൌതുകവുംപൂണ്ടു
നില്ക്കുന്നകൎണ്ണനുടെ കൈക്കുപിടിച്ചുമെല്ലെ
ചിക്കെന്നുപലപല വാക്കുകളുരചെയ്തു.
വെക്കെന്നുസുയോധനൻ "ഇക്കണ്ടനമുക്കെല്ലാ-
മിക്കാലംനിരൂപിച്ചതൊക്കെസ്സഫലമായി;
ഭോഷ്കല്ലബോധിക്കേണംഓൎക്കുമ്പോളിപ്രയോഗം
ആൎക്കുംവരുന്നതല്ല; പാൎക്കാതവരെക്കാട്ടി-
ലാക്കാനുള്ളപദേശമാൎക്കുംമാതുലനല്ലാ-
താൎക്കാനുംസാധിക്കുമോ?
ഊക്കുള്ളഭീമസേനൻ തോല്ക്കുമെന്നിത്രനാളും
ആൎക്കുംനിനവില്ലതും ഇക്കാലംസാധിച്ചല്ലോ. 410



Digitized By Kerala Sahitya Akademi

വണ്ണൻവാഴകണക്കതടിച്ചൊരു
പൊണ്ണൻമാരുതിമലയുടെമൂട്ടിൽ
കണ്ണുമയങ്ങിവിശന്നുതളന്നൊരു
മണ്ണിൽമലൎന്നുകിടന്നുഴലുന്നിതു
കണ്ണുകൾകൊണ്ടതുകണ്ടുരസിപ്പാൻ
കണ്ണാ! കൌതുകമിയലുന്നില്ലീ?
കണ്ണസുഖംപുനരവരുടെവാൎത്താ-
കൎണ്ണനമാത്രമതുംമതിതാനും
ഓട്ടന്മാരിലൊരുത്തനെവിരവൊടു
വിട്ടീടുകനാമെങ്കിലിദാനീം
കാട്ടിൽചെന്നവനവരുടെഗോഷ്ഠിക-
ളൊട്ടൊഴിയാതെഗ്രഹിച്ചുവരേണം;
കാട്ടിൽനടക്കുംകാട്ടുമൃഗത്തെ-
ക്കാട്ടിൽപരവശഭാവത്തോടെ
പട്ടിണിയിട്ടുനടക്കുന്നവരുടെ
ചട്ടമശേഷംകേട്ടുരസിക്കണ-
മൊട്ടുംതാമസമരുതരുതതിനിഹ
വട്ടംകൂട്ടുകവടിവൊടുകണ്ണാ!
കോട്ടമതില്ലാത്തോട്ടനെയുടന-
ക്കാട്ടിനുപോവാൻവിട്ടീടുകനീ.
നന്നായുകതിരിവുള്ളൊരുപുരുഷനെ-
യിന്നുനിയോഗിച്ചീടണമതിനായ്;
ഒന്നുംതിരിയാത്താളുകളങ്ങിഹ
മന്ദന്മാരവരെന്തിനുകൊള്ളാം?
തിന്നുമുടിപ്പാനല്ലാതവരാ-

Digitized By Kerala Sahitya Akademi

ലൊന്നുമെനിക്കൊരുലാഭമതില്ലാ,
ഒന്നിനയച്ചാലതുസാധിക്കി–
ല്ലെന്നല്ലമള്ളിയുമൊന്നുവരുത്തും,
തന്നത്താനറിയാത്തൊരുകൂട്ടം
വന്നുനിറഞ്ഞൂനമ്മുടെനാട്ടിൽ.
എന്നുടെമുതലുമുടിപ്പാനെപ്പൊഴു–
മെന്നുടെഭൃത്യന്മാർമുതിരുന്നു.
അഷ്ടികണക്കിനുകൂടാഞ്ഞാലവർ
കുട്ടിപ്പട്ടരെയേത്തമിടീക്കും,
പട്ടിണിയെന്നതുനമ്മുടെപിള്ളേ–
ർക്കൊട്ടുംതന്നെസഹിപ്പാൻമേലാ,
വെട്ടമെടുക്കുംമുമ്പേയഷ്ടികൾ
ഘട്ടിസ്സാദമെടുത്തുഭുജിക്കും
കട്ടത്തൈരുംകൂട്ടിയുരുട്ടിയ–
തൊട്ടല്ലത്തുമൊരുപഞ്ചപ്രസ്ഥം,
കൊററുകഴിച്ചൊരുതെക്കൻമുണ്ടും
ചുററിയുടുത്തൊരുതൊങ്കലുതൂക്കി
വെററിലതിന്നുമുഴപ്പിച്ചുംകൊ–
ണ്ടേററുതിരിക്കും രസികന്മാരായ്.
കററക്കുഴൽമണിമാരുടെവീടുകൾ
പററിപ്പകിടിപറഞ്ഞുരസിച്ചും
വെററപിടുങ്ങിത്തിന്നുടനവരുടെ
കററമുരച്ചുചിരിച്ചുതിരിച്ചും,
പകയുള്ളവരെപ്പിഴചെയ്യിച്ചൊരു
വകയുണ്ടാക്കുംപുകയിലകൊൾവാൻ

Digitized By Kerala Sahitya Akademi

പകലുംരാവുമഹങ്കാരത്തിനു
മികവുള്ളവരിവരെന്തൊരുകഷ്ടം!
തിരുവുള്ളക്കാരിവരെന്നോർത്തി–
ട്ടരിയാടുകയില്ലറിവുള്ളവരും;
തിരിയാത്തവരിവരൊരുവർക്കുംവഴി–
തിരിയാപെരിയജനത്തിനുപോലും;
മൂടിയന്മാരിവരാകൃതികണ്ടാൽ
തടിയന്മാരൊരുവേലയെടുപ്പാൻ
മടിയന്മാർപലജനമുണ്ടിഹകം–
കടിയന്മാരവരൊന്നിനുമാകാ.
ചോറുകൊടുക്കുംയജമാനങ്ങൾ
ക്കൂറുള്ളവരിഹപാരംകുറയും
മാറുകയില്ലപറഞ്ഞാലെന്നാ–
ല്ലേറുകയേവരുദിവസംതോറും,
ഏറുകൊടുപ്പാൻതോന്നുമെനിക്കി–
പ്പോറുകളുടെധിക്കാരംകണ്ടാൽ;
ന്നൂറുജനത്തിലൊരുത്തനുനേര–
ല്ലീറവരുന്നതുപെരുതോകഷ്ടാ!
തോണികടന്നാൽതുഴവേണ്ടെന്നൊരു
നാണിയമുണ്ടതുദോപ്പുല്ലേതും,
ഊണുകഴിച്ചുതിരിച്ചാലവരെ–
ക്കാണുകയില്ലൊരുദിക്കിൽപോലും,
കാണുകയില്ലെന്നല്ലതിരഞ്ഞാ–
ലേണാക്ഷികളുടെവീട്ടിൽക്കാണാം.
അത്താഴത്തിന്നിലവെയ്ക്കുമ്പോ–

Digitized By Kerala Sahitya Akademi

ളെത്താത്തവരുടെപിലകൊണ്ടീടാം;
ചത്താലുംവരുമഷ്ടിയടുത്താൽ
ഓർത്താലിങ്ങുവെറുപ്പാകുന്നു.
കൂറില്ലാത്തവരെങ്കിലുമിവരുടെ
ചോറുമുടക്കാൻമടിയാകുന്നു;
നീറുംക്ഷുത്തുവളർന്നീടുമ്പോൾ
ആരുംഭേദമതില്ലെന്നറിക.
ഈവിധമോരോന്നുരചെയ്യേന്നാൽ
കേവലമിതിനേനേരവുമുള്ളൂ.
ദൈവികമുള്ളോരുദ്ധതനെവിരവൊടു
പോവതിനാശുനിയോഗിച്ചാലും".
അതുകേട്ടൻപൊടുരാധാതനയൻ
മതിമാനാകമൊരോട്ടനെവിരവൊടു
ററിതമൊടുമെല്ലെവിളിച്ചുവരുത്തി
ക്ഷിതിപതിശാസനമൊന്നുരചെയ്താൻ.

ഓട്ടൻവചനമതു കേട്ടൻപൊടുസരസ-
നൊട്ടുംമടികൂടാതെ ഓട്ടംതുടങ്ങിയൊരു
കോട്ടംവരാതെചെന്നു കാട്ടിലങ്ങകംപുക്കു
കാട്ടുമൃഗങ്ങളുടെ കൂട്ടത്തെയവനേതും
കൂട്ടാക്കാതെകണ്ടോരോകാട്ടിൽതിരഞ്ഞുമല-
മൂട്ടിൽനടന്നുപലതോട്ടിൽചിലവലിയ
മേട്ടിൻമുകളിലോരോകാട്ടിൽമുനികളുടെ
കൂട്ടത്തെക്കണ്ടുകണ്ടങ്ങോട്ടുനേരംചെന്നപ്പോൾ
കേട്ടദ്വൈതകമെന്നകാട്ടിൽമരുവീടുന്ന
ശ്രേഷ്ഠന്മാരായുള്ള യുധിഷ്ഠിരാദികളെന്നു.

Digitized By Kerala Sahitya Akademi

ദ്വൈതേതരസുഖരസികന്മാരായ്
ദ്വൈതവനത്തിൽവസിച്ചരുളീടും
ശീതകിരണകുലതിലകന്മാരാം
ഭൂതലനൂതനചൂതശരന്മാർ
പാൎത്ഥന്മാരവരമിതാനന്ദകൃ-
താൎത്ഥന്മാരതിപാവനമാകിന
തീൎത്ഥസ്നാനംചെയ്തു സുഖിച്ചോര-
നൎത്ഥംകൂടാതിഹവിലസുന്നു.
വാൎത്തകളിങ്ങനെഗൂഢമറിഞ്ഞതി-
ധൂൎത്തനതാകിന കുരുസുതദൂതൻ
പാൎത്തിരിയാതെതിരിച്ചുനടന്നഥ
പാൎത്ഥിവനഗരംപുക്കാനുടനെ
കൎണ്ണാദികളൊടുകൂടിസ്സഭയിൽ
സ്വൎണ്ണാസനവരമേറിവസിക്കും
കൎണ്ണേജപനാം ധൃതരാഷ്ട്രജനുടെ
കൎണ്ണേചെന്നുപറഞ്ഞറിയിച്ചാൻ. 516

ആനന്ദഭൈരവി.—ചെമ്പട.

"കേട്ടാലും വീര! കേട്ടാലും! (പല്ലവി)
കേട്ടാലും ദുരിതശാന്തി
കേവലംനമുക്കുണ്ടാകും
ഗുരുകടാക്ഷപരമഭാഗ്യമുള്ളവ-
നൊരുദുരാധിവരികയില്ലമന്നവ! (കേട്ടാലും)
കൌന്തേയന്മാൎക്കു സന്തോഷം
കാന്താരേവസിക്കുമ്പോളും

Digitized By Kerala Sahitya Akademi

സന്താപമവൎക്കില്ലേതും
കനിവിയന്നമുനിജനങ്ങളോടവ-
രനിശമേവഘനശമേനചേൎന്നിതു (കേട്ടാലും)
ദ്വൈതകാരണ്യമേവുന്നു,
കൈതവങ്ങളവരോടു
ചെയ്തതേതുംഫലിച്ചീല
കരുണയുള്ളനരകവൈരിതന്നുടെ
ചരണമുണ്ടുശരണമിന്നവൎക്കിഹ (കേട്ടാലും)
തീൎത്ഥങ്ങൾതോറുംപാൎത്ഥന്മാർ
സാൎത്ഥമാക്കിനാലാംപുരു-
ഷാൎത്ഥമവരാത്തമോദം
സരസിജാക്ഷചരിതസാൎത്ഥകീൎത്തന-
വിരതമായിദ്ദുരിതമായതൊക്കവേ (കേട്ടാലും)
കാടുകൾതന്നേവീടുകൾ
തോടുകൾനദികൾനല്ല
കോടുകൾപലതുമുണ്ടു
അരിവിയാറുമരികെയുണ്ടുനല്ലൊരു
വരിയിൽവേണ്ടുമരിയുമുണ്ടുകൊററിനു (കേട്ടാ)
ജന്തുക്കളെല്ലാംബന്ധുക്കൾ
അന്തികമുച്ചകംവന്നൊ-
ക്ത്തൊഴംപ്രാതലുനൽകും
അടവിവാസമടവുനന്നനന്നൊരു
കടവുമില്ലതടവുമില്ലവൎക്കിഹ (കേട്ടാലും)
ഉത്സാഹംപൂണ്ടുമേവുന്നു
മത്സരംകൂടാതവൎക്കു

Digitized By Kerala Sahitya Akademi

വത്സരംപതിനൊന്നായി
വിരവിലിങ്ങുവരുവതിന്നുസംഗതി
വരുമവൎക്കരുതിവാണുകൊള്ളുക” (കേട്ടാ) 47

ഓട്ടൻവന്നുപറഞ്ഞൊരുവാക്കുകൾ
കേട്ടുകയൎത്തുരചെയ്തുസുയോധനൻ
“ഒട്ടുമകംപുറമില്ലാതുള്ളൊരു
യഷ്ടീ! നില്ലുനിനക്കെന്തറിയാം.
നിന്നോടവരുടെഗുണദോഷങ്ങളി–
ലൊന്നുംഞാനിഹചോദിച്ചീലാ.
ഒന്നിനയച്ചാലക്ഷരമാത്രം
വന്നുപറഞ്ഞീടുകിലതുപോരും
പോടാനിന്നുടെദുസ്സാമൎത്ഥ്യം
കൂടാനമ്മൊടുകുടിലകരോരാ!
പാടവമേറിനപാണ്ഡുസുതന്മാ–
രോടിടകൂടിനടന്നാലുംനീ;
നമ്മുടെചോർത്തിന്നൊരുദുഷ്ടന
നമ്മുടെവൈരികളിൽബ്ബഹുമാനം!
നമ്മുടെദോഷവുമവരുടെഗുണവും
വെണ്മയിലുരചെയ്തീടിനമൂഢാ!
കാട്ടിൽചെന്നുടനവരൊടുകൂടി–
ക്കായ്കനിതിന്നുകിടന്നാലുംനീ.
കൂട്ടക്കാരെക്കൂറില്ലാതൊരു–
ചേട്ടക്കാരനൊരിടയില്ലേതും
ചോറൊരിടത്തിൽകൂറൊരിടത്തിൽ
വേറതിരിച്ചുഗ്രഹിപ്പാറായി!

Digitized By Kerala Sahitya Akademi

ഏറിപ്പോം പറയുമ്പോളിക്കഴ–
വേറിക്കിട്ടതൊഴിപ്പാൻതോന്നാം.
മാററാരിൽകനിവേററമതുള്ളൊരു
കൂററാരേക്കാൾമാററാർനല്ല
ഉപ്പുപിടിച്ചപദാൎത്ഥത്തേക്കാ–
ളുപ്പിന്നപുളികറയുംപറയുമ്പോൾ.
ആപ്രിയമാസ്സുരമതുകൊണ്ടുംഭയ–
മിപ്പരിഷയ്ക്കുതരിമ്പില്ലറിവിൻ!
ഇക്കൂട്ടത്തിൽപ്പരിചയമുള്ളവ–
നക്കൂട്ടംചിതമെന്നിഹതോന്നും,
അക്കൂട്ടത്തിൽച്ചെന്നിടപെട്ടാ–
ലിക്കൂട്ടംചിതമെന്നുംതോന്നും.
ദുഷ്കൃതരുള്ള മഹാപാപികൾവ–
ന്നിക്കൂട്ടത്തിൽനിറഞ്ഞുകഴിഞ്ഞു;
ഭോഷ്ക്കല്ലൊരുവനൊവിശ്വാസംപുന–
രിക്കാലത്തുനമുക്കില്ലേതും
ഇജ്ജനമൊന്നിനിറങ്ങുന്നേരം
ദുൎജ്ജനമതിനൊരുദൂഷണമൊത്തും.
സജ്ജനമെന്നുപാരംകുറയും
വക്രമനസ്സുകളേറെസ്സഭയിൽ.
ഇത്തുകൊള്ളാമെന്നൊരുവന്റപക്ഷം
അതുകൊള്ളാമെന്നപരന്റപക്ഷം
ഇതുരണ്ടുംചിതമല്ലെന്നാംചില
മതമുണ്ടാസ്സുരമങ്ങനെയുള്ള;
കള്ളച്ചൂതുകൾമാതുലനണ്ടെ–

Digitized By Kerala Sahitya Akademi

ന്നുള്ളതുഞാനോകേട്ടിട്ടില്ല.
കള്ളന്മാരുടെവാർത്തകളെല്ലാം
കള്ളന്മാർക്കേബോധമതുള്ളു.
ഹേതുകഥിക്കാമന്തകതനയനു
ചൂതുകളിപ്പൊരുതാൻവാസനയില്ലാ,
കൌതുകമെന്നതുപാരംതാനും
വാതുകളിപ്പറവാൻകാരണമതുതാൻ.
വാതുപറഞ്ഞുകൊടുത്തതശേഷം
മാതുലനിങ്ങുകരസ്ഥമതാക്കി
കൈതവമെന്നതുമാതുലനിവിടെ-
ച്ചെയ്യതിലൊന്നും തോന്നുന്നീലാ-
പണയംതന്നതുവാങ്ങരുതെങ്കിൽ
പണയംപറയുന്നെന്തിനുപാഴിൽ?
പണമെന്നുള്ളതിനോടിടപെട്ടാൽ
പ്രണയംകൊണ്ടൊരുഫലമില്ലേതും.
ഗുണവാന്മാരൊരബദ്ധംചെയ്താൽ
തുണചെയ്യവനുമബദ്ധക്കാരൻ:
പണമുള്ളവനെപ്പാട്ടിൽവരുത്താൻ
പണിചെയ്യുന്നതുപാർത്ഥിവധർമ്മം;
ചൂതിൽച്ചെകതിപിണഞ്ഞൊരുനേരം
കൈതവമെന്നൊരുവാൎത്ത നടത്തി
ഏതുംതിരിയാത്തവർപറയുന്നതി-
ലേതുമെനിക്കൊരുഭീതിയുമില്ലാ.
ഇവനുംപുനരതുനേരെന്നോർത്തി-
ട്ടവരുടെഗുണഗണമുരചെയ്യുന്നു.

Digitized By Kerala Sahitya Akademi

ഭവത്തനമുക്കതിലും നഹി ഖേദം
ഇവനല്ലീശ്വരനെന്നെവലപ്പാൻ"
ഇത്തരമങ്ങുകയൎത്തുപറഞ്ഞതി-
നത്തരമവനൊന്നുരചെയ്തീലാ.
സത്വരമവനിയിൽവീണവനങ്ങേറീ
ക്രുദ്ധനകോപവുമൊന്നുശമിച്ചു. 626
ഗാന്ധാരീസുതനുടനേപുനരപി
ഗാന്ധാരാദികളോടുരചെയ്താൻ.
"കൌന്തേയന്മാരവർപുനരിനിയും
കാന്താരാടനമങ്ങുകഴിഞ്ഞാൽ
മാററാരവരിഹമറെറാരുകൂട്ടം
കൂററാർചിലരെക്കൂട്ടിക്കെട്ടി
ഏററംകോപിച്ചിഹവന്നൊരുപട-
യേറെറന്നാലിനി നില്പാൻവിഷമം.
കാററിൻമകനൊരുവൻപുലിപോലേ
ചീററിയണഞ്ഞുപിണങ്ങുന്നേരം
തോററുമടങ്ങുകയില്ലല്ലീനാം
ഊററക്കാരവർപലരുണ്ടല്ലോ.
ഇക്കൂട്ടത്തിനൊരമളിപിണപ്പാൻ
നോക്കിയിരിക്കുന്നുണ്ടിഹപലരും:
തെക്കുവടക്കുകിഴക്കുപടിഞ്ഞാർ
ദിക്കതിലുമുള്ളതിൽവൈരികളേറും
ഇക്കാലംചിലകലശലുകൂട്ടാ-
നൊക്കെക്കൂടിവിചാരിക്കുന്നു
ഇക്കണ്ടാളുകളൊക്കെവരുമ്പോൾ

Digitized By Kerala Sahitya Akademi

ഈക്കഥയൊന്നു മറിഞ്ഞതേപാവൂ”
ദുൎയ്യോധനനുടെ വചനംകേട്ടഥ
വീൎയ്യഗുണാംബുധികൎണ്ണനുരത്താൻ
“ധൈൎയ്യംപൂണ്ടുവസിച്ചരുളേണം
കാൎയ്യംകൊണ്ടുവിഷാദിക്കേണ്ടാ.
നേൎത്തുവരുംപരിപന്ഥിജനങ്ങടെ
ധൂൎത്തുകളൊന്നും നമ്മൊടുകൂടാ.
കൂൎത്തശരാവലികൊണ്ടുടനവരുടെ
മൂൎത്തിപിളൎപ്പാൻഞാനൊരുവൻമതി.
മറുപക്ഷത്തുവരുന്നജനങ്ങളെ..
യറുതിപെടുപ്പാനെന്തിഹഖേദം?
കുറുനരിലക്ഷംകൂട്ടുകിലും ഒരു
ചെറുപുലിയോടംഫലിക്കില്ലത്രം:
അറിവുള്ളവനിന്നമ്മുടെവിരുതുക..
ളറിവതിനിങ്ങൊരുസംശയമില്ല.
അറിവില്ലാത്തവർദൂഷണവാക്കുകൾ
പറയുന്നതിനൊരുസങ്കടമില്ലാ.
കണ്ടാലറിയാത്തുള്ളോരോവർ
കൊണ്ടാലറിയുംകളിയല്ലരചാ!
വേണ്ടാത്തതിനുതുടങ്ങരുതാരും
വേണ്ടാസനമൊന്നൊന്നൊടുകൂടാ:
ശുണ്ഠികടിച്ചുപടൎക്കുവരുന്നൊരു
ചണ്ഡിപ്പുരിഷകൾമണ്ടിയൊളിക്കും
ശണ്ഠതുടൎന്നാലതിനുമൊരതിശയ.
മുണ്ടുനമുക്കതുബോധിക്കേണം.

Digitized By Kerala Sahitya Akademi

കണ്ടന്മാരിനിവന്നിഹനേത്താൽ
ചെണ്ടക്കാരെന്നൊരുപേരുണ്ടാം
പണ്ടേക്കാൾപലവിക്രമപൌരുഷ-
മുണ്ടിപ്പോൾമമകൌരവവീരാ!" 674
ശകുനിയുമപ്പോളുരചെയ്താൻ "മരു-
മകനേ!മതിമതിഭീതികളെല്ലാം.
പ്രകൃതിഗഭീരന്മാക്കുംഞാനൊരു
വികൃതിവരുത്തുവതിന്നുസമത്ഥൻ,
പാത്ഥന്മാരിനിവന്നാലുടനേ
തീത്തുരചെയ്യാമില്ലവിവാദം
തീത്ഥസ്നാനമൊരിരുപത്തുവഷം
പാത്ഥന്മാക്കിനിയുംകല്പിക്കാം.
പിന്നെവരുമ്പോൾപിന്നെയുമുണ്ടാ-
മെന്നുടെകൌശലമതിലുമൊരധികം
ചേട്ടനമനുജനമനുജന്മാരും
ചേട്ടകളെവരുമുള്ളൊരുകാലം
കാട്ടിലിരുന്നുപിരിഞ്ഞീടേണം
നാട്ടിൽകേറാനിനിയെളുതല്ലാ" 688
ഇങ്ങിനെശകുനിയുമുരചെയ്തപ്പോൾ
തിങ്ങിനമോദം മനസി ജനിച്ചു
തുംഗമഹാഹങ്കാരംപൂണ്ടു..
ഭംഗധ്വജനഥപുനരുരചെയ്താൻ:
"കാട്ടിലിരിക്കുംപാത്ഥന്മാക്കിഹ
കാട്ടീടേണംനമ്മുടെവിഭവം
കൂട്ടീടേണംബഹുപുരുഷാരം

Digitized By Kerala Sahitya Akademi

കേട്ടീടേണമിതെല്ലാജ്ജനവും.
കൊട്ടീടേണം ഭേരീഡമരം
ഞെട്ടീടേണം ഭുവനമശേഷം
തട്ടീടേണമകമ്പടിവടിവൊടു
പൊട്ടീടേണം കുലഗിരികുഹരം
ചട്ടകൾതൊപ്പികളിട്ടുമുറുക്കി-
ച്ചുട്ടററീടിനവട്ടംകൂട്ടി
തട്ടിനടത്തിക്കൊട്ടിമുഴക്കി-
പ്പെട്ടികളും പലപെട്ടകവും ചില
കുട്ടകമെന്നിവകെട്ടിയെടുപ്പി-
ച്ചൊട്ടകവും ചിലപട്ടിക്കുതിരകൾ
പട്ടാണികൾ പലചെട്ടികളും കോ-
മട്ടികളും പലപട്ടന്മാരും
വട്ടംകൂട്ടിവനത്തിനുപോവാ-
നൊട്ടുംതാമസമരുതിനിനമ്മുടെ
പുഷ്ടശ്രീഭരപൌരുഷമവരെ-
ക്കാട്ടുവതിന്നുനമുക്കുത്സാഹം;
നായന്മാരെവരുത്തീടുവതിന്നു
പോയാലും ചിലർവേഗമിദാനീം;
ആയുധവാഹനകോപ്പുകളെല്ലാ-
മായത്തുപോലെവരുത്തീടേണം;
നാട്ടിലൊരുത്തനിതിന്നുവരാഞ്ഞാൽ
വീട്ടിൽചോദ്യംകല്പിക്കേണം;
കേട്ടവർകേട്ടവർകൂട്ടത്തോടേ
കോട്ടയിലെത്തിസഹായിക്കേണം;

Digitized By Kerala Sahitya Akademi

എങ്ങിനിനമ്മുടെ ചന്ത്രക്കാരൻ?
ചങ്ങാതിക്കൊരുണച്ച്യയുമില്ലാ
അങ്ങാടിത്തെരുവിൽചെന്നരിയും
തേങ്ങാമുളകുംവാഴയ്ക്കായും
നായന്മാൎക്കിഹചോറുകൊടുപ്പാ–
നായതിനുള്ളപദാൎത്ഥമശേഷം
വിരവൊടുകൊണ്ടുവരേണമതിന്നായ്
ഇരുന്നൂറുജനംപോയീടേണം.
പുകയിലവെററിലകഞ്ചാവുംപല
വകയിൽകള്ളുകറപ്പുംവേണം
സകലപദാൎത്ഥവുമിങ്ങുവരുത്തി–
സ്സന്നാഹംപലകൂട്ടീടേണം." 732

എന്നതുകേട്ടൊരുരാജഭടന്മാ–
രൊന്നൊഴിയാതെപദാൎത്ഥംകൂട്ടി–
സ്സന്നദ്ധന്മാർകല്പനപറവാ–
നൊന്നാമതിനുനടന്നുതുടങ്ങീ;
പുരുഷാരത്തെയറീപ്പാനായി–
പ്പുരുഷന്മാരെയയച്ചുതുടങ്ങീ;
വിരുതന്മാരവർനാട്ടിലശേഷം
നരപതികല്പനയങ്ങുനടത്തീ;
കല്പനകേട്ടൊരുനായന്മാരും
കെല്പൊടുവന്നുനിറഞ്ഞുതുടങ്ങീ.
അല്പമതല്ലൊരുജലധികണക്കേ
തൽപുരസീമ്നിപരന്നുനിരന്നു.
തങ്ങളിലങ്ങുപറഞ്ഞുതുടങ്ങീ:—

Digitized By Kerala Sahitya Akademi

“സംഗതിയെന്തിതുകേട്ടോക്കുവാ;
ഇങ്ങിനെപുരുഷാരത്തെവരുത്തീ-
ട്ടെങ്ങുപടയ്ക്കുതുടങ്ങീടുന്നു?
കട്ടവാപന്നികളേതാൻ തലമേൽ
വെടികൊണ്ടെങ്ങാൻവീണിട്ടുണ്ടോ?
ഉടനേമറുതലനാട്ടുപിടിപ്പാൻ
പടയുംകൂട്ടിയടുക്കുന്നുണ്ടോ?
പടയിൽചെന്നുമരിപ്പാനിങ്ങൊരു
മടികൊണ്ടല്ലപറഞ്ഞീടുന്നു:
കടമുണ്ടെമ്പത്തുറുപ്പികയെനിക്കു
തടവുണ്ടതുകൊണ്ടവസരമില്ല:
ഉറുപ്പികേലതരിമ്പില്ലാഞ്ഞാ-
ത്തോക്കൊരുദിക്കിൽപണയംവെച്ചു
മാക്കോച്ചാരുടെമരുമകനിന്നൊരു
തോക്കുതരാമെന്നെന്നോടുചൊല്ലി
ആക്കൊറനെല്ലൊരുതോക്കുംകൊണ്ടുപ-
ടയ്ക്കായ്ചെന്നുമരിച്ചെന്നാകിൽ
തോക്കവർകൊണ്ടുതിരിക്കുംവന്നുക-
ടക്കാർവീട്ടിൽ പാട്ടുകിടക്കും.
ചേട്ടൻപണ്ടുപടയ്ക്കുമരിച്ചതു
കേട്ടിട്ടില്ലേനിങ്ങളിലാരും?
എട്ടുജനങ്ങളെവെട്ടിക്കൊന്നൊരു
കോട്ടപിടിച്ചപ്പിന്നെമരിച്ചു
മണ്ടുന്നേരംപിടരിക്കൊരുവെടി
കൊണ്ടുമരിച്ചെന്നുണ്ടൊരുകേളി;

Digitized By Kerala Sahitya Akademi

ഫാളില്ലെന്നല്ലെന്നുടെവീട്ടിലൊ–
രാളില്ലിന്നിതുകൊണ്ടുനടപ്പാൻ
കാളകൃഷിക്കുനടക്കയിതെന്യേ
കേളച്ചാൎക്കൊരുതൊഴിലില്ലിപ്പോൾ
നായന്മാരാസ്സനുപിറന്നാൽ
ആയുധമൊന്നുതനിക്കായ്വേണം
ആയതിനൊരുവകയില്ലാത്തവനുടെ
കായംകൊണ്ടൊരുഫലമില്ലറിവിൻ!
നെല്ലുംപണവുംമോഹിച്ചെന്നുടെ
വില്ലുംകണയുംപണയംവെച്ചു
നല്ലചിതക്കാരൻഞാൻതാനിനി
ഇല്ലംവിററുകറപ്പുംതിന്നും
ഇല്ലെന്നാല്ലിതുമുടിയന്മാരുടെ
ഇല്ലന്നില്ല നശിച്ചെന്നിൽറു.
വല്ലാതുള്ളവിശപ്പുവരുമ്പോൾ
വല്ലതുവിററുംകൊററുകഴിക്കാം;
ഇക്കഥയെല്ലാംമതിമതിനാമിനി
വെക്കംചെന്നുമുഖംകാട്ടേണം
നോക്കടെനമ്മുടെയജമാനന്മാർ
വക്കാണിക്കുമതോൎത്തീടേണം
രായുംപകലുംകല്പനകേൾക്കും
നായന്മാൎക്കൊരുകാശുകൊടുപ്പാ–
നീയജമാനന്മാൎക്കുമനസ്സി–
ല്ലായതുചൊന്നാൽകുററവുമുണ്ടാം;
ഇഷ്ടംചെന്നുപറഞ്ഞുമറിപ്പാൻ



Digitized By Kerala Sahitya Akademi

ഒട്ടുംമടിയില്ലാത്തസമർത്ഥനു
കിട്ടുംപലകറിപട്ടുംമുളയും,
വെട്ടുംകൂട്ടമനിഷ്ടമുരത്താൽ;
പണമുള്ളവനെപ്പാട്ടിൽവരുത്തി–
ഗ്ഗുണദോഷങ്ങൾപറഞ്ഞുപതുക്കെ
പണമെപ്പേരുംകൈക്കലുമാക്കും
ക്ഷണമവനെത്തൻവീട്ടിലുമാക്കും;
അമ്മാവൻകൃഷികൊണ്ടുനടന്നാ–
ന്നമ്മാനില്ലെന്നറിയുന്നീലാ;
നമ്മുടെകാലത്തതിനംപിന്നെ
ജന്മാന്തരമായ്ചെല്ലുന്നീല;
ഇപ്പോൾനമ്മുടെകണ്ടമെടുപ്പാൻ
കല്പനവന്നൊന്നൊരുവഴികേട്ടു
കല്പനപറയുന്നാൾക്കൊരുകാശുകൊ–
ടുപ്പാനിങ്ങൊരുവകയില്ലിപ്പോൾ,
പണ്ടേപ്രവൃത്തിനടത്തിയപരിഷകൾ
ഉണ്ടെന്നാലിതുവരികില്ലറിയാ!
കണ്ടച്ചാരുടെകണ്ടമെടുത്തതു–
കണ്ടന്നീവരവുണ്ടെന്നോർത്തു,
കണ്ടംപോയതുകൊണ്ടുനമുക്കൊരു
കണ്ണിതമില്ലിനിയുണ്ടാമൊരുനാൾ;
കണ്ണുംപോയാലുണ്ടാകില്ലതു–
കൊണ്ടുകരഞ്ഞൊന്നുണ്ടുവിഷാദം.
കണ്ടാലറിയാംകണ്ടവർക്കൂട്ടു–
ന്നുണ്ടിതിനേഷണിശണ്ണുപിണപ്പാൻ

Digitized By Kerala Sahitya Akademi

ചണ്ടികൾപലരുമുരുണ്ടുകരേറി-
ക്കൊണ്ടുമരിക്കുന്നുണ്ടിഹനാട്ടിൽ"
ഇങ്ങിനെപലപലവാക്കുകൾഘോഷി-
ച്ചങ്ങിനെവന്നിടകൂടിഭടന്മാർ.
തിങ്ങിനപടയുടെസംഖ്യഗണിപ്പാ-
നെങ്ങിനെകശലതമതിയാകുന്നു?
തോക്കുള്ളവർപുനരൊക്കെച്ചെന്നാവൊ-
ടിക്കോട്ടസ്ഥൽപാർക്കണമുടനേ
തർക്കംപൂണ്ടുവെടിക്കുമരുന്നുകൊ-
ട്ടുക്കുന്നുണ്ടുതിടുക്കമനേകം;
തിക്കുംവലിയതിരക്കുംപലപല
വാക്കുംചിലരുടെമുഷ്കുംചുടുമിഴി
നോക്കുംവിരവൊടുവാസ്യുംവികൃതിക-
ളാർക്കുംപറവതിനാർക്കുംപോരാ.
ഇത്തരമൊരുദിശിഘോഷംപലവിധ-
മെത്രയുമത്ഭുതമെന്നുരചെയ്യാം;
ഹസ്തിരഥാദികൾവസ്തുസമസ്തം
ഹസ്തിനപുരമതിലെത്തിനിറഞ്ഞു. 838
നായന്മാർക്കിലവെച്ചുതുടങ്ങീ,
ആയതുപറവാനവസരമില്ലാ.
ആയിരമായിരമോരോകൊട്ടിലി-
ലായുധപാണികളിലവെപ്പിപ്പാൻ
പന്തിനിരത്തിയിരുത്തുവതിനായ്
മന്ത്രികൾപലരുംകൂടിയിറങ്ങീ
ഉന്തിയലച്ചുപിടിച്ചുവലിച്ചൊരു

Digitized By Kerala Sahitya Akademi

പന്തിപരാക്രമമൊക്കെയെടുത്തു.
പാലുകുടിച്ചുതടിച്ചുജനത്തിനു
നാലുപദംവെയ്ക്കുമ്പോൾവിയക്കും
വെയിലുംകാററുംകൊള്ളാതുള്ളവർ
പോലുമിതിനുശ്രമിച്ചേപോവൂ;
ഇലവെച്ചങ്ങുനിരന്നുതുടങ്ങി
വലിയരിവെച്ചുവെളുത്തൊരുചോറും
പലപലകറിയുംപഴവുംനെയ്യും
നലമൊടുവളരെവിളമ്പീടുന്നു;
വട്ടഞ്ചക്കരചേർത്തുകലക്കി-
ച്ചുട്ടംകൂട്ടിനതേങ്ങാപ്പാലും
ഒട്ടല്ലൂണിനുവട്ടംപലവിധ-
മിഷ്ടമറിഞ്ഞുകൊടുത്തീടുന്നു.
കടൽവാഴയ്ക്കാക്കറിയുണ്ടൊരുവക
ഭടഭോജനമതുകൂടാതില്ലാ;
വടിവൊടുഭക്ഷണമങ്ങുപിരിഞ്ഞഥ
പടഹമടിച്ചുവിളിച്ചൊരുമിച്ചു, 862
കുരുപതിസുതനാംദുര്യോധനനഥ
തരസാതന്നുടെസഹജന്മാരെ
പരിചൊടുചെന്നുവിളിപ്പിച്ചപ്പോൾ
തെരുതെരെയവരുംവരവുതുടങ്ങി;
ദുശ്ശാസനനുംദുർദ്ധർഷണനും
ദുശ്ശേശരനുംദുർമ്മഷണനും
ദുർമ്മുഖനുംദുഷ്കർണ്ണനു,മഥദു-
ർമ്മേധാവുംദുഷ്പ്രസഹൻതാനും;

Digitized By Kerala Sahitya Akademi

ധൃഷ്ടിയുംജലസന്ധൻകണ്ണൻ
ദുർബ്ബുദ്ധിയുമഥദുർബ്ബോധകനും
ചിത്രൻവികടൻചിത്രരഥൻതാൻ
ചിത്രധ്വജനുംകനകധ്വജനും
ചിത്രശരാസനചിത്രകനും സുവി_
ചിത്രൻപിന്നെച്ചിത്രാംഗദനും
നന്ദൻപുനരുപനന്ദൻപിന്നെ
കുന്ദോദരനുംദൃഢവർമ്മാവും
കുണ്ഡൻപിന്നെമഹാകുണ്ഡൻതാൻ
കുണ്ഡവിഭേദിയുമപരാജിതനും
ദീർഘഭുജൻതാൻദീർഘധ്വജനും
ദീർഘൻദീർഘരഥൻദീർഘാക്ഷൻ
ദീർഘഹനുസ്സുംവ്യൂഢോരസ്കൻ
ദീർഘായുസ്സുംബഹ്വാശനനും
ഭീമരഥൻദൃഢഹസ്തൻഭീമൻ
ഭീമപരാക്രമനഭയൻതാനും
എന്നുതുടങ്ങീട്ടുള്ളനുജന്മാർ
തൊണ്ണൂററൊൻപത്തുപേരുംവന്നാർ.
വിരവൊടുഭോജനമങ്ങുകഴിച്ചവർ
പരിചൊടുകോപ്പുകളിട്ടുതുടങ്ങീ
പരിമളമേറിനകളഭമിഴുക്കി_
പ്പുരികുഴൽമാലകൾകൊണ്ടുമുറുക്കി
പെരുകിനകുറിതിലകങ്ങളൊരുക്കി_
ത്തരമൊടുതലമുടിചിക്കിമിനുക്കി
തരിവള,പിരിവള,കാഞ്ചി,പതക്കം

Digitized By Kerala Sahitya Akademi

വിരുതുകൾപലവകവിരൽമോതിരവും,
അരമണി,കടമണി,തുടർമണി,കങ്കണ .
മരതോണം,ചിലതോൾപ്പൂട്ടുകളും,
മകുടം,കടകം,മണികുണ്ഡലവും
വികടകിരീടം,വിദ്രുമഹാരം,
വികസിതസുരഭിലമലർമാലകളും
സകലമണിഞ്ഞുതെളിഞ്ഞുനടന്നാർ.
പട്ടുകൾപലതുംകെട്ടിയുടുത്തുട-
നെട്ടുമുളംചിലചേലകൾചുററി
പട്ടുറുമാലുംതലയിൽകെട്ടി-
ത്തട്ടുപ്പുഴുകഥനാടൻപുഴുകം
തൊട്ടുമുഖത്തിനുഭംഗിവരുത്തി
ചട്ടംപലവകക്കൂട്ടിത്തരസാ
പെട്ടികൾപെട്ടകമെന്നിവപലതിൽ
ചളററീടിനകനകപ്പൊടികളു-
മിട്ടുനിറച്ചതുകെട്ടിയെടുപ്പി-
ച്ചെട്ടുദിഗന്തംപൊട്ടുംപടിപല
കൊട്ടുംവെടിയുംതട്ടിമുഴക്കി...
തട്ടിനിരത്തിനടന്നുതുടങ്ങീ: 914

ഉച്ചത്തിലുള്ളഘോഷംമെച്ചത്തിൽകേട്ടനേരം
അച്ചിമാരൊക്കെക്കൂടിക്കാഴ്ചയ്ക്കുപുറപ്പെട്ടു
“നിച്ചിരിയത്തിനിൻെറകൊച്ചിനെയെവിടത്തിൽ
വെച്ചേച്ചുപുറപ്പെട്ടുകാഴ്ചയ്ക്കുതാനേതന്നെ
അച്ചനുചെവിവെടിവെച്ചാലുംകേട്ടുകൂടാ
ഇച്ചയ്ക്കുപോലുംകിഴവച്ചാർക്കുകണ്ണുകാണാ.

Digitized By Kerala Sahitya Akademi

കൊച്ചിന്നേനാകേറിക്കടിച്ചെങ്കിലീമുത്തുക്ക–
നൊച്ചപോലുംകേൾക്കില്ലെന്നച്ചിമാരുടെഘോഷം.
എന്തൊരുപുറപ്പാടെന്നോതാനുംബോധിച്ചോനീ
എന്തെന്റചേട്ടത്തിഞാനേതുമേബോധിച്ചീല;
ഇപ്പോൾതിരുമാടംപുറപ്പാടെന്നെന്റപക്ഷം
ഇപ്പോളല്ലതുപണ്ടുകെല്ലോട്ടകഴിഞ്ഞല്ലോ;
മൂപ്പുവാഴ്ചയ്ക്കുള്ളോരുകോപ്പുകൾകൂട്ടുകയോ
മൂപ്പുധൃതരാഷ്ട്രരിരിപ്പുണ്ടുമരിച്ചില്ലാ;
എങ്കിൽപടയ്ക്കുള്ളോരുസന്നാഹമെന്നുവരും
ശങ്കയില്ലെനിക്കതുംസംഗതിയിപ്പോളില്ലാ;
ബാണങ്ങൾപടക്കങ്ങൾചേണാർന്നപൂക്കുററികൾ
എണാക്ഷിമാരുംചിലവീണക്കാർപാട്ടുകാരും
വേണമോപടയ്ക്കായിപ്പോണെങ്കിലെന്റതോഴി
കാണാംനമുക്കുവെക്കംപോണംപുറപ്പെട്ടാലും." 934

"അങ്ങേക്കുററവുള്ളച്ചികളെല്ലാം
അങ്ങുനടന്നിതുകാഴ്ചകൾകാണ്മാൻ
നിങ്ങൾചമഞ്ഞുംചന്തംനോക്കിയു–
മിങ്ങനെതന്നിതുപിരികേയുള്ളൂ;
ഘോഷമതെല്ലാംപിരിയുന്നേരം
ഭോഷികളവിടെച്ചെന്നിഹചാട്ടും
ഭാഷിപ്പാൻവിരുതുള്ള ജനത്തിനു
ശേഷിയതാമൊരുകൂട്ടമശേഷം:
ചിററമ്മയ്ക്കിതുപത്തുപിറന്നു
മറെറാരുപൂതരുമില്ലെൻവീട്ടിൽ
പെറെറന്നാകിലൊരമളിയതാപ്പരു–

Digitized By Kerala Sahitya Akademi

മീററില്ലത്തിലിരുന്നേപോവൂ”
മററൊരുനാരിപറഞ്ഞാളപ്പോൾ
“മററൊരു ചിന്തനമുക്കില്ലേതും.
മററൊരുപുരുഷൻവീട്ടിൽവരുമ്പോൾ
ഏററംനമ്മുടെനായർകലമ്പും
കുററംവാശ്ശുത്തുമൊന്നുണ്ടാക്കി
കൊററമുടക്കാൻമടിയില്ലവനും
പെററമ്മയ്ക്കിട്ടടികൂട്ടുന്നവർ
മററുള്ളവരൊട്ടുനേരായ്വരുമോ?
മുള്ളല്ലാതൊരുവാക്കില്ലങ്ങേ-
നുള്ളിൽക്കൂറെന്നുള്ളതുമില്ലാ;
ഉള്ളോരുനെല്ലുംപണവുംപാടേ
കള്ളുകുടിച്ചുകുടിച്ചുമുടിച്ചു
കഞ്ഞികുടിപ്പാനില്ലാതെന്നുടെ
കുഞ്ഞുകളേററനടക്കാതായി
ഇങ്ങനെതലയിലെഴുത്തെന്നാകില-
തെങ്ങനെഞാനതൊഴിച്ചീടേണ്ടു.”
അതുകേട്ടപ്പോളൊരച്ചിപറഞ്ഞാൾ
“ഇതുകേട്ടാലുംകൊച്ചനിയത്തീ!
അരിയായിട്ടൊരുവീടുപുലർത്താൻ
മതിയായിട്ടൊരുനായരെനിർത്താൻ
അമ്മയ്ക്കാഗ്രഹമുണ്ടായപ്പോൾ
അമ്മാവിക്കതുസമ്മതമല്ലാ.
അമ്മാവന്റെമനസ്സുമറിപ്പാൻ
അമ്മാപാപിക്കെത്രവിശേഷം!

Digitized By Kerala Sahitya Akademi

വല്ലാതൊരുഭോഷച്ചാർന്നമ്മെ
ഇല്ലത്തേക്കുംകൊണ്ടുതിരിച്ചാൻ
നെല്ലുകൊടുത്തുകറപ്പുംതിന്നൊരു
കല്ലുകണക്കിനുകുത്തിയിരിക്കും
കണ്ണുതുറക്കെന്നുള്ളതുമില്ലി-
പ്പൊണ്ണച്ചാക്കൊരുബോധവുമില്ലാ
കിണ്ണംകിണ്ടിയുമിത്യാദികളിലൊ-
രെണ്ണംകണികാണ്മാനില്ലാതായ്;
അരിയുംകറിയുംവച്ചുകൊടുപ്പാൻ
അരുതാതായിനമുക്കുംപിന്നെ
ഒരുസുഖമെന്നതുഞാനറിയുന്നി-
ല്ലൊരുക്കുററാരുമിനിക്കില്ലിപ്പോൾ
അങ്ങേപ്പുറവള്ളച്ചികളെല്ലാ-
മിങ്ങോട്ടേക്കുവിരോധംതന്നെ
ഉരിയരിപോലുംചോദിച്ചാലവർ
തരികില്ലെന്നല്ലാനകളിക്കും
തിരിയാത്തവനൊടുഞാനുമൊരക്ഷര-
മുരിയാടാറില്ലെന്തിനുപാഴിൽ
പരിഹാസത്തിനുവകയില്ലാഞ്ഞവർ
പെരുവഴിനോക്കിയിരുന്നീടുന്നു."
ഇങ്ങനെയോരോവാക്കുപറഞ്ഞുട-
നംഗനമാരുംവന്നുനിറഞ്ഞു
അങ്ങാടികളിലുമാൽത്തറമേലും
ഭംഗ്യാനിന്നിതുഘോഷംകാണ്മാൻ. 996
കുരുപതിതനയനമനുജന്മാരും

Digitized By Kerala Sahitya Akademi

പെരുകിനപടകളുമിളകിമെല്ലെ
പൊരുവഴിതിങ്ങിവിങ്ങിനടന്നീടുന്നു
തുടിപറകിട്ടുമുടിപടഹങ്ങളും
പൊട്ടുപൊട്ടെവെടികളുമുടമയൊടേ
ഇടിപൊടിതകരുമൊരരവുടനെ
വടിവൊടുനടന്നിതുപടകളെല്ലാം
കടലുടെവടിവൊരുകലശലഹോ
പടലുടനടവികളിടിഞ്ഞുടനേ
പൊടിയുടെപടലവുമുലകിലെല്ലാം
പടുതരമുയരുന്നുപലവഴിയിൽ
കുടതഴകൊടികളുമിടകലരും
ഭടജനപടകടെനടനവിധൌ
തടമുലതടവിനതരുണികളും
മടുമലർമലരവിൽചൊരിഞ്ഞീടുന്നു.
അനവധികുതിരകളതിനിടയിൽ
ഘനരുചികരികളുമളവില്ലേതും
ധനജനവിഭവങ്ങളിവണ്ണംകണ്ടാൽ
ധനപതിഭയപ്പെട്ടങ്ങൊളിച്ചുമണ്ടും. 1016
കനകമണിഞ്ഞൊരുകരിവരകണ്ഠേ
കനിവൊടുകേറിയിരുന്നാൻകുരുപതി
പനിമതിസമമൊരുവെള്ളക്കുടയും
കനകാഞ്ചിതമാംവെൺചാമരവും
അനവധിതഴയുംമുത്തുക്കുടയും
ധനവിഭവങ്ങളനേകമനേകം
അനുജന്മാരുടെമോടിയുമെന്നിവ

Digitized By Kerala Sahitya Akademi

മനുജന്മാൎക്കുമനോഹരമെല്ലാം
ആടുകയുംചിലർപാടുകയുംചില_
രോടുകയുംചിലർചാടുകയുംചിലർ
വാടുകയുംചിലർതേടുകയുംചിലർ
ചോടുകൾവെച്ചിടകൂടുകയുംചിലർ.
വീടുകളുംപലനാടുകളുംപല_
തോടുകളുംപലകോടുകളുംപല_
കാടുകളുംപലമാടുകളുംമല_
മൂടുകളുംമലർവാടികളുംപല_
മേടുകളുംപലവേടുകളുംപല
പാടവമോടുകടന്നുകടന്നവ_
രാടലകന്നതകത്തുതിമിത്തുമ_
ഹാടവിപുക്കുഗമിക്കുന്നേരം
ബന്ധൂകദ്യുതിബന്ധുരമാകിന
സന്ധ്യാസമയംവന്നിടകൂടി
അന്ധമതാകിനതിമിരംവന്നനു_
ബന്ധിച്ചുടവിതടങ്ങൾനിറഞ്ഞു
ഗന്ധൎവ്വന്മാൎക്കുള്ളൊരുസമയം
ചന്തമൊടവിടെസ്സംഗതമായി
ഗന്ധൎവ്വന്മാരതിസുഖമോടേ
പന്തണിമുലമാരോടിടകൂടി
കാന്താരത്തിലിറങ്ങിക്കനിവൊടു
ചെന്താമരമലർവാപികൾതോറും
സന്തോഷേണജലക്രീഡാദിനി_
താന്താനന്ദമിയന്നവരായാം

Digitized By Kerala Sahitya Akademi

കുന്തീതനന്മാർമരുവീടിന
കാനനാരാന്തികളമൈന ചൊന്നാർ
ഗാന്ധാരീതനയന്മാർപടയും
ഗാന്ധാരേശാപരനംഗാധിപനും.
വഞ്ചനശീലനതാകിന കുരുപതി
പുഞ്ചിരിപൂണ്ടു പറഞ്ഞാനടനേ—
"നെഞ്ചിൽനമുക്കൊരുപായംതോന്നി
കിഞ്ചിൽഗുണമതിനുണ്ടാമിപ്പോൾ
നഞ്ചുകലക്കണമിവിടത്തിൽപല
വഞ്ചോലകളിലെവാരിയിലെല്ലാം
ചഞ്ചലമില്ലിഹപാണ്ഡുസുതന്മാ—
രഞ്ചുജനങ്ങളുമതികുടിലന്മാർ
പാഞ്ചാലിയുമുടനംബുകുടിച്ചിഹ
പഞ്ചതയെപ്രാപിച്ചീടേണം;
നഞ്ചുകലക്കുവിൻ"നെന്നീവണ്ണം
പഞ്ചമഹാപാപിപറഞ്ഞപ്പോൾ
പാപികളൊരുവകരാജഭടന്മാർ
വാപികൾതന്നിൽമരുന്നുകലക്കി
കോപികളായവർകാട്ടിയതെല്ലാം
പാപത്തിന്നൊരുവഴിയായ്വരുമേ. 1068

വൃത്രനെക്കൊന്നവൻറമിത്രമായ്വരുന്ന
ചിത്രസേനഗന്ധർവ്വൻ ധാത്രിയിലങ്ങിറങ്ങി
രാത്രിയിൽതൻെറചാരുഗാത്രിമാരോടുകൂടി
തത്രവന്നൊരുശതപത്രിണീതോയംതന്നിൽ
ചിത്രമാംകേളികൾക്കു പാത്രമാമവനപ്പോൾ

Digitized By Kerala Sahitya Akademi

മംത്രാധികാനന്ദവിചിത്രംവിഹരിക്കുമ്പോൾ
വെള്ളപ്പുളുകിനൊത്തവെള്ളത്തിൽനഞ്ചിട്ടവാ-
നുള്ള കുതുകംകൊണ്ടു തള്ളിവരുന്ന ചില
കള്ളന്മാരെക്കണ്ടപ്പോളുള്ളംകയർത്തുബല-
മുള്ള ചിത്രസേനൻതാൻ വെള്ളത്തിൽനിന്നുകേറി.
"കള്ളക്കുടിലന്മാരേ! കൊള്ളാമിക്കാട്ടുതന്നി-
ലുള്ള മുനികളുടെ വെള്ളത്തിൽനഞ്ചിട്ടവാ-
നുള്ളൊരുത്സാഹമിപ്പോൾ
കള്ളുകുടിച്ചുവന്നുഭള്ളുനടിക്കുംനിങ്ങൾ
തുള്ളുന്നതെല്ലാമിത്രേയുള്ളുവെന്നിങ്ങുറച്ചു
കൊള്ളുംപ്രഹരമതിനുള്ള വഴികൾവീണു
കൊള്ളിവാക്കുകൾകൊണ്ടു തുള്ളിക്കുന്നുണ്ടുപിന്നെ
കൊള്ളിക്കുന്നുണ്ടുബാണം കൊള്ളിക്കുംബഹുമാന-
മെള്ളോളമില്ലെന്നോർപ്പിൻ!" 1086

"കുരുകുലമൂഢന്മാരേ!നിങ്ങടെ
പരമാർത്ഥംഞാനഖിലമറിഞ്ഞേൻ
തരമില്ലിങ്ങിനെചതിയുംകൊതിയും
തരസാമനമതിലേറെമുഴുത്താൽ.
കൌരവകുലമതിലഴകേറീടിന
വീരന്മാരാംപാർത്ഥന്മാരൊടു
വൈരംമനസിമുഴുത്തതിനാൽനിജ-
പൌരുഷമവരെക്കാട്ടുവതിന്നായ്
പൌരന്മാരുംപടയുംകുടയും
വാരണഘടയുംകൂട്ടിക്കെട്ടി-
പ്പാരിടമൊക്കെമുഴക്കിവരുന്നതു

Digitized By Kerala Sahitya Akademi

നേരാസ്സരികില്ലധമന്മാരേ!
അഞ്ചിതമാകിനശ്ശുദ്ധജലങ്ങളിൽ
നഞ്ചിട്ടുവാനായ്പ്പനൊരുനിങ്ങടെ
നെഞ്ചകമെന്നതുകല്ലോശിവശിവ!
പഞ്ചമഹാപാതകിമാർനിങ്ങൾ
നേരേനിന്നുപ്രയോഗിപ്പാനായ്
ഭീരുക്കൾക്കൊരുവൈഭവമില്ലാ,
നേരല്ലാതെചതിപ്പാൻപെരുവഴി
യോരോന്നിങ്ങിനെനോക്കിനടന്നാൽ
സൈരക്കേടുകൾവളരെവരുമ്പോൾ
ആരുമൊരാശ്രയമില്ലാതാകും.
നീരസമല്ലാതുള്ള പ്രയോഗം
പാരംകുറയുംനിങ്ങൾക്കിപ്പോൾ
തന്നേക്കാൾബലവിക്രമമുള്ളൊരു
ധന്യന്മാരൊട്ടുചെന്നിഹനേത്താൽ
ഒന്നുംതരമാസ്സരികില്ലതുകൊ-
ണ്ടെന്നുംതീരാദുഷ്കീർത്തികളും.
ആണുങ്ങൾക്കുപിറന്നവരെങ്കിൽ
പ്രാണൻകളവിൻനമ്മുടെനേരെ
ബാണംകൊണ്ടുസഹിക്കാഞ്ഞുടനേ
നാണംകെട്ടുനടക്കുംനിങ്ങൾ.
ഇക്കൂട്ടത്തിനുബലമില്ലെന്നൊരു
ധിക്കാരംകൊണ്ടിവിടെവരുന്നു
വക്കാണത്തിനടുക്കുന്നേരം
കൈക്കാണംഞാൻവാങ്ങുകയില്ലാ

Digitized By Kerala Sahitya Akademi

വാക്കിനുവാക്കുംവമ്പിനുവമ്പും
മുഷ്കിനുമുഷ്കുംമുള്ളിനുമുള്ളും
നോക്കിനുനോക്കുംതല്ലിനുതല്ലും
ഭോഷ്കിനുഭോഷ്കുമെനിക്കുണ്ടറിവിൻ.
കള്ളന്മാരാംനിങ്ങളെഞങ്ങൾ—
ക്കെള്ളോളംബഹുമാനമതില്ലാ.
ഉള്ളംതന്നിലഹംഭാവംകണ—
കൊള്ളുന്നേരമതുൽപമതാകും.
പുള്ളിപ്പുലിയുടെമുന്നിൽച്ചെന്നിഹ
തുള്ളിനടക്കുംകുറുനരിയെപ്പോൽ
കൊള്ളാംനീയിഹകൈതവമൂഢാ!
കള്ളാ!നിന്നുടെനാശമടുത്തു.” 1134
ഇത്തരമുള്ളൊരുദൂഷിവാക്യംബത
സത്വരമൻപൊടുകേട്ടൊരുനേരം
ക്രുദ്ധനതാകിനധൃതരാഷ്ട്രാത്മജ—
നത്തരമുദ്ധതമിത്ഥമുരത്താൻ—.
“നില്ലെടമൂഢാ!മതിമതിനിന്നുടെ
വല്ലാതുള്ളൊരുവാക്കുകളെല്ലാം
മല്ലുനടിച്ചുചൊടിച്ചുപറഞ്ഞാൽ
കൊല്ലുവതിന്നൊരുസംശയമില്ലാ;
ജളനാംനിന്നുടെകരളിലഹമ്മതി
കളവാൻവിരവിലഹമ്മതിഭോഷാ!
വളരെപ്പറവാൻകുറവില്ലെന്നൊരു
വെളിവുണ്ടുള്ളിൽനിനക്കതുവിഫലം
പെണ്ണുങ്ങൾക്കൊരുബഹുമാനത്തിനു

Digitized By Kerala Sahitya Akademi

പൊണ്ണൻ പലവകജല്പിക്കുന്നു
വിണ്ണവർനാട്ടിലെവിരുതും കൊണ്ടിഹ
വന്നാപറഞ്ഞൊലിവിടെപ്ഫലിയാ
മറുനാട്ടിന്നൊരുവിരുതൻവന്നിഹ
തിറമൊടുനിന്നുഫലിപ്പിക്കുന്നതു
കുറയുമതോർത്തുപറഞ്ഞീടുക നീ
കുറവുവരുത്തിയയയ്യോഞങ്ങൾ.
സംഗതികൂടാതുള്ളൊരുവാക്കുകൾ
നിങ്ങടെനാട്ടിൽതന്നേനല്ല;
ഇങ്ങനെയുള്ളൊരുനല്പസമക്ഷ-
ത്തെങ്ങുംനിങ്ങടെവിദ്യകളൊക്കാ
പൊട്ടക്കളമതുവിട്ടുതിരിച്ചാ-
ലട്ടയ്ക്കൊരുഗതിയില്ലെന്നറിക.
യഷ്ടികളെബ്ഭയമില്ലകരയ്ക്കും-
പട്ടികടിക്കില്ലെന്നുപ്രസിദ്ധം.
ഗന്ധർവ്വൻനീയെങ്കിലുമിങ്ങനെ
ബന്ധംകൂടാതുരചെയ്യുന്നാൽ
ബന്ധുവിഹീനനതാകിനനിന്നെ-
ബ്ബന്ധിച്ചീടുന്നുണ്ടിഹഞങ്ങൾ
പന്തണിമുലമാരാകുമിവൾക്കൊരു
സന്താപത്തിനുസംഗതിയില്ലാ
ചന്തമിയന്നൊരുപുരുഷന്മാർപലർ
ബന്ധുതചെയ്യാനിവിടെയുമുണ്ടാം
അഞ്ചാറനുജന്മാരുനമുക്കു-
ണ്ടഞ്ചായുധനെക്കാൾവിരുതന്മാർ

Digitized By Kerala Sahitya Akademi

അജ്ഞാതവരൊടുകൂടിവസിക്കാം
കഞ്ജത്താർമിഴിമാരേ!വരുവിൻ
കണ്ടകനാമിക്കണ്ണവൻകേറി–
ജ്ജുണ്ടയിട്ടന്നതുശങ്കിക്കേണ്ടാ
ശ്ശുണ്ഠികടിച്ചാൽഫലമില്ലവനതു
കണ്ടൊരുകോണിലിരിക്കയേയുള്ളൂ;
നട്ടമിററത്തൊരുകററിതറച്ചൊരു
നെട്ടപാശംകൊണ്ടരയിൽമുറുക്കി
തടിയനെയതിനൊടുബന്ധിക്കുന്നു–
ണ്ടുടനൊരുമൂത്തകുരങ്ങത്തുപോലെ.
വാടാനിന്നുടെവിരുതുകളെന്നൊടു
കൂടാമൂഢാ!കടിലകുശീലാ!
പാടവമോടിഹപടപൊരുതീടുക
നാടകമല്ലിതുവീരവിനോദം" 1186
"കർണ്ണാനീയിതുകേൾക്കുന്നീലേ
കർണ്ണാരുന്തുദമിവനുടെവചനം
കർണ്ണാകൃഷ്ടമതാക്കുക ചാപം
കീർണ്ണമതാക്കണമിവനുടെഗാത്രം
ഘോരശരങ്ങളെടുത്തുതൊടുത്തൊരു
മാരികണക്കിനെവർഷിച്ചാലും!
വടിവൊടുഖേചരഖേടൻതന്നുട–
ലടിമുടി പൊടിയാക്കീടുക കർണ്ണാ!
ദുശ്ശാസനനാംദുർമ്മുഖനുംപുന–
രിശ്ശാസനമനുമാനിച്ചാലും!
വാശ്ശതുമെന്നൊരുപേക്ഷകണക്ക–

Digitized By Kerala Sahitya Akademi

ശ്ലീഗ്ഗാനെക്കൊലചെയ്യേപോവൂ.
നമ്മുടെ നേരേവന്നൊരുകൂട്ടം
നിമ്മരിയാദംജല്പിക്കുന്നൊരു
ദുർമ്മതിയാമിവനുള്ളിലിരിക്കുമ-
ഹമ്മതിയിന്നുശമിപ്പിക്കേണം
രണ്ടുരാരങ്ങൾകണക്കിനുകൊണ്ടാൽ
മണ്ടുംവിരവൊടുമറുതലവീരൻ
തൊണ്ടന്മാരിവർപടയെന്നുള്ളൊരു
രണ്ടക്ഷരമത്രകേട്ടിട്ടില്ലാ.
ശണ്ഠയിടാനല്ലാതൊരുവസ്തു
ചെണ്ടക്കാരർഗ്രഹിച്ചിട്ടില്ലാ,
ചണ്ടികൾപറയുന്നതിനെക്കൂടെ-
ക്കൊണ്ടാടാൻചിലമൂഢരുമുണ്ട്”.
“അട്ടക്കവിരവൊടുതട്ടക്കചിലർചെന്നു
പിടിക്കരെരവരമെട്ടക്കപെരിചൊട്ട
തൊട്ടക്കയിവനുടെമിട്ടുകൾകൊണ്ടുതന്നെ
നടകുമെന്നുരുചിമുടകുവതിന്നിന്നു
മടിക്കരുതുഗതിമുടക്കിമദഭര-
മടക്കിയുടനതിപട്ടക്കളൊരുവക
പടസ്സൂത്തുടരുകപൊട്ടക്കെന്നിവനുടെ
മിട്ടുകൾഫലിക്കാഞ്ഞുനടക്കുമില്ലെന്നാകി-
ലടക്കുമത്രകൊണ്ടു നാട്ടക്കമിനിക്കില്ല
പട്ടക്കളിവരെല്ലാമൊട്ടക്കംതോററുമണ്ടും”
ഇങ്ങനെയുള്ളൊരുദുർഭാഷണമവർ
തങ്ങളിലങ്ങുപറഞ്ഞൊരുശേഷം

Digitized By Kerala Sahitya Akademi

സംഗരമാശ്രുതുടങ്ങിപ്രകടശ-
രങ്ങൾചൊരിഞ്ഞുമറഞ്ഞിതുഗഗനം;
ചൊല്ലേറീടിനഗന്ധർവ്വൻനിജ-
വില്ലുവലിച്ചുചെവിക്കടചേൎത്തു
നല്ലശരങ്ങളതിൎത്തുതുടങ്ങീ
നല്ലൊരുസമരമതെന്നോവേണ്ടു;
ഊററക്കാരവർനൂററുവരെല്ലാം
ഏററംചാടിയടുത്തുതുടങ്ങി
കാററുകൾതട്ടിക്കരെപററീടുമൊ-
രാററിലെവെള്ളത്തിരകൾകണക്കേ
കേററംപാരമതാരംഭേപുന-
രേററംപേടിയുമുടനേകൂടി
തോററുതിരിച്ചുതുടങ്ങിപതുക്കെ-
പ്പോററകൾപോലെപടജ്ജനമെല്ലാം.
മാററലർബാണഗണങ്ങളുമുടനട-
നേററുമറിഞ്ഞുമറിഞ്ഞഥവീണു.
ഏററുതിരിപ്പാനെളുതല്ലാഞ്ഞവ-
രേററംഭൂമിയിൽവീണുമുരുണ്ടും
പേടികലൎന്നൊരുനായന്മാര-
ങ്ങോടിച്ചെന്നുമരങ്ങടെമൂട്ടിൽ
കൂടിക്കരിയിലകൊണ്ടുശരീരം-
മൂടിയൊളിച്ചുശയിച്ചാരുടനേ.
നായന്മാരുടനോട്ടന്നേര-
ത്തായുധമെല്ലാംവഴിയിൽപ്പോയി
ആയതുപിന്നെയുമുണ്ടാക്കീടാം

Digitized By Kerala Sahitya Akademi

കായംകിട്ടകിലത്തബാറ്റലാഭം
മലയുടെറ്റെറയിൽച്ചെന്നുകടന്നാർ
ചിലരഭോരംപ്രാണഭയത്താൽ
വലിയൊരുപുലിവന്നടിയുംകൂട്ടി-
ത്തലയുംകൊണ്ടുതിരിച്ചാനപ്പോൾ.
കലയുംമാനുംവരുമൊരുമാർഗ്ഗെ
വലയുംകെട്ടിക്കാട്ടാളന്മാർ
മലയിലൊളിച്ചിഹപാക്കുന്നേരം
വലയിൽചെന്നുവലഞ്ഞാനൊരുവൻ.
വലയിൽപെട്ടതുകണ്ടൊരുവേടൻ
കലയെന്നോൎത്തൊരുബാണമയച്ചാൻ
തലയിൽകൊണ്ടുതറച്ചതുകണ്ടോ-
മലയൻവന്നിഹനോക്കുന്നേരം
കലയല്ലിവനൊരുവലിയൊരുതടിയൻ
മയാളത്തിലെമാനുഷനൊരുവൻ
വലയിന്നിങ്ങുവലിച്ചുപതുക്കെ
തലയീന്നമ്പുപറിച്ചാൻ വേടൻ.
പേടിത്തൊണ്ടൻമറെറാരുമാനുഷ-
നോടിപ്പോംവഴിയറിയാറാക്കി
കാട്ടതകത്തൊരുവാരിക്കുഴിയിൽ-
ച്ചാടിയൊളിച്ചുകിടന്നാനപ്പോൾ,
ഉള്ളത്തിൽഭയമേറുകമൂലം
വെള്ളത്തിൽച്ചിലർചാടിയൊളിച്ചു,
വള്ളിക്കെട്ടുകൾതോറുംചെന്നതി-
നുള്ളിൽപുക്കിതുപലജനമപ്പോൾ,

Digitized By Kerala Sahitya Akademi

മണ്ണിൽപലപലകുഴിയുണ്ടാക്കി_
പ്പൊണ്ണന്മാർചിലരവിടെയൊളിച്ചു,
കണ്ണുമടച്ചുപുതച്ചുകിടന്നൊരു_
വണ്ണുമുറക്കവുമങ്ങുതുടങ്ങി;
കൊമ്പുകുഴൽക്കാർചെണ്ടക്കാരരു_
മമ്പുഭയപ്പെട്ടോടിനടന്നാർ,
കൊമ്പന്മാരുടെകൊമ്പുമരത്തിൻ_
കൊമ്പുതടഞ്ഞുടനമ്പതുഭിന്നം,
മദ്ദളമരയിലുറപ്പിച്ചീടിന
വിദ്വാനോട്ടുകപാരംദണ്ഡം,
മദ്ദളമങ്ങൊരുകാട്ടിലെറിഞ്ഞി_
ട്ടദ്രിക്കിന്നഥധാവതിചെയ്തു,
ഒരുഭാഗത്തെത്തോലുപിളൎന്നി_
ട്ടൊരുവൻചെണ്ടയ്ക്കകമേപുക്കാൻ
പെരുവഴിതന്നിലുരുണ്ടുതിരിച്ചാൻ
പെരുതായുള്ളൊരുചെണ്ടക്കാരൻ. 1288
ഉടുക്കുംകൊട്ടിക്കൊണ്ടഗ്രേനടക്കുന്നമേളക്കാർ
ഉടുക്കുംമുണ്ടുംകളഞ്ഞുമിടുക്കുംഭാവിച്ചുമണ്ടി
തിടുക്കംപൂണ്ടൊരുവീട്ടിലുൾക്കടപ്പാൻഭാവിക്കുന്നേരം
കടുത്തനായർതാൻവന്നുതടുത്താനത്രയുമല്ലാ;
ടിക്കുംപിടിച്ചുനാലഞ്ചടിക്കുന്നഘോഷംകേട്ടു്
പാടുക്കെന്നുകാട്ടിൽപുക്കുകിടക്കുന്നനായന്മാർവ_
ാടുക്കുന്നകോലാഹലംകൂടുക്കുന്നുണ്ടൊരുദിക്കിൽ
ടയ്ക്കുതോററുമണ്ടുന്നഭടന്മാർവന്നുകേറുമ്പോഠം
ടിക്കൽകാവലുംവച്ചുകടപ്പാനെളുതല്ലെന്നും

Digitized By Kerala Sahitya Akademi

വനത്തിൽനിന്നോടിവന്നാജനത്തിന്റെഭാവംകണ്ടു
മനസ്സിൽനിന്ദികളാംനാരീജനത്തിന്റെവാക്കുണ്ടായി
"വമ്പന്മാരായവീരക്കൊമ്പന്മാരെല്ലാമോരോ
വമ്പുംപറഞ്ഞുവില്ലുമമ്പുമെടുത്തുംകൊണ്ടു
തമ്പുരാന്മാൎതിരുമുമ്പിലകമ്പടിക്ക-
ങ്ങിമ്പംകലൎന്നുചെന്നുവമ്പിച്ചകാനനത്തിൽ
ഗന്ധൎവ്വന്മാരെപ്പേടിച്ചന്ധന്മാരായനിങ്ങ-
ളെന്തിപ്പോളോടിപ്പോരാൻബന്ധമെൻഭോഷന്മാരേ
ചന്തംപെരിയതൊങ്കൽകുന്തംകളഞ്ഞുവീണ
ദന്തങ്ങളുംതകൎന്നുഎന്തൊരുസാഹസങ്ങൾ
തോല്ക്കുന്നകൂട്ടംനിങ്ങൾതോക്കുംകളഞ്ഞുപോന്ന-
താൎക്കുമടുത്തതല്ലിതോൎക്കുമ്പോൾചിരിയാകും
നേൎക്കുംമാററാരോടുപോരേല്ക്കുന്നനേരംപല
ചാക്കുംമുറിവുംപുനരാൎക്കുംവരാത്തതല്ലാ;
ചാട്ടംപിഴച്ചകപിക്കൂട്ടംകണക്കേനിങ്ങൾ
കൂട്ടംപിരിഞ്ഞുപാരംകോട്ടംപിണഞ്ഞമൂലം
ഓട്ടംതുടങ്ങിയതുവാട്ടംവരുവാൻതന്നേ
കേട്ടാലുടനേതന്നെനാട്ടാർ പരിഹസിക്കും;
കാട്ടിൽനിന്നോടിപ്പോന്നു വീട്ടിലൊളിക്കയെ-
ക്കാട്ടിൽമരിക്കനല്ലൂ കേട്ടീലേനായന്മാരേ!
ഗോഷ്ഠികൾപതിനാലുനാട്ടിലുംകേൾക്കുമല്ലോ!
കാട്ടിയകൎമ്മമേതുംപാട്ടിലായതുമില്ലാ"
പെണ്ണുങ്ങളുടെവാക്കീവണ്ണംകേൾക്കുന്നചില
പൊണ്ണന്മാർവീടുകളിൽകണ്ണുമടച്ചിരുന്നാർ;
കൎണ്ണൻദുരിയോധനൻവികൎണ്ണൻദുശ്ശാസനനും

Digitized By Kerala Sahitya Akademi

കണ്ണും ചുവത്തിച്ചാപദണ്ഡം കുലച്ചും കൊണ്ടു്
ചണ്ഡമായുള്ള ശരഷണ്ഡമുതിൎത്തും കൊണ്ടു
തത്ര വന്നാൎക്കുന്ന ചിത്രസേനന്റെ കൂട്ട-
മെത്രവരെയുണ്ടത്ര ചിത്രന്മാരവരോടു
യുദ്ധം തുടങ്ങിയവരിത്ഥം പറഞ്ഞീടുന്നു
ക്രുദ്ധന്മാരായ കുരുവൃദ്ധന്റെ നന്ദനന്മാർ. 1823

"ഗന്ധൎവ്വന്മാരാകിന നിങ്ങടെ
ഗന്ധം പോലും നാസ്തിയതാമൊരു
ബന്ധം കൂടാതിങ്ങിനെ നേൎപ്പാ-
നെന്തൊരു കാരണമധമന്മാരേ!
അംബരചാരികളാകിന നിങ്ങടെ
ഡംബരമിന്നു ശമിക്കുമശേഷം
സംഗരമിവിടെച്ചെയ്യതിനുള്ളൊരു
സംഗതി വന്നിതു നന്നിതു കാലം
അംഗമഹീപതി കൎണ്ണൻ ഞാനതു
നിങ്ങളറിഞ്ഞീലെങ്കിലിതറിവിൻ!
അംഗങ്ങളിലുടനമ്പുകൾ കൊണ്ടിഹ
ഭംഗം വരുമളവറിയാമെല്ലാം;
നിങ്ങടെ വിരുതുകളൊന്നുമിദാനീം
ഞങ്ങടെ നേരെ ഫലിക്കയുമില്ലാ;
കുരുകുലതിലകൻ ദുൎയ്യോധനനൃപ-
നരികുലശലഭദവാനലസാരൻ
കരബലശാലികളനുജന്മാരും
പരബലമാൎത്തുതകൎക്കുമശേഷം." 1846

ശ്ലോകം.

കുംഭീന്ദ്രപ്രൌഢകുംഭസ്ഥലദലനകലാ-
ചണ്ഡഘോദ്ദണ്ഡസാരാൻ
ഗംഭീരാരാവഘോരാൻകിമുശശനികര-
സ്സംഹരേത്സിംഹവീരാൻ
കിംഭോ!ഗന്ധർവ്വവൃന്ദംസകലമപിസമം
സംഗതംസംഗരാന്തേ
ഡംഭോപേതംവിജേതുംപ്രഭവതിവിമതോൽ-
കൎത്തനാൻധാൎത്തരാഷ്ട്രാൻ.

ശ്ലോകംകൊണ്ടുപറഞ്ഞാലറിവാ-
നാകുലമെങ്കിൽപൊരുളുഞ്ചൊല്ലാം
ലോകരശേഷംബോധിക്കേണം
ലൌകികമിതുകഥനംചെയ്യുന്നു
ആനത്തലവന്മാരുടെമസ്തക-
മാശുപിളൎന്നുകിളൎന്നൊരുരുധിരം
പാനംചെയ്തുമദിച്ചുനടക്കും
പരുഷമതാകിനസിംഹകുലത്തെ
താനേചെന്നൊരുകൂട്ടംമുയലുകൾ
താഡിച്ചാശുവധിപ്പാൻമതിയോ;
അതുപോലേബഹുഗന്ധർവ്വന്മാ-
രതുലപരാക്രമശാലികളാകും
ധൃതരാഷ്ട്രാത്മജരോടമർചെയ്വാൻ
മതിയാമോബതശിവശിവ!മോഹം
കൂടലർകുലബലമറുതിപെടുക്കും
കൂട്ടംകരുകുലമെന്നുധരിപ്പിൻ!

Digitized By Kerala Sahitya Akademi

ആടലശേഷമകന്നുപടയ്ക്കതി-
പാടവമേറിനകൎണ്ണാദികളൊടു
കൂടാനിങ്ങടെനികൃതികളൊന്നും
വാടാഖേചരമൂഢാ!രണഭുവി
വാടാഞങ്ങളിലൊരുവൻപോലും
പ്രൌഢാഹംകൃതിഹുംകൃതിയാലതി-
മൂഢന്മാരുടെവാക്കിതിവണ്ണം
ശ്രദ്ധമതല്ലിഹപൊരുളുതുകിഞ്ചിൽ."

മിത്രനന്ദനസുയോധനവൃന്ദം
തത്രവന്നുടനടുത്തുദരായാം
ചിത്രസേനനഥസേനകളോട-
ങ്ങൊത്തുകൂടിയവരോടുരചെയ്താൻ:—
"നില്ലുനില്ലെടസുയോധന!കൎണ്ണാ!
നിങ്ങൾചൊന്നമൊഴിനിന്ദിതമെല്ലാം,
വില്ലെടുത്തുവിളയാടിനഞങ്ങൾ-
ക്കില്ലതെല്ലുമൊരുവാട്ടമിദാനീം.
കൂൎത്തുമൂൎത്തശരമാരികളെല്ലാം
പേൎത്തുപേൎത്തുടനതിൎത്തുതുടൎന്നാൽ
ചീൎത്തമൂൎത്തികളിലാശുസമസ്തം
കോൎത്തുകോൎത്തശകലീകൃതമാകും;
ധാൎത്തരാഷ്ട്ര!കുടിലാശയ!നിന്റെ
ധൂൎത്തുകൊണ്ടുഫലമില്ലെട!മൂഢാ!
ഓൎത്തുകൊൾകമമബാഹുബലംനീ
നേൎത്തുവന്നതതിസാഹസമല്ലോ;
ഉഗ്രചാരിവരരോടമർചെയ്താ-

Digitized By Kerala Sahitya Akademi

ളൂർദ്ധ്വമാമവനിചാരികളെല്ലാം
മൂർദ്ധഭാഗമതിലമ്പുകളേററി-
ട്ടൂർദ്ധ്വലോകഗതിവന്നുഭവിക്കും;
കാട്ടിൽവന്നുനിജപൌരുഷഭാവം
കാട്ടുവാനിഹതുടന്നൊരുകള്ള-
ക്കൂട്ടമിങ്ങനെതിമിർത്തുമൂലം
കോട്ടമിന്നുവരുവാൻവഴികൂട്ടി;
ന്നൂററുപേരുമിഹനിങ്ങളശേഷം.
കൂററുകാരുമുടനൻപൊടുപോരിൽ
തോററുപോംഝടിതിയത്രയുമല്ലാ
കാററുപോലെദൃഢമാർത്തുപറക്കും. 1898

അഷ്ടികഴിച്ചതിമിർത്തുനടക്കും
യഷ്ടികളൊരുവകദ്ദുർവ്വിനയന്മാർ
നഷ്ടിവരാനൊരുവഴിയുംനോക്കി-
ക്കഷ്ടിച്ചങ്ങനെപടയുംകൂട്ടി
കെട്ടിച്ചുററിയണിഞ്ഞുഞെളിഞ്ഞിഹ
കൊട്ടിഗ്ഘോഷിച്ചാർത്തുവിളിച്ചും,
പെട്ടികളുംചിലപെട്ടകവുംപല
ചട്ടമതിങ്ങനെവട്ടംകൂട്ടി
ചെട്ടികളുംചിലകട്ടികളുംകോ-
മട്ടികളുംപലപട്ടന്മാരും
നാട്ടിലിരിക്കുംപ്രജകളെയെല്ലാം
കൂട്ടിസ്വരൂപിച്ചെന്തൊരുകാര്യം?
കാട്ടിൽവരാനിഹകടിലന്മാരേ!
കാട്ടിയവിരുതുകളൊക്കെയബദ്ധം.

Digitized By Kerala Sahitya Akademi

കാട്ടിലിരിക്കുംപാൎത്ഥന്മാരെ-
ക്കാട്ടീടുവതിന്നിങ്ങനെനിങ്ങടെ
ഗോഷ്ഠികളോൎത്താൽചിരിയാകുന്നു;
ഗോഷ്ഠവിലോകനമെന്നൊരുകപടം.
പുഷ്ടിനടിക്കുംനിങ്ങളെയിപ്പോൾ
പട്ടിക്കുംബഹുമാനംനാസ്തി;
കൊട്ടിക്കൊണ്ടിഹവരുവാനിങ്ങനെ
സൃഷ്ടിച്ചാനൊരുകുസൃതിക്കാരൻ
രാഷ്ട്രവിനാശത്തിന്നുടനേധൃത-
രാഷ്ട്രസുതന്മാർനിങ്ങൾപിറന്നു
നാട്ടിന്നുനാശംനിങ്ങടെമൂലം
നാണക്കേടിന്നുനല്ലൊരുമാൎഗ്ഗം
പടയുംനിങ്ങടെപദവികളുംപല-
കുടയുംകൊടിയുംതഴചാമരവും
പടഹംതുടിപറകൊമ്പുംകുഴലും
പടുതരഘോഷമശേഷവുമിപ്പോൾ
ഝടിതിനശിച്ചിതുജളരേ;നിങ്ങടെ
തടിമാത്രംശേഷിച്ചിതുസമരേ
തടിയന്മാരേ!പടപൊരുതീടുക
കുടിലന്മാരേ! മൂഢന്മാരേ!
മടിയന്മാരുടെമദവുംമതവും
പടതുടരുമ്പോൾതീരുമതറിവിൻ." 1484

ഇത്ഥംപറഞ്ഞുകൊണ്ടുയുദ്ധംതുടങ്ങിതത്ര
ചിത്രസേനാദികളും ധാൎത്തരാഷ്ട്രാദികളും,
അസ്ത്രങ്ങളനവധിശസ്ത്രങ്ങൾപലവിധം

Digitized By Kerala Sahitya Akademi

ചിത്രപ്രകാരമതുമാത്രംപറവാൻമേലാ
വെട്ടംതടവുംചിലമുട്ടംമുറികരംപുന-
രൊട്ടംകുറവില്ലാത്തകൊട്ടുംകുഴൽവിളിയും;
എട്ടുദിഗന്തങ്ങളുംപൊട്ടുംപ്രകാരംപട-
വെട്ടംകരുക്കളെമ്പത്തെട്ടുംമുപ്പത്തുംനാലു-
മെട്ടുംതളന്നുവില്ലുമിട്ടുംകളഞ്ഞുനല്ല
പട്ടുംവെടിഞ്ഞുപുറകോട്ടുതിരിച്ചനേരം
ക്ലൂട്ടംകലമ്പിപ്പടക്കൂട്ടംപലവഴിക്കും
ഓട്ടംതുടങ്ങിപലകോട്ടങ്ങൾകണ്ടുനില്ക്കും
ധീരൻചിത്രസേനൻഗംഭീരൻഗന്ധർവ്വരാജ-
വീരൻവൈരവപേരുടെനേരേപറഞ്ഞുടനത്താഴ്ച
"രേരേ! മൂഢരേ! നിങ്ങളാരേക്കാണ്മാനോടുന്നു
പോരാടുവാൻമിടുക്കുപോരാത്തനിങ്ങളിപ്പോ-
പോരായ്കുവരുമെന്നതേതുംനിരൂപിക്കാതെ [ൾ
ആരുചൊല്ലിത്തങ്ങടേപൌരുഷംകാട്ടാൻവന്നു?
[ങ്ങൾ
നില്പിൻതരിമ്പെങ്കിലുംകെല്പില്ലാത്തവർനി-
ജല്പിപ്പാൻമാത്രംകൊള്ളാമല്പന്മാരയ്യോകഷ്ടം
ചൊല്ലൊല്ലൊങ്ങുംദേവരാജൻകല്പിച്ചുവന്നു ഞങ്ങൾ
സപ്പുഝാജന്റെകൂട്ടമെപ്പേരുമിന്നുതന്നെ
സ്വഗ്ഗത്തിൽവന്നീടണംഭഗ്ഗില്ലാപറയുന്നു
പട്ടുംവളയുമെല്ലാംകിട്ടുമതുയുമല്ലാ
വീരശൃംഖലനിങ്ങൾക്കോരോന്നുകൈക്കുപോടും
പാരാതെപോന്നുകൊൾവിൻവീരാളിപ്പട്ടും..
[കിട്ടും." 1460

Digitized By Kerala Sahitya Akademi

ഇത്ഥംമൊഴിപറഞ്ഞുസമത്ഥൻ
ചിത്രസേനനതിവേഗമടുത്തു
തോറവട്ടരമഥധാവതിചെയ്യും
നൂറവുപേരെയുമടുത്തുതടുത്തു
വാറുകൊണ്ടുടനടിച്ചുപിടിച്ചു-
ക്കയറുകൊണ്ടുടൽവരിഞ്ഞഥകെട്ടി
തേരിലെക്കൊടിമരത്തൊടുകൂടി-
ച്ചേരുമാറു പലകെട്ടുമുറുക്കി
ക്ഷിപ്രമംബരതലത്തിലുയന്നാ-
നപ്രമേയബലനാകിനദിവ്യൻ.
ധാത്തരാഷ്ട്രശതവുംപുനരപ്പോൾ
ആത്തരായിമുറയിട്ടുതുടങ്ങീ:—
"ധൂത്തരാമരികൾഞങ്ങളെയെല്ലാം
തേത്തടത്തിലുടനിട്ടുവരിഞ്ഞു
ഉത്തരദിക്കിനിഹകൊണ്ടുതിരിച്ചു
പാത്തുകാണ്കമമധമ്മതനൂജാ!
പാത്ഥ!ഹാ!നകുല!ഹാ!സഹദേവാ!
കാത്തുകൊൾകകനിവോടതിവേഗാൽ;
ഭീമസേന!വരികാത്തുതരിമ്പും
താമസിക്കരുതുനിങ്ങളിദാനീം
സീമയില്ലമമസങ്കടമയ്യോ
ധീമതാംവര!യുധിഷ്ഠിരവീര! 1482

(ഇന്ദിശരാഗം, കണ്ടനാച്ചിതാളം)

തടിച്ചൊരുഗന്ധവ്വൻമഹാകശ്മലൻഅടിച്ചു
പിടിച്ചുകെട്ടിക്കൊണ്ടുതിരിച്ചുശിവശിവ!

Digitized By Kerala Sahitya Akademi

ഒരുത്തൻവരുത്തുന്നൊരനർത്ഥങ്ങളാൽ [കെട്ട
കരത്തിന്നൊരുകരുത്തുമില്ലാഞ്ഞങ്ങൾകനക്കെത്തരം–
വലഞ്ഞുവശാംകെട്ടുവയംകേവലംവലയ്ക്കുകത്തു
പതിച്ചമൃഗങ്ങളെക്കണക്കെശിവശിവ!
സഖേ!ധർമ്മജ!വീരസമീരാത്മജ!സരസപാർത്ഥ!
നകുല!സഹദേവ!വരികവിരവോടെ;
നിരാധാരരായുള്ള ജനങ്ങൾക്കഹോനിങ്ങളെ –
ന്നിയെമറെറാരുജനമില്ലശരണമതുദൃഢം
കുരുക്കൾക്കുവന്നീടുംതരക്കേടഹോകുലത്തി– (1494
ലുള്ള ജനങ്ങൾക്കൊക്കത്തന്നെ സമമെന്നറികെടോ!"

ഇത്തരമുള്ളൊരുമുറവിളികൊണ്ടഥ
പത്തുദിഗന്തരമൊക്കെമുഴങ്ങി
സത്വരമതുകേട്ടധികദയാനിധി
സത്വഗുണാംബുധിധർമ്മതനൂജൻ
ഗന്ധവഹാത്മജനോടരുൾചെയ്തു:—
"ഗന്ധർവ്വന്മാർവന്നിഹനമ്മുടെ
ബന്ധുജനങ്ങളെയെല്ലാംവിരവൊടു
ബന്ധിച്ചുംകൊണ്ടങ്ങുതിരിച്ചു
ബന്ധംകൂടാതിങ്ങനെചെയ്യതി–
നന്ധതതാനൊരുകാരണമിപ്പോൾ
അന്ധൻജനകനമിക്കഥകേട്ടാൽ
അന്തസ്താപംകൊണ്ടുമരിക്കും;
എന്തെങ്കിലുമുടനനുജന്മാരുടെ
സന്താപങ്ങളൊഴിക്കണമിപ്പോൾ
അന്തരമില്ലതുചെയ്തീലെന്നാൽ

Digitized By Kerala Sahitya Akademi

എന്തിനുനമ്മുടെധൎമ്മവിചാരം?
ദുൎയ്യോധനനുംദുശ്ശാസനനും
ദൂഷണമനവധിചെയ്യുവരെങ്കിലു-
"മൎയ്യാതെങ്ങൾവലഞ്ഞെ"ന്നിങ്ങനെ
കയ്യുംമെയ്യുംവശമല്ലാത്തവർ
നമ്മെവിളിച്ചുകരഞ്ഞതുകേട്ടിഹ
ചുമ്മയിരിപ്പതുചിതമോസഹജ!
ധൎമ്മംനൃപതിക്കാശ്രിതരക്ഷണ-
കൎമ്മമതല്ലോസഹജന്മാരേ!
ദുൎമ്മദമിപ്പോളരുതരുതുരുതര-
ദുരിതംവരുമതിനനവധിമേലിൽ."

അഗ്രജവചനംകേട്ടൊരുനേരമു-
ദഗ്രപരാക്രമിയാകിയഭീമൻ
അഗ്രേനിന്നുപറഞ്ഞുതുടങ്ങിസ-
മഗ്രാഹംകൃതിശാലിഗഭീരൻ;
"അടിയങ്ങൾക്കിഹനാലുജനത്തിനു-
മരുളിച്ചെയ്യൊരുകല്പനകേൾപ്പാൻ
മടിയെന്നുള്ളതുമില്ലിഹധൎമ്മം
പിടിപാടില്ലാത്താളുകളല്ലാ;
കള്ളച്ചൂതുകൾകൊണ്ടുചതിച്ചൊരു
കള്ളന്മാരുടെകപടമതോൎത്താൽ
ഉള്ളംതന്നിലൊരല്പംകനിവെ-
ന്നുള്ളതുസംപ്രതിതോന്നുന്നീലാ;
തള്ളലുമവരുടെതുള്ളലുമൊരുവക
ഭള്ളുംപെരുകിനകള്ളവുമോൎത്താൽ

Digitized By Kerala Sahitya Akademi

കൊള്ളാമിത്തൊഴിൽതാനേവന്നതു
കോലാഹലമെന്നെന്നുടെപക്ഷം;
ഗന്ധൎവ്വന്മാർസരസന്മാരവർ
എന്തെന്നില്ലാത്താളുകളല്ലവർ
ബന്ധംകൂടാതല്ലവരിവരെ-
ബ്ബന്ധിച്ചങ്ങനെകൊണ്ടുതിരിച്ചു;
പാലുകുടിച്ചുതടിച്ചൊരുകൂട്ടം
വാലില്ലാത്തകുരങ്ങച്ചന്മാർ
നാലഞ്ചല്ലൊരുനൂറുജളന്മാർ
നാടുമുടിപ്പാൻവന്നുപിറന്നു
ചന്തംകാട്ടിനടക്കുന്നവരുടെ
ദന്തംതല്ലിയുതിൎപ്പാൻനല്ലൊരു
ബന്ധംകാണാതങ്ങുവസിക്കും
ഗന്ധൎവ്വന്മാൎക്കിന്നുകണക്കിൽ
ബന്ധിപ്പാനൊരുസംഗതിവന്നതു
സന്ധിക്കാതവർവിടുകയുമില്ലവ-
രെന്തെങ്കിലുമൊന്നാരംഭിച്ചാൽ
അന്തരമില്ലതുചെയ്യേനിൽപൂ
വിണ്ണുവർനാട്ടിലിരിക്കുംവേശ്യ-
പ്പെണ്ണുങ്ങടെനടുമുറ്റമടിപ്പാൻ
പൊണ്ണന്മാരിവർകൊള്ളാമവരുടെ
പെണ്ണുങ്ങടെവിടുപണിചെയ്യിക്കാം;
കാളിപ്പെണ്ണുകളിക്കുന്നേരം
താളിപതപ്പാനൊരുവൻകൊള്ളാം;
നീലിപ്പെണ്ണിനുനിദ്രാസമയേ

Digitized By Kerala Sahitya Akademi

കാലിണ ഞെക്കാനപരൻകൊള്ളാം
ഉഷ്ണിതൻെറപടിക്കമെടപ്പാൻ
ഉഷ്ണിയിലുള്ളവരിവർചിലർകൊള്ളാം,
അരുവയർമൌലിതിലോത്തമതന്നുടെ
പുരമുറിത്തുപ്പാനൊരുവൻകൊള്ളാം,
സപത്ന്യസ്ത്രീകടെവൃഷലികൾവേലയെ-
ടുക്കേണ്ടുന്നതിനിവരെക്കൊള്ളാ,
പച്ചിലയുള്ളൊരുപാദവിക്കാരുടെ
എച്ചിലെടുപ്പാനിവർചിലർകൊള്ളാം,
ചന്ത്രക്കാരനുവെററിലതെറുപ്പാൻ
ചന്തക്കാരരിലൊരുവൻകൊള്ളാം,
കുട്ടിപ്പട്ടന്മാരുടെചുമട്ടുകൾ
കെട്ടിഃപ്പറാനൊരുവകകൊള്ളാം,
കല്പകവൃക്ഷംകാപ്പാനുള്ളൊരു
കല്പനകേൾപ്പാനൊരുവകകൊള്ളാം,
ആമ്പടികൂട്ടുന്നവരുടെവീട്ടിൽ
തുമ്പകിളപ്പാനും ചിലർകൊള്ളാം,
ഗോക്കളെമേപ്പാനും ചിലർകൊള്ളാം,
ശപാക്കളെനോക്കാനും ചിലർകൊള്ളാം,
കാക്കവരുമ്പോൾവക്കാണിപ്പാ-
നാക്കണമെങ്കിലതിന്നിവർകൊള്ളാം;
ഈവകവിടുപണിചെയ്യിപ്പാനിഹ
ദേവകൾചൊല്ലാൽഗന്ധർവ്വന്മാർ
ഇവരെക്കെട്ടിക്കൊണ്ടുതിരിപ്പാ-
നവകാശമിതെന്നടിയനുതോന്നി;

Digitized By Kerala Sahitya Akademi

മറെറാരു കാര്യക്ലേശംചെയ്യാൻ
നൂററിലൊരുത്തനുമില്ലിഹനൂനം;
മാററികളെപ്പുനരെന്തിനുനാമിഹ
മാററിക്കൊൾവാൻപണിചെയ്യുന്നു
കുരുടച്ഛാരുടെമക്കളെയൊക്കെ
തെരുതെരെമമഗദകൊണ്ടടികൂട്ടി
പരിചൊടുകൊന്നുമുടിപ്പാനായി-
പ്പുലകുറിയടിയൻഭാവിച്ചപ്പോൾ
അരുതരുതെന്നിഹജ്യേഷ്ഠൻനമ്മൊടു
തിരുവുള്ളക്കേടായതുമൂലം
കുററംവരുമെന്നോർത്തുടനടിയൻ
മുററമടങ്ങിപ്പാർക്കുന്നിപ്പോൾ
മറെറാരുകൂട്ടക്കാർവന്നേററീ-
നൂററവരേയുംകൊണ്ടുതിരിച്ചതു
മാററന്നെന്തിനുനല്ലകണക്കിലി-
തേററതൊഴിപ്പാനെന്താവശ്യം?
താനൊന്നിനുകല്പിക്കയുമില്ലിഹ
താനേവന്നതുമൊക്കെമുടക്കും;
ജ്ഞാനികളാകിനനിങ്ങടെമദ്ധ്യേ
ഞാനിങ്ങനെയൊരുമൂഢൻതീൻറു
ജ്യേഷ്ഠനുമനുജന്മാരുംകൂടി
കാട്ടിലിരുന്നുതപംചെയ്താലും!
ശാന്തന്മാരൊടുകൂടിയിരിപ്പതു
താന്തോന്നിക്കിഹതരമല്ലിപ്പോൾ
തടിയൻഭീമൻഞാനിനിനിങ്ങടെ

Digitized By Kerala Sahitya Akademi

ള്ളടയിലിരുന്നതരങ്ങൾകെടാതെ
വാള്ളൊരുദിക്കിനുപോകേയുള്ളൂ
വാച്ചൊരുപരിഭവമൊഴിയണമുടനേ.
ഗദയുംകയ്യിലെടുത്തൊരുപൊണ്ണൻ
ഉദയേകളിയുംപുഷ്പാഞ്ജലിയും
ഉപവാസങ്ങളുമുപരിതുടന്നാൽ
അപവാദങ്ങൾനമുക്കുഭവിക്കും
ചേട്ടനുമനുജന്മാരുംചെന്നു–
ച്ചെണ്ടക്കാരുടെദീനമൊഴിച്ചുട–
നവരുടെദിക്കിനയയ്ക്കേവേണ്ടു
ഭവനേചെന്നവർകേറുംമുൻപേ
കാററിന്മകനുടനവിടെച്ചെന്നിഹ
ന്നുററിനെയുംപൊടിഭസ്മമതാക്കി
കാലത്തിങ്ങുവരുന്നുണ്ടവരെ
കാലപുരത്തിൽചെന്നാൽകാണാം" 1624

കടുത്തവാക്കുകളുരത്തുഭീമൻ
കരത്തിലഗ്ഗദയെടുത്തുവെക്കം
നടപ്പതിന്നഥതുടന്നനേരം;
"കടുപ്പമാസ്സുരമടക്കമില്ലാ–
തടുത്തസോദരരുടങ്ങൊലാനീ
പൊടുക്കനെക്കഥയൊടുക്കുകെന്നു
നടക്കയില്ലിഹമിടുക്കനെങ്കിലും
ഒടുക്കമെൻപൊടുമടക്കവുംചില–
മുടക്കവുംവരുമടക്കമേത്തുഭ–
മിടയ്ക്കുസോദര!പടയ്ക്കുകാലമ–

Digitized By Kerala Sahitya Akademi

തട്ടുകാമന്നിതുനടക്കുമായതു
തട്ടുകയില്ലഹമിട്ടക്കിലുംഗദ–
മുടിക്കിലുംപുനരടിക്കിലുംപൊടി–
പെട്ടക്കിലുംപുരമടക്കിലുംപഥി
വടക്കുതെക്കിഹനടക്കിലുംതവ
മതംനമുക്കനുമതംവൃകോദര
ഹിതംപറഞ്ഞതുചിതംഗ്രഹിക്കനീ. 1642
കുരുകുലമതിലിഹജാതന്മാരവർ
ഒരുനൂറുംനാമൈവരുമല്ലോ;
ഒരുമനമുക്കുമവർക്കുംതങ്ങളിൽ
വരുവാൻവിഷമമതെങ്കിലുമിപ്പോൾ
മാററാർവന്നുവിരോധിക്കുമ്പോൾ
നൂററഞ്ചുംപുനരൊന്നെന്നേവരൂ.
ഊററക്കാൎക്കുംവരുമൊരബദ്ധം
കൂററാർവേണമൊഴിപ്പതിനപ്പോൾ
കൂററാരൊരുവനുമില്ലാതൊരുദിശി
മാററാരെങ്കിലുമുപകൃതിചെയ്യാം.
കാററിന്മകനേ!മടിയാതവർകളെ
മാററിക്കൊണ്ടിഹവരികകുമാര!
പണ്ടൊരുപൂച്ചയുമെലിയുംതങ്ങളി–
ലുണ്ടായ്വന്നുസഖിത്വമൊരുനാൾ
മലയുടെമുട്ടിൽകാട്ടാളന്മാർ
വലയുംകെട്ടിയുറപ്പിച്ചങ്ങിനെ
കലയുംമാനുംപുലിയുംവന്നതിൽ
വലയുന്നേരംകൊലചെയ്യാനായ്

Digitized By Kerala Sahitya Akademi

ഒരുദിശിപ്പാത്തിരുപകൽകഴിവോളം
ഒരുമൃഗമന്നിഹവന്നതുമില്ലാ.
വരുമിനിരാത്രിയിൽനാളെവെളുത്താൽ
വിരവൊടുവന്നുവധിക്കാമെന്നവർ
കരുതിത്തങ്ങടെഭവനേചെന്നട-
നൊരുമിച്ചവിടെയുറക്കവുമായി
ഒരുമാർജ്ജാരൻവനഭുവിരാത്രിയി-
ലിരയുംതെണ്ടിനടക്കുന്നേരം
തരസാചെന്നൊരുവലയിൽച്ചാടി-
ക്കരവുംകാലുമിളക്കാൻമേലാ
പരവശനപ്പോൾ ങ്യാവൂ ങ്യാവൂ
കരവുതുംചെയ്തവിടെവലഞ്ഞു.
അരികേയുള്ളൊരുപോട്ടിലിരിക്കും
പെരുതായുള്ളൊരുമൂഷികനപ്പോൾ
അരിയായുള്ളൊരുപൂച്ചത്തടിയൻ
കരയുന്നതുകേട്ടൊന്നുവിരണ്ടു,
ഉരിയാടാതെമുഖംകാട്ടുന്നതു-
മൊരുകുറികണ്ടാൻപൂച്ചയുമപ്പോൾ
സരസതയോടുവിളിച്ചാനവനെ-
പ്പരവശനായ്ഞാൻമൂഷികവീര!
വലയിൽചാടിവലഞ്ഞിതുഞാനൊരു
ഫലമില്ലാതെമരിക്കാറായി,
കലമാൻപന്നികൾവന്നുപതിച്ചാൽ
മലയന്മാക്കുതിന്മാൻകൊള്ളാം.
വിലപിടിയാത്തൊരുപൂച്ചലഭിച്ചാൽ

Digitized By Kerala Sahitya Akademi

മലയനമായത്തുതിന്മാനാകാ.
തലയിലെഴുത്തിൻബലമതുകൊണ്ടിഹ
വലയിൽപെട്ടുവലഞ്ഞു സഖേ! ഞാൻ
എലിയുംപൂച്ചയുമന്യോന്യംബദ്ധ
കലഹികളെന്നൊരുചൊല്ലതുകൊള്ളാം
കലഹമെനിക്കുഭവാനോടില്ലതു
നലമൊടുനീയിഹബോധിക്കേണം.
വലയുടെചരടുകടിച്ചുമുറിപ്പാൻ
പലപലകൌശലമങ്ങുണ്ടല്ലോ.
മലയൻപോന്നുവരുന്നതിൽമുമ്പേ
വലകണ്ടിപ്പാൻകനിവിയലേണം.
വലയുന്നവരുടെപാലനമല്ലോ
വലിയജനങ്ങടെധൎമ്മമതറിക!
എലിയെന്നല്ലഭവാനൊരുദശയിൽ
പുലിയെക്കാളതിവൻപനതാകും"
പലവിധമിങ്ങനെമാൎജ്ജാരകനുടെ
പരവശവാക്കുകൾകേട്ടൊരുനേരം
എലിയതുബോധിച്ചരികേചെന്നഥ
വലകണ്ടിപ്പാൻവട്ടംകൂട്ടി.
ഓരോചരടുകടിച്ചുമുറിപ്പാ-
നോരോനാഴികനേരംവേണം;
തെരുതെരെയങ്ങുകടിച്ചുമുറിച്ചാൽ
തരമല്ലെന്നുണ്ടെലിയുടെഹൃദയേ;
മെച്ചമിവന്നിതുചെയ്യാനെന്നതു
പൂച്ചയറിഞ്ഞാലുപകാരത്തിനു

Digitized By Kerala Sahitya Akademi

താഴ്ച്ചവരാനുണ്ടെന്നുകനക്കേ
കാഴ്ച്ചയവന്നുണ്ടെന്നതുമൂലം
താമസമായതുകണ്ടൊരുപൂച്ച-
യ്ക്കാമയമേറിക്ലേശവുമേറി
തെരുതെരെവേണമതല്ലെന്നാലിഹ
വരുമതിദുഷ്ടൻമലയപ്പാഴൻ
പുലരുന്നേരംമലയന്മാരും
പലരുംകലശലുകൂട്ടംമുമ്പേ
വലകണ്ടിച്ചുവിടേണംനീയെ-"
ന്നെലിയൊടുപൂച്ചപറഞ്ഞുതുടങ്ങി.
വെട്ടമടുത്തൊരുസമയേമൂഷിക-
നൊട്ടുംതാമസിയാതേവലയും
പൊട്ടിച്ചൻപൊടുപോട്ടിലൊളിച്ചു
ധൃഷ്ടൻപൂച്ചയുമങ്ങുനടന്നു.
ഒട്ടുദിനങ്ങൾകഴിഞ്ഞൊരുദിവസം
കിട്ടീലെങ്ങുമൊരേടത്തശനം
അഷ്ടിക്കെന്തൊരുവകയുള്ളെന്നിഹ
കാട്ടിൽനടന്നപ്പൂച്ചത്തടിയൻ
കൂട്ടുസഖിത്വംപാലിച്ചെലിയുടെ
പോട്ടിന്നരികെചെന്നുവിളിച്ചാൻ
"പണ്ടുപകാരംചെയ്തൊരുമൂഷിക-
നുണ്ടോസുഷിരംതന്നിലിദാനീം!"
എലിയതുകേട്ടുവിലത്തിന്നുള്ളിൽ-
തലകാട്ടാതെവസിച്ചുപറഞ്ഞാൻ:—

Digitized By Kerala Sahitya Akademi

ശ്ലോകം.

"കാൎയ്യാൎത്ഥമാവയോസ്സഖ്യം
തസ്മിന്നവസിതേപുനഃ
മാൎജ്ജാരസ്ത്വംഹി മാൎജ്ജാരോ
മൂഷികോഹഞ്ചമൂഷികഃ."

"കാൎയ്യംകൊണ്ടിഹനീയുംഞാനും
കനിവൊടുസഖ്യംചെയ്തിതുമുന്നം
കാൎയ്യമതന്നുകഴിഞ്ഞുപിരിഞ്ഞു
വൈരമതിനിയുംമുന്നേപ്പോലെ
പൂശകനാംനീപൂശകനിനിമേൽ
മൂഷികനാംഞാൻമൂഷികനിനിമേൽ,
ഇനിനാംതങ്ങളിലെത്തുന്നേരം
കനിവുമതില്ലൊരുചേൎച്ചയുമില്ലാ"
ഇങ്ങിനെയുള്ളൊരുശ്ലോകംചൊല്ലീ–
ട്ടങ്ങുനടന്നിതുമൂഷികനുടനേ.
എന്നതുകൊണ്ടുപറഞ്ഞുവൃകോദര!
നന്നിതുമാൎഗ്ഗംനയശാലികളാൽ
നിന്ദിതമല്ലിതുനന്ദിതമത്രേ,
ചെന്നുടനവരുടെമോചനമുചിതം.
ഇന്നിസ്സങ്കടമമ്പൊടുതീൎത്താൽ
പിന്നെനടേത്തെപ്പോലെത്തന്നെ
കൌന്തേയന്മാർകൌന്തേയന്മാർ
കൌരവ്യന്മാർകൌരവ്യന്മാർ". 1752

"ആൎയ്യനിദാനീമരുളിച്ചെയ്തതു
കാൎയ്യമിതെ"ന്നുരചെയ്തിതുനകുലൻ.

"ഏഷണിപറവാൻവിരുതുപെരുത്തവ-
നേഷസുയോധനനനുജന്മാരും
ദൂഷണമിങ്ങനെവരുവാനൊക്കയു-
മേഷണിദോഷമിതെന്നറിയേണം."

ശ്ലോകം.

"പൂരാകശ്വനഗോമായുർ-
ദുരാഗ്രഹവശംവദഃ
പരാൻവിനാശയൻഭൂയോ
ദുരാപദമുപേയിവാൻ."

"പണ്ടൊരുകുറുനരിതിന്മാനുള്ളതു
തെണ്ടിനടന്നുമനസ്സുംമുട്ടി
കണ്ടകമുള്ളവനങ്ങളിലെല്ലാം
മണ്ടിനടന്നുതളന്നുശരീരം
കണ്ടാനൊരുദിശിനല്ലകരിമ്പുക-
ളുണ്ടാക്കിപ്പലവേലികൾകെട്ടി.
കാത്തുകിടപ്പാൻപുരയുംകെട്ടി-
പ്പാർത്തീടുന്നൊരുനായരുമുണ്ടു്.
കേളച്ചാരെന്നവനുടെപേരും
കേട്ടുഗ്രഹിച്ചാൻകുറുനരിയൊരുനാൾ
കേളച്ചാരൊടുചെന്നുപറഞ്ഞു
'കേളച്ചാ!ഞാനുരചെയ്യുന്നതു
നാളെപ്പുത്തുവെളുപ്പിനുമുൻപേ
കോളല്ലാതൊരുദൂഷണമുണ്ടാം
കാട്ടിൽനടക്കുമൊരാനത്തലവൻ
കേട്ടുകരിമ്പുകളുള്ളവിശേഷം

Digitized By Kerala Sahitya Akademi

രക്ഷിച്ചിവിടെവെള്ളത്തകരിമ്പുകൾ
ഭക്ഷിപ്പാനായ്ക്കരുമത്തടിയൻ
രക്ഷിക്കുന്നൊരുതന്നെക്കൂടേ
ഭക്ഷിക്കാതെയടങ്ങുകയില്ല"
അതുകേട്ടപ്പോൾനേരെന്നോൎത്തൊരു
മുതുകേളച്ചാരൊന്നുവിരണ്ടു
"കുറുതായുള്ളൊരുകൌശലമുണ്ടിഹ
കുറുനരിഞാനതുബോധിപ്പിക്കാം.
അമ്പുകൾചുട്ടപഴപ്പിച്ചെയ്താൽ
കുംഭിത്തടിയനെയിന്നുവധിക്കാം.
ചെറുവടക്കൊരുപൊക്കംപെരുകിന
പുററിന്നരികേചെന്നുപതുക്കെ
പററിക്കൊണ്ടാലമ്പുകളവരുടെ
നെററിക്കിട്ടുപ്രയോഗിച്ചീടാം.
പത്തുവെള്ളപ്പിനുമുമ്പേയവിടെ-
ക്കെത്തിക്കൊണ്ടാലതുസാധിക്കും"
എന്നതുകേട്ടഥകേളച്ചാരതു
നന്നെന്നോൎത്തുടനവിടെപ്പാൎത്താൻ
കുറുനരിചെന്നഗ്ഗജവരനോട-
ങ്ങറിയിച്ചാനതുസമയേതന്നെ.
"കരിമ്പുതിന്മാൻകരിവരനിപ്പോൾ
തരിമ്പുമോഹമതുണ്ടെന്നാകിൽ,
തരംവരുത്താംപത്തുവെള്ളപ്പിനു
വരമ്പിനുള്ളിൽചെന്നാലവിടെ
കരിമ്പുകാണാമായതുതുമ്പി-

Digitized By Kerala Sahitya Akademi

ക്കരത്തിലാക്കിത്തിന്നുമുടിപ്പാ-
നൊരുമ്പെടേണംനീയിഹഞാനു-
ണ്ടകമ്പടിക്കായ് മുന്നിൽനടപ്പാൻ”
ഇത്തരമുരചെയ്തീടിനകുറുനരി
മത്തഗജത്തെക്കൊണ്ടുവരുമ്പോൾ
“പത്തൻപത്തുദിവസത്തിനുഭക്ഷണ-
മിത്തടിയന്റെശരീരംമതിയാ-
മിത്തൊഴിൽനല്ലകണക്കിനുകൂടി.
കേളച്ചാരുടെതടികൊണ്ടിന്നും
നാളേക്കുംതടവില്ലഭുജിപ്പാൻ”
എന്നുവിചാരിച്ചവനുംതെളിവൊടു
ചെന്നൊരുദിക്കിലൊളിച്ചഥനിന്നാൻ
വന്നുടനാനകരിമ്പുതകർത്തഥ
തിന്നുതുടന്നൊരുസമയേകേളൻ,
ചുട്ടുപഴുത്തൊരുശരവുംവില്ലും
വട്ടംകൂട്ടിപ്പാതിരനേരം
പുററുമേലൊരുകാലുംവെച്ചഥ
തെററന്നക്കണവിട്ടൊരുനേരം
മസ്തകഭാഗേബാണംകൊണ്ടൊരു
മത്തകരീന്ദ്രൻചത്തുമറിഞ്ഞു.
വമ്പനതാകിനകേളച്ചാരെ-
പ്പാമ്പുകടിച്ചുടനവനുംചത്തു.
പത്തിപ്പുറമേൽവില്ലിൻമുനയതു
കുത്തുകയാലപ്പാമ്പുംചത്തു.
ഒക്കെച്ചത്തതുകണ്ടുപ്രസാദി-

Digitized By Kerala Sahitya Akademi

ച്ചുക്കുറുനരിയരികെച്ചെന്നുടനേ,
അക്കുലവില്ലിൻമുനമേലുള്ളൊരു
രക്തംചെന്നഥനക്കുന്നേരം
പല്ലുകൾതട്ടിമുറിഞ്ഞിതുഞാണും
വില്ലുനിവർന്നുടനവനുടെവായിൽ
കൊണ്ടുകരേറിക്കുറുനരിഭോഷൻ
രണ്ടുപിളർന്നുടനവനുംചത്തു.
ഏഷണിയുള്ളവനങ്ങനെവരുമത്ര
ദോഷങ്ങളിലതിദോഷംനിയതം;
ഭോഷന്മാർക്കിതുകാരണമിപ്പരി-
വേഷ്ടനമിങ്ങനെസംഗതിവന്നു." 1836

അഥപുനരഗ്രജനരുളിച്ചെയ്തു:—
"കഥകൾപറഞ്ഞഥകാലംപോയാൽ
രഥമതിലധുനായന്ത്രിതരാമവ-
രതിദൂരംഗതരായെന്നുവരും.
വിരയെപ്പോകവൃകോദരവീരാ!
ഹരിസുത!നീയുംകൂടിച്ചെല്ലുക.
ഇരുവരുമൊരുമിച്ചംബരചരരെ-
പ്പുരിചൊടുചെന്നുജയിച്ചുംകൊണ്ടഥ
കുരുസുതശതവുംവീണ്ടുംകൊണ്ടിഹ
വരികതരിമ്പുവിചാരംവേണ്ടാ"
ഗുരുശാസനമതുകേട്ടങ്ങിരുവരു-
മുരുതരമോദംചെന്നുവിളിച്ചു. 1848

Digitized By Kerala Sahitya Akademi

ചമ്പതാളം.

"ഗഗനചരമൂഢരേ! ഗന്ധൎവ്വകീടരേ!
ഗമനമിതുവിരവിനൊടുവിഫലതരമാക്കുവൻ!
വിരുതുകളിതൊക്കവേവിരതതരമാക്കുവൻ
വരുകയുധിപൊരുവതിനുപെരികമദശീലരേ!
കുരുകുലമഹീശരോടരുതരുതുസാഹസം.
കരികളൊടുപൊരുവതിനുകുറുനരികൾപോരുമോ
ഹരിതനയനൎജ്ജുനൻപരിശമിതദുൎജ്ജനൻ
പരുഷതരശരനികരനിരകൾചൊരിയുംവിധൌ
ഝടിതിപൊടിഭസ്മമാംകുടിലകുലമൊക്കവേ
പടപൊരുകിലുടലടയമുടവുമുടനേവരും
പടയിലധികാദരൻപട്ടമതിവൃകോദരൻ
കഠിനതരഗദയുടയകരമുനകൾകൊണ്ടുടൻ
അടിതുടരുമാഹവേപൊടിയുമുടനാകവേ
അടിമുടികളഖിലമപിതിലതുലിതമായ്വരും." 1 61

ഇത്ഥംപറഞ്ഞുകൊണ്ടുയുദ്ധംതുടങ്ങീപാൎത്ഥൻ
ഉരശ്ചപ്രദേശങ്ങളിൽകൂൎത്തുള്ളസായകങ്ങൾ
ചേൎത്തുപ്രയോഗിച്ചതുനേൎത്തുപോകാതെകണ്ടു
കോൎത്തുഗന്ധൎവ്വന്മാൎക്കുപാൎത്തുകൂടാതെയാക്കി-
ത്തീൎത്തുവിജയനിനിധൂൎത്തുഫലിക്കയില്ലെ-
ന്നോൎത്തുചിത്രസേനനുമാൎത്തുവിളിച്ചടുത്തു,
മാരികണക്കെവീരന്മാരിലസ്ത്രങ്ങളങ്ങു
വാരിച്ചൊരിഞ്ഞുവ്യോമചാരിഗന്ധൎവ്വരാജൻ
പോരിലുടനേവലവൈരിതനയനപ്പോൾ
ഭൂരിശസ്ത്രങ്ങൾകൊണ്ടുദൂരീകരിച്ചുസൎവ്വം

Digitized By Kerala Sahitya Akademi

ദിവ്യൻ പലവിധത്തിൽ ദിവ്യാസ്ത്രം പ്രയോഗിച്ചു
സവ്യസാചിതാനതു സർവ്വം തടുത്തുനിന്നു
വമ്പുള്ള ജിഷ്ണുനനുടെ അമ്പുതടുപ്പാനാന്ത–
രിമ്പുറാകനിയില്ലാഞ്ഞു കമ്പം തുടങ്ങി ദിവ്യൻ
വിട്ടുപോവാനും വഴി കിട്ടുന്നതില്ലാ പട–
വെട്ടുന്നതിന്നു പുനരൊട്ടുമെളുതുമല്ലാ;
പെട്ടെന്നു നാമിവിടെപ്പെട്ടുപോമെന്നുറച്ചു
കൊട്ടം ഘോഷവും നിർത്തിയൊട്ടും താമസിക്കാതെ
തേരും പടയും നൂറുപേരും താനും ഭൂമിയിൽ
ചേരുവാൻ വന്നിറങ്ങീ ചാരുഗന്ധർവ്വരാജൻ
മാരുതാത്മജനന്നേരം പറഞ്ഞു, പാർത്ഥാ!
പോരും കലഹമിനി ച്ചേരുകയെന്നേ വേണ്ടു
പാരം വലഞ്ഞു നിന്റെ ക്രൂരമ്പുകൊണ്ടിള്ളട്ടും
വൈരം വെടിഞ്ഞിവരെ സ്വൈരം സംഭാവിക്കേണം
ഭീമസേനന്റെ വാക്കു കേട്ടൊരു സവ്യസാചി
താമസം കൂടാതെ കണ്ടായുധമങ്ങുവച്ചു;
"ഭൂമിയിലിറങ്ങുക വൈകാതെ ചിത്രസേന!
നാമിരുവരും തമ്മിലേതും കലഹമില്ലാ."

ഗന്ധവഹാത്മജവിജയന്മാരോടു
ഗന്ധർവ്വാധിപനിദമരുൾചെയ്തു:
"ബന്ധുപ്രീതിബലംകൊണ്ടിവരെ–
ബ്ബന്ധിപ്പതിനിഹ ബന്ധം വന്നു
ഒരുവസ്തുപ്പടിപാടില്ലാത്തൊരു
കുരുസുതമൂഢന്മാരിവർ നൂനം.
നിരുപമമായ ജളപ്രഭാവം

Digitized By Kerala Sahitya Akademi

പെരുതായ് വന്നുശിരസ്സിൽകേറി
ഊറ്റംനമ്മുടെവിദ്യകൾഭേദം
മാറ്റുള്ളവരുടെനിന്ദിതമെന്നും
ഏററംമദഭരമുള്ളതശേഷം
മാററണമെന്നിട്ടഹമിതിചെയ്തു
വീരവൃകോദര!വരികധനഞ്ജയ!
വൈരംനമ്മൊടുകരുതീടൊല്ലാ
വൈരിജനങ്ങടെബന്ധനമോക്ഷം.
വിരവൊടുചെയ്കവൃകോദരവീര!" 1916

എന്നതുകേട്ടുവൃകോദരനുടനേ
സ്യന്ദനമേറിച്ചെന്നാപ്പതുക്കെ
കെട്ടുകളൊക്കെയഴിപ്പാൻരഥമതി-
ലിട്ടുപുരട്ടിയുരുട്ടിച്ചിലരുടെ
കുടുമപിടിച്ചുവലിച്ചുംചിലരുടെ
പിരടിപിടിച്ചുതിരിച്ചുംചിലരുടെ
താടിപറിച്ചുംമീശമുറിച്ചും
മോടികുറച്ചുംതട്ടിമറിച്ചും
കെട്ടഴിയാഞ്ഞതുപൊട്ടിച്ചുംപണി-
പെട്ടുരഥത്തേൽനിന്നുനിലത്തേ-
ക്കിട്ടുതുടങ്ങിമടങ്ങാതേതല-
തൊട്ടെണ്ണീസ്വരൂപിച്ചങ്ങൊരുദിശി
"ദുര്യോധനനുംദുശ്ശാസനനും
ദുർമ്മുഖനുംദുശ്ശേചാരനിവനും
ദുർമ്മർഷണനുംദുർമ്മേധാവും
ദുർദ്ധർഷണനുംദുർഭാഷണനും

Digitized By Kerala Sahitya Akademi

ദുഷ്ടഘ്രാണനും ദുഷ്ടണ്ടകനും
ദുശ്ശീലൻ ദുർബ്ബുദ്ധി ദുരീശൻ
എണ്ണം നൂറുമിതൊപ്പിപ്പാൻ ബഹു-
ദണ്ഡമിനിക്കിഹ കൈതളരുന്നു
ഉണ്ണീ! വരിക ധനഞ്ജയ! നീയിനി
എണ്ണിയൊരിക്കൽ സൂക്ഷിക്കേണം
അണ്ണൻ തമ്പിയുമവനുടെ തമ്പിയു-
മെണ്ണത്തിൽ പിഴകൂടാതെണ്ണുക!
കണ്ണില്ലാത്തൊരു ജനകനിനിത്തൊ-
ട്ടെണ്ണിയൊരേടത്താക്കുന്നേരം
തൊണ്ണൂററൊൻ പതിലേററം കണ്ടി-
ല്ലെന്നുള്ളമളിവരാതെയിരിപ്പാൻ
ധൂർത്തന്മാരെയൊരോലയിലൊക്കെ-
ച്ചാർത്തിവിടാഞ്ഞാൽ ദൂഷണമുണ്ടാം
കാണുന്നീല കണക്കപ്പിള്ളക-
മേനോക്കിച്ചന്മാരുമതില്ലാ
നല്ലചിതത്തിൽ കൂടിനമുക്കെളു-
തല്ലിനിയിവരുടെ വേറുതിരിപ്പാൻ." 1950

എന്നുപറഞ്ഞുചിരിച്ചുവൃകോദര-
നൊന്നൊഴിയാതിഹ നൂറുവരേയും
കെട്ടുമഴിച്ചുമവിട്ടുപതുക്കെ
തൊട്ടുതലോടിക്കൊണ്ടുരചെയ്താൻ:—
"ദുര്യോധനദ്രോണവചനം നിന്നുടെ
ദുര്യോഗം കൊണ്ടിങ്ങനെ സംഗതി-
വന്നുഭവിച്ചതുനന്നായ്സ്ഥിരമിനി

Digitized By Kerala Sahitya Akademi

നിന്നുടെധൎമ്മദമൊട്ടുശമിക്കും
ആയതുവരുവാൻവിഷമംനിന്നുടെ
മായമതുണ്ടോമാറീടുന്നു?
നായുടെവാലൊരുപന്തീരാണ്ടു-
ക്കായതമാകിനകുഴലതിലാക്കി
പിന്നെയെടുത്തുനോക്കുന്നേരം
മുന്നെപ്പോലെ വളഞ്ഞെയിരിപ്പൂ.
വെണ്മതികുലമതിലീശ്വരനാകിന
ധൎമ്മാത്മജനുടെചരണസമീപേ
ചെന്നുവണങ്ങിക്കരവുംകൂപ്പി
മൂന്നുവലത്തുംവച്ചുപതുക്കെ
പൊയ്ക്കൊണ്ടാലുംഹസ്തിനപുരമതി-
ലിക്കണ്ടനുജന്മാരൊടുകൂടെ.”

ഇങ്ങനെയുള്ള വൃകോദരവചനം
തിങ്ങിനനാണംകൊണ്ടുമുഖത്തെ
താഴ്ത്തിക്കൊണ്ടഥകേട്ടുമനസ്സിലൊ-
രാൎത്തിമുഴുത്തുസുയോധനനുടനേ
ഉത്തരമുരിയാടാതേതന്നേ
സത്വരമനുജന്മാരൊടുകൂടി
ഹസ്തിനപുരവഴിനോക്കിനടന്നാൻ
അസ്ഥിരമതിയാമതിശയകുടിലൻ
വിരവൊടുവീരൻവായുതനൂജൻ
നരനൊടുകൂടെച്ചെന്നുവനാന്തേ
നരപതികുലപതിയാകിനതങ്ങടെ
ഗുരുവരനാകിനധൎമ്മാത്മജനുടെ

Digitized By Kerala Sahitya Akademi

ചരണസമീപേചെന്നുവണങ്ങി
പരമാനന്ദമയാകൃതിയാകിന
മുരരിപുഭഗവാൻതന്നുടെരൂപ-
സ്മരണംചെയ്തുവസിച്ചിതുഭദ്രം 1986
ചിത്രസേനനുംവൃന്ദവുമെല്ലാം
ചിത്തസമ്മദംപൂണ്ടുഗമിച്ചു
വൃത്രവൈരിയെച്ചെന്നുവണങ്ങി
തത്രമേവിനാനതുമതിഭദ്രം. 1990

ഘോഷയാത്ര ഓട്ടൻതുള്ളൽ സമാപ്തം.

———:o:———

വിദ്യാവിനോദിനി അച്ചുക്കൂടം, തൃശ്ശിവപേരൂർ.

Digitized By Kerala Sahitya Akademi

# ടിപ്പണി

ഗ്രന്ഥാരംഭത്തിൽ കവി മഹാഗണപതിയെ വന്ദിക്കുന്നു:—

അണിമതികല=ചന്ദ്രക്കല. സുരവാഹിനി=ഗംഗ. ഫണി ..... മണികൾ=സർപ്പശ്രേഷ്ഠന്മാരുടെ പത്തികളിലുള്ള രത്നങ്ങൾ. ഗുണഗണം=ഗുണജാലം. പുരിചിട=ഭംഗിയുള്ള ജട. പ്രണതശിവങ്കരൻ=നമസ്കരിച്ചവർക്ക് ശുഭം ചെയ്യുന്നവൻ. അഗജാരമണൻ=പാർവതീപതി. കരിണീവടിവു=പിടിയാനയുടെ രൂപം. തരുണീമണി=സ്ത്രീരത്നം. ഗിരിസുതയാസഹ=പാർവ്വതിയോടുകൂടി. കരിവരവേഷം=ആനത്തലവന്റെ വേഷം. കരിഹരി,.... പരിവൃതം=ആനകൾ, സിംഹങ്ങൾ, കാട്ടുപോത്തുകൾ, പന്നികൾ തുടങ്ങിയ മഹാമൃഗങ്ങളാൽ ചുററപ്പെട്ട. വിപിനം തന്നിൽ = കാട്ടിൽ. മട്ടമലർവാസന=സുഗന്ധപുഷ്പങ്ങളുടെ വാസന. സുരഭി . . . . . . . ഗതി = സൌരഭ്യമുള്ള മലയവായുവിന്റെ വരവ്. പരിസര . . . . . . . . . ശ്രുതി = ചുററും വന്നുകൂടുന്ന വണ്ടുകളുടെ ഝങ്കാരം. പരഭൃത ...............രാഗം = കുയിലുകളുടെ പഞ്ചമസ്വരത്തിന്റെ രാഗം. പരി . . . കിരണം=പൂർണ്ണചന്ദ്രന്റെ രശ്മി. സരള . . . . വലി=മനോഹരമായ ഇലഞ്ഞിപ്പൂമൊട്ടുകളുടെ കൂട്ടം. സരസിജ.....കരം=കാമബാണങ്ങളുടെ സമൂഹം. സരസി=സരസ്സിൽ. കുമുദ....ധൂളികൾ=ആമ്പൽപ്പൂമ്പൊടികൾ. പരവശമാനസർ=പരവശമായ മനസ്സോടുകൂടിയവർ. തരസാ=വേഗം. തരുണ...... സമാനൻ=കോടിബാലസൂര്യന്മാർക്കൊത്ത കാന്തിയുള്ളവൻ. കരിമുഖമാകിന=ആനയുടെ മുഖത്തോടുകൂടിയ. പാർവ്വതീപരമേശ്വരന്മാർ ആനകളായി ക്രീഡിച്ച സമയത്തുണ്ടായ ഗണപതിദേവാ! ഞാനിതാ വന്ദിക്കുന്നു. ഇതിൽ

Digitized By Kerala Sahitya Akademi

ഓരോ പാദത്തിലും രണ്ടുമാത്രയിലുള്ള 8 ഗണവും പാദ മദ്ധ്യമായ 4–ാംഗണത്തിന്റെ അവസാനത്തിൽ യതിയുമുണ്ടാകയാൽ വൃത്തം തരംഗിണി. ലക്ഷണം:—

"ദ്വിമാത്രം ഗണമെട്ടെണ്ണം
യതിമദ്ധ്യം തരംഗിണി"

എന്നാകുന്നു (വരി 1—24)

അനന്തരം വാഗ്ദേവതയായ സരസ്വതിയെ വന്ദിക്കുന്നു:—

കല്യാണ......പോലെ=കല്യാണസമുദ്രത്തിലെ തിരമാലക്കൂട്ടംപോലെയുള്ള. നല്ലോരു.......ല്ലാട്ടം=നല്ലതായ വില്ലുപോലെയുള്ള തിരുമിഴികളുടെ ചലനം (നോട്ടം). കല്യാണം=മംഗളം. കല്യാണി=മംഗളസ്വരൂപിണി. വാണീദേവി—സരസ്വതീദേവി. ഫുല്ലാ......വെല്ലുന്ന=വിരിഞ്ഞ താമരപ്പൂവിന്റെ കാന്തിയെ ജയിക്കുന്നു. സല്ലോചനങ്ങളുടെ=നല്ല കണ്ണുകളുടെ. തെല്ലോട്—കടയോട്. മല്ലായുധ.......ലിതമാം=കാമദേവന്റെ പടവില്ലിനോടു തുല്യമായ. ചില്ലീമയ......ലാസം=പുരികങ്ങളാകുന്ന സ്വർണ്ണലതകളുടെ കളി. സല്ലാപ...........ളനകൾ=സംഭാഷണത്തിലുള്ള തേനിനാലുള്ള ലാളനകൾ. വല്ലായ്മ=അസ്വാസ്ഥ്യം. പ്രതിമല്ലന്മാർ=എതിരാളികൾ. വചനകൌശല്യം=വാക്സാമർത്ഥ്യം. ശല്യങ്ങൾ=സങ്കടങ്ങൾ. മല്ലാധിവാസജായേ=കമലാസനന്റെ (ബ്രഹ്മാവിന്റെ) പത്നി! മല്ലാക്ഷി=പത്മാക്ഷി. അല്ലയോ സരസ്വതി! എന്റെ സങ്കടങ്ങൾ തീർക്കണമേ. അഭീഷ്ടമെന്തെന്നു പറയുന്നു—ചൊല്ലേറുമൊരു കഥ = പ്രസിദ്ധമായ ഒരു കഥ. രുചി= ആഗ്രഹം. കില്ല് = സംശയം. അമൃത........ . . . . ജാലങ്ങൾ=അമൃതജലത്തിലെ തിരമാലകൾ. കവികൾ = കവിതകളെന്നർത്ഥം. ചൊല്ല് = വാക്ക്. വല്ലാത്ത കവിതകൾ = ദുഷ്ടകവിതകൾ. ഒല്ലാത്തവാക്ക് = യോജിപ്പില്ലാത്ത

Digitized By Kerala Sahitya Akademi

വാക്ക്. ഹൃദി = ഹൃദയത്തിൽ. ശല്യം = അമ്പ്. ഗുരുകടാക്ഷം = ഗുരുവിന്റെ കടാക്ഷം. സാരം സ്പഷ്ടം. ഇതിൽ കേകാവൃത്തത്തിലെ പാദം അർദ്ധിച്ച് (കേകയ്ക്കുള്ള രണ്ടു യതികളിൽ ആദ്യത്തെ യതിയിൽതന്നെ പാദം നിറുത്തി) പ്രയോഗിച്ചിരിക്കയാൽ വൃത്തം അർദ്ധകേക. ഈ വൃത്തത്തിൽ

"കല്യാണ വാരിരാശി
കല്ലോല ജാലംപോലെ"

എന്നിങ്ങനെ പാദംതിരിയുന്നു. ഈ വൃത്തത്തിന്റെ ലക്ഷണം

"കേകാപാദത്തെയർദ്ധിച്ചാ-
ലർദ്ധകേകയതായിടും"

എന്നാണ്—(25—60)

ഗുരുക്കന്മാരെ വന്ദിക്കുന്നു:—

ധരണീസുര . . . . . . . . മണി = ബ്രാഹ്മണകുലത്തിനു കിരീടരത്നം. ധരണീസുരപ്രഭു = ബ്രാഹ്മണപ്രഭു. ദേവനിക . . . . . . . ദിനകരൻ = ദേവനികരമാകുന്ന താമരപ്പൂക്കൾക്കു സൂര്യനായവൻ. അരചൻ = രാജാവ്. ധരണീധരന്റെ = വിഷ്ണുവിന്റെ. ചരണാംബുജ . . . . കരണീയൻ = ചരണാംബുജത്തിൽ ശരണമാക്കപ്പെട്ട തന്റെ കർത്തവ്യത്തോടുകൂടിയവൻ. ഗുരുകരുണാ . . . . ലയൻ = വലിയ കരുണയാകുന്ന അമൃതരസത്തിനു സമുദ്രമായവൻ. അതിതരു . . . . ഹം = അതിതരുണമായ (ഏറ്റവും താരുണ്യമുള്ള) അമിതമായ കാന്തിയുടെ മുഴുപ്പ്. അരുണാ . . . . തരുണാകാരൻ = അരുണന്റെ (സൂര്യന്റെ) അമലമായ പുതുകിരണാവലിയുടെ പരിണാമംപോലെയുള്ള തരുണമായ ആകൃതിയോടുകൂടിയവൻ. അരുണാംഗുലി . . . . ശരണൻ:—ചുവന്ന വിരൽ നഖങ്ങളുള്ളതും താമരപ്പൂവിനു തുല്യവുമായ ചരണത്തോടുകൂടിയവൻ. അരുണാ . . . . നന്ദൻ = അരുണങ്ങളായ അപാംഗങ്ങളുടെ സ്ഫുരണത്തിൽ (കടക്കൺ നോട്ടത്തിൽ) ആനന്ദത്തോടുകൂടിയവൻ. ഹരിണാ

Digitized By Kerala Sahitya Akademi

........തരുണാം (ഹരിണാം, കനകവിതരണാദിഷു സുരതരുണാം, നീതിഷു ഗുരുണാം, ധൈര്യേ ഉരുണാം ഗിരിണാം സമഗുണൻ എന്നു പദയോജന)= വിഷ്ണുവിനോടും, സ്വർണ്ണദാനം മുതലായതിൽ കല്പവൃക്ഷത്തോടും, നീതികളിൽ ബൃഹസ്പതിയോടും, ധൈര്യത്തിൽ മഹത്തായ പർവ്വതത്തോടും സമമായ ഗുണത്തോടുകൂടിയവൻ. സുമധുര..........രണോദാത്തൻ = സുമധുരകളായ തരുണികളുടെ മാനസഹരണത്തിങ്കൽ ഉചിതമായ തന്റെ കരുണയാൽ ഉന്നതമായ ഗുണത്തിന്റെ ഭരണത്താൽ ഉദാരമമായ വിഹരണംകൊണ്ട് ഉദാത്തനായവൻ (സുന്ദരിമാരെ ആകർഷിക്കത്തക്ക ഗുണമുള്ളവൻ.) സമരണോദഗ്രൻ = ഘോരനായ യുദ്ധത്തിങ്കൽ വിരുതൻ. ചരണാ..........ന്നിദ്രൻ = കാല്ക്കൽ പണിയുന്നവർക്കു രക്ഷനല്കുവാൻ ഉണർന്നിരിക്കുന്നവൻ. ധരണീ.......ധീരൻ = ഭൂമിപരിപാലനം ചെയ്യുന്നവൻ. പരിണാമസുഖം = അവസാനസുഖം. ചമ്പകനാട്ടിലെ രാജാവിനെ ഞാൻ വന്ദിക്കുന്നു. വിശേഷണങ്ങൾ ആ രാജാവിന്റെ മാഹാത്മ്യത്തെ വിശദീകരിക്കുന്നു—(61_82.)

ശ്ലോകം (ഭാ: 4)

യത്ര = യാതൊന്നിൽ. പുരോഭാഗിനാം = ദോഷം മാത്രം കാണുന്നവരുടെ. സതാം = സത്തുക്കളും. ന ഘടതേ = ഇല്ലയോ. സാ ഗോഷ്ഠീ = ആ സഭ. വിരളാ = ചുരുക്കമാകുന്നു. യദീയം = യാതൊരുവളെസ്സംബന്ധിച്ച. മനഃ = മനസ്സ്. കസൃതിക്ലിഷ്ടം ന = കുസൃതിയാൽ വ്യാപിക്കപ്പെട്ടതല്ലയോ. സാ നാരീ = ആ സ്ത്രീ. ദുർല്ലഭാഖലു = ദുർല്ലഭതന്നെയാണ്. യൽ = യാതൊന്നിനെ. തീരജരജോരാജിഃ = തീരത്തിൽനിന്നുണ്ടാകുന്ന പൊടിയുടെ കൂട്ടം. ന ദൂഷയേൽ = ദുഷിപ്പിക്കയില്ലയോ. തൽ അംബു ച = ആ വെള്ളവും. ദുഷ്പ്രാപം = ദുർല്ലഭമാണ്. യൽ = യാതൊന്നിനെ ദുഃഖാനുവൃത്തിഃ = ദുഃഖാനുബന്ധം. ന ആവിലയതേ = മലിനമാക്കുന്നില്ലയോ. തൽ സുഖം ച =

Digitized By Kerala Sahitya Akademi

ആ സുഖവും. ദുസ്സാധം = കിട്ടാൻ പ്രയാസമുള്ളതാകുന്നു. ഇതിൽ മ. സ. ജ. സ. ത. ത. ഗണങ്ങളും അന്തത്തിൽ ഗുരുവും 12-ൽ യതിയുമുണ്ടാകയാൽ വൃത്തം ശാർദ്ദൂലവിക്രീഡിതം. ലക്ഷണം:—

"പന്ത്രണ്ടാൽ മസജം സതം ത
ഗുരുവും ശാർദ്ദൂലവിക്രീഡിതം"

മേൽപ്പറഞ്ഞ ശ്ലോകത്തിന്റെ അർത്ഥം പരാവർത്തനരീതിയിൽ വിസ്തരിച്ചുപറയുന്നു:—

പൊരുൾ=സാരം. മതിമാന്മാർ=ബുദ്ധിമാന്മാർ. സഭാസദസ്സിൽ. ദോഷഗ്രാഹികൾ=ദോഷം ഗ്രഹിക്കുന്നവർ. ദോഷജ്ഞന്മാർ=വിദ്വാന്മാർ. വേഷമനോഹരി=വേഷംകൊണ്ടു മനസ്സിനെ വശീകരിക്കുന്നവൾ. പല്ലവം=തളിര്. ആനന്ദകരം=ആനന്ദമുണ്ടാക്കുന്നതു്. ചാരുത=ഭംഗി. സലിലത്തിന്=വെള്ളത്തിന്. വിരുദ്ധം=വിരോധമുള്ളതു്. ദുഃഖാഗമനം=ദുഃഖത്തിന്റെ വരവു്. ബഹുദുർല്ലഭം=വളരെച്ചുരുക്കം. ബുധന്മാർ=വിദ്വാന്മാർ. വല്ലഭം=നന്മ എന്നർത്ഥം. ഭാഷാകവിത=മലയാളഭാഷാകവിത—വൃത്തം തരംഗിണി. (83-118)

ഇഷ്ടദേവതാവന്ദനം:—

ശുകപുരം=കിള്ളിക്കുറുശ്ശിമംഗലം. സുകവിത=നല്ല കവിത. തകഴി........... സുതൻ=തകഴിക്ഷേത്രത്തിലെ ശാസ്താവു്. സകലഗുണങ്ങൾ=എല്ലാ ഗുണങ്ങളും. നഗവരനന്ദിനി=ശ്രീപാർവ്വതി. മാത്തൂ.......പതി=മാത്തൂർകാവിലെ ദേവി. വിഗതകളങ്കം (ക്രിയാവിശേഷണം)=കളങ്കംകൂടാതെ. കവികൾ=കവിതകൾ. മികവു=സാമർത്ഥ്യം. അംബര...........നിലീനം=അമ്പലപ്പുഴ ക്ഷേത്രത്തിലിരിക്കുന്ന. അംബുജനയനം=താമരപ്പൂക്കൾപോലെ ഭംഗിയുള്ള കണ്ണുകളോടുകൂടിയതു്. നയനാനന്ദം=കണ്ണുകൾക്കാനന്ദമുളവാക്കുന്നതു്. കംബുകശാപരിശോഭിതം=ശംഖംകൊണ്ടും ചമ്മട്ടികൊണ്ടും ശോഭിക്ക

Digitized By Kerala Sahitya Akademi

ന്നതു്. ബിംബം=വിഗ്രഹം (പാൎത്ഥസാരഥി) അവലംബം= ആശ്രയം. വൃത്തം തരംഗിണിതന്നെ. (119—130)

കഥയെ അവതരിപ്പിക്കുന്നതിന്നുവേണ്ടി കവി ഒരു മാതൃകാരാജാവായി സങ്കല്പിക്കപ്പെട്ട ഉലകുടെ പെരുമാളെയും അദ്ദേഹത്തിന്റെ ഭരണത്തിൽ പ്രജകൾക്കുണ്ടായ ഗുണങ്ങളേയും ഉപന്യസിക്കുന്നു:—

ജയശ്രീകൾക്കു=വിജയലക്ഷ്മികൾക്കു. കലഗൃഹം=ഇരിപ്പിടം. കുവലയനയനൻ=കരിംകുവളപ്പൂപോലെ കണ്ണുകളുള്ളവൻ. അവനീ..........ലകൻ=രാജസമൂഹങ്ങൾക്കൊരു പൊട്ടുപോലെയുള്ളവൻ. വലാരിപുരസന്നിഭൻ=ഇന്ദ്രതുല്യൻ. അംബുധികാഞ്ചീവലയിതം=സമുദ്രമാകുന്ന കാഞ്ചിയാൽ ചുററപ്പെട്ടതു്. വസുധാചക്രം=ഭൂമണ്ഡലം. കുല... .......ഷരാവലീ=കുലവും ബലവും ധനവും ജനവും ധാരാളമുള്ളവർ. നലമേ=നല്ലപോലെ. ദിവ്യവിഭൂതി=സ്വൎഗ്ഗത്തിലുള്ള ഐശ്വൎയ്യം. ചാരുസ്ത്രീകുലപാലികമാർ=സുന്ദരിമാരായ കുലസ്ത്രീകൾ. ചാരിത്രത്തിന്ന=പാതിവ്രത്യത്തിന്ന. ഭംഗം=നാശം. ദുൎമ്മുഖം=മുഖത്തിന്നു ദുൎവ്വികാരം. കല്മഷം=പാപം. കശ്മലർ=നീചന്മാർ. വഞ്ചനം=ചതി. വാഞ്ഛിതം—അഭീഷ്ടം. ചഞ്ചലം=ഇളക്കം. ചാപലം=ചപലസ്വഭാവം. ചഞ്ചലമിഴിമാർ=സുന്ദരിമാർ. നിഷ്ഠുരം=ക്രൂരവചനം. മന്ദിരപ്രതിവിനാശം=ഗൃഹത്തിലെ സമ്പത്തിന്നു നാശം. ഭീഷ... .......ഷണം—ഭയങ്കരമായ വാക്കു പറയൽ. ഏഷണദോഷവിശേഷം—കണ്ടുപിടിച്ചുണ്ടാക്കിയ ദോഷം. മോഷ്ടാവു്—കള്ളൻ. കുണ്ഠ..........ജനം=കൈയ്യൂക്കു കാണിക്കുന്ന ഭടന്മാർ. സംഘവിരോധം—സംഘദ്രോഹം. സങ്കരം—കലൎപ്പു്. സംഗര.................................ഭവം = യുദ്ധഭീതി നിമിത്തമായ പരിഭവം. വ്യാകുലം = ഇടയിളക്കം. പഠിയാത്തവർ = പഠിക്കാത്തവർ. ലാഘവം = ലഘുത്വം. ലാലസ = അതിതൃഷ്ണ. രാഘവസേവകർ = ശ്രീരാമഭ

Digitized By Kerala Sahitya Akademi

ക്തന്മാർ. പീഡകൾ = സങ്കടങ്ങൾ. പിഴകി.........നങ്ങൾ = ദുഷ്ടരായിപ്പോയ ആളുകൾ. കണ്ടകൻ = കുററം ചെയ്യുന്നവൻ. കക്കശൻ = കഠിനൻ. കാതരൻ = ഭീരു. കാതരമിഴിമാർ = സുന്ദരിമാർ. വിന = ദുഃഖം. ധർമ്മപ്പെരുമാൾ = ധർമ്മരാജാവു് തന്മകൻ = അദ്ദേഹത്തിന്റെ മകൻ. പത്തുമടങ്ങു് = പത്തിരട്ടി. വിപ്രന്മാർക്കു = ബ്രാഹ്മണർക്കു്. അംഷ്ടി = ഭക്ഷണം. ദുർമ്മുഖലേശം = ലേശംപോലും ദുർമ്മുഖം. സരസൻ = രസികൻ. പഥികന്മാർക്കു = വഴിപോക്കർക്കു്. ചൊററ = ഊണു്. ഒരു കുറി = ഒരു പ്രാവശ്യം. കുറിയരി = ചെറിയ അരി. ആജ്യം = നെയ്യു്. ദധി = തൈരു്. മധു – തേൻ. ഗുളം = ശക്കര. ഭോജനദാനം = ഊണു കൊടുക്കൽ. ഒരു ദിശി = ഒരു ദിക്കിൽ. ആയുധവിദ്യ = ആയുധപ്രയോഗത്തിന്റെ പ്രദർശനം. നാടകനടനം = നാടകാഭിനയം. നർമ്മവിനോദം = നേരംപോക്കു്. പാഠകപഠനം = പാഠകം പറയൽ. മാടണി..................യാട്ടം = സുന്ദരാംഗിമാരുടെ മോഹിനിയാട്ടം. ചതുരംഗങ്ങൾ = ചതുരംഗക്കളികൾ. അന്തരഹീനം = അന്തരം കൂടാതെ. വേണം = ഓടക്കുഴൽ. പോരണി, പോരാണി = ഇവ രണ്ടും ഒരു വക പടക്കളിയാകുന്നു. ആരണവരർ = ബ്രാഹ്മണശ്രേഷ്ഠന്മാർ. ഗ്രന്ഥികൾ = ശാസ്ത്രവിദഗ്ദ്ധന്മാർ. സന്ധി..............ശാസ്ത്രങ്ങൾ = സന്ധി, വിഗ്രഹം, യാനം, ആസനം, ദ്വൈധീഭാവം, സമാശ്രയം എന്നിവ. ദന്തികൾ = ആനകൾ. ആയുധവാഹനവിഭവം = ആയുധങ്ങളുടേയും വാഹനങ്ങളുടേയും സമൃദ്ധി. ആയിരം...............ള്ളവൻ = ആദിശേഷൻ. മായാഭഗവതി = ലക്ഷ്മീദേവി. കായസ്ഥന്മാർ = പടത്തലവന്മാർ. കായക്ലേശം = ദേഹാദ്ധ്വാനം. വായ്പു = കടം. ദ്വിജവരഭക്തി = ബ്രാഹ്മണഭക്തി. വിജയസമർത്ഥന്മാർ = വിജയത്തിങ്കൽ സാമർത്ഥ്യമുള്ളവർ. കാര്യക്ലേശം = കാര്യാന്വേഷണം. അപരാധികൾ = തെററുകാർ. അർത്ഥം = ധനം. വാണിജ്യം = കച്ചവടം. വൃത്തം തരംഗിണിയാണു്.

(131, 290)

Digitized By Kerala Sahitya Akademi

ഉലകുടെ പെരുമാൾ മന്ത്രിമാരോട് തൻെറ ശത്രുവായ മധുരാരാജാവിനോട് പടയ്ക്കുപോകേണമെന്നു കല്പിക്കുന്നതും, ഒരു മന്ത്രി ദുര്യോധനൻെറ ഘോഷയാത്രപോലെയാകരുത് യുദ്ധയാത്ര എന്നു പറയുന്നതും:—

പൊലിമ=സമൃദ്ധി. കലബലഭൂഷണം=കലത്തിന്നും ബലത്തിന്നും (സൈന്യത്തിന്നും) ഭൂഷണമായ. പല സുഖസുമുഖം=പല സുഖങ്ങളെക്കൊണ്ടു സുമുഖമാംവണ്ണം (ക്രി. വി.) മണിസിംഹാസനം=രത്നമയമായ സിംഹാസനം. പരിണതർ=വൃദ്ധന്മാർ. അമിതോത്സാഹൻ — വളരെ ഉത്സാഹമുള്ളവൻ. ചതികപടങ്ങൾ — മനഃപൂർവമായ ചതികൾ. മതിമാന്മാർ—ബുദ്ധിമാന്മാർ. മതിയിൽ—ബുദ്ധിയിൽ. മതിയാകില്ല=ശക്തനാകയില്ല. മതം—അഭിപ്രായം. മതിമാന്ദ്യേന=ബുദ്ധിക്ഷയത്തോടെ. മതിയല്ല=ശക്തനല്ല. ദുർബ്ബോധം=തെററിദ്ധാരണ. സന്നാഹത്തിന=പടപുറപ്പാടിന. മാതുലർ=അമ്മാമന്മാർ. പാതകി=പാപി. പ്രേതപുരത്തിൽ=അന്തകപുരിയിൽ. നാണിയം=പ്രസിദ്ധി. ഏതന്യേ=കൂടാതെ. ഏണവിലോചനമാർ=സ്ത്രീകൾ. ക്രോഷ്ടാവ്=കുറുക്കൻ. "ഉദരങ്ങളൊന്നമൊരൂണായീല" എന്നതിൽ രണ്ടാമത്തെ ഊണിന വീരോചിതമായ ഊണെന്നത്ഥം. ക്ഷീണം=ക്ഷീണതയെന്നത്ഥം. ശോണിതശോണം=ചോരകൊണ്ടു ചുവന്നതു". സ്വാമിയെ=യജമാനനെ. തരസാ=വേഗത്തിൽ. ഇത്ഥം=ഇപ്രകാരം. കുരുസുതർ=കുരുരാജാവിൻെറ ഗോത്രത്തിൽ പിറന്ന പുത്രന്മാർ. നൂററവർ=ദുര്യോധനാദികളായ നൂറുപേർ. വിപിനേ=കാട്ടിൽ. ഉരഗധ്വജൻ=ദുര്യോധനൻ. സഹജന്മാർ=സോദരന്മാർ. വിഭവം=ഐശ്വര്യം. നിരുപമപൌരുഷം (ക്രി. വി.)=അതുല്യമായ പൌരുഷത്തോടെ. സചിവൻ=മന്ത്രി. ഇതിലും വൃത്തം തരംഗിണിതന്നെ. (291—358)

Digitized By Kerala Sahitya Akademi

**കഥാരംഭം. ദുൎയ്യോധനൻ കള്ളച്ചൂതുപൊരുതി കാട്ടിലയച്ചിട്ടും പാണ്ഡവന്മാർ അവിടെ സുഖമായിപ്പാൎക്കുന്നു:—**

അഹംകൃതി=അഹങ്കാരം. പങ്കജ...........മന്ദാകിനി=ശ്രീ
കൃഷ്ണന്റെ പാദപത്മത്തിലെ തേനുണ്ണുന്ന വണ്ടായ (ശ്രീകൃഷ്ണഭ
ക്തനായ) ധൎമ്മാത്മജനെ=യുധിഷ്ഠിരനെ. മദം=ഗൎവ്വ്. ഉത്ത
മപുരുഷരിൽ=ഉത്തമന്മാരായ ആളുകളിൽ. ശഠന്മാർ=ധൂൎത്ത
ന്മാർ. ദ്രൌപദി=പാഞ്ചാലി. നിൎമ്മലർ=ശുദ്ധന്മാർ. ശൎമ്മ
ദം=സുഖം നൽകുന്നതു്. ധൎമ്മാരണ്യം=തപോവനത്തിൽ.
കിൎമ്മീരാ...............ന്തരം=കിൎമ്മീരനെന്ന അസുരന്റെ വധ
ത്തിനുശേഷം. അന്തരി...........ഭാരം (ക്രി. വി.)=എല്ലാ ചി
ന്താഭാരവും ഒഴിഞ്ഞു്. സന്തോഷാം...........തിര=സന്തോഷസ
മുദ്രത്തിലെ വലിയ തിര. ശാന്തന്മാർ=ശമഗുണമുള്ളവർ.
നിതാന്ത...........ന്താരേ=അതിമനോഹരമായ കാട്ടിൽ. നിജ
കാന്താസഹിതം=തങ്ങളുടെ ഭാൎയ്യയോടുകൂടി. ക്ലാന്തി=തളൎച്ച.
ചെന്താർ.......... ....ന്നുടെ=ലക്ഷ്മീപതിയുടെ (ശ്രീകൃഷ്ണന്റെ)
അധി...............മോദം (ക്രി. വി.) സദാ സന്തോഷം പ്രാ
പിച്ചു്. അനന്ത...........ന്തരമാം=അവസാനമില്ലാത്തതും ദുഃഖ
പൎയ്യവസായിയും ഇടവിടാത്തതുമായ. ഭവ...........ബന്ധ
നം=സംസാരക്കടൽത്തിരകളുടെ ബന്ധനം. സന്തരണം ചെ
യ്തു്=കടന്നു്. ഇതിലെ വൃത്തവും തരംഗിണിതന്നെ (359_394)

ദുൎയ്യോധനൻ അനുജന്മാരോടും കൎണ്ണനോടും ശകുനിയോടും പാണ്ഡവന്മാരെ അകററിയതിനെപ്പററി അഭിമാനം പറയുന്നു:—

ചൊല്ക്കൊണ്ട=ശ്രുതിപ്പെട്ട. അൎക്കാത്മജൻ=സൂൎയ്യപുത്ര
ൻ. ധിക്കാരി=എല്ലാവരേയും ധിക്കരിക്കുന്നവൻ. തികഞ്ഞൊത്തുകൂ
ടി=ഒത്തുകൂടി. സൽക്കൌതുകം=നല്ല കൌതുകം. ചിക്കെ
ന്നു=വേഗത്തിൽ. സഫലമായി=ഫലത്തോടുകൂടിയതായി

Digitized By Kerala Sahitya Akademi

(സാധിച്ചു.) ഭോഷ്കല്ല=പൊളിയല്ല, ഇപ്രയോഗം=പാണ്ഡവന്മാരെത്തോല്പിക്കാൻ ചെയ്ത പ്രയോഗം. ആൎക്കും വരുന്നതല്ല=ആൎക്കും തോന്നുന്നതല്ല. ഉപദേശമാൎഗ്ഗം=ഉപദേശവഴി. നിനവില്ല=വിചാരമില്ല. ഇതിൽ വൃത്തം അൎക്കേക. അതിന്റെ ലക്ഷണം മുൻപു പറഞ്ഞിട്ടുണ്ടു്. (395—410.)

പാണ്ഡവന്മാർ കാട്ടിൽക്കിടന്നു കഷ്ടപ്പെടുന്ന വിവരം അറിഞ്ഞു വരുന്നതിന്നൊരു ചാരനെ അയയ്ക്കണമെന്നു ദുൎയ്യോധനൻ കൎണ്ണനോടു പറയുന്നു—കൂട്ടത്തിൽ ദുൎയ്യോധനൻ തന്റെ ഭൃത്യന്മാരെ അടച്ചു ശകാരിക്കുന്നു—കൎണ്ണൻ ബുദ്ധിമാനായ ഒരു ഭൃത്യനെ വിളിച്ചു രാജകല്പന പറയുന്നു:—

മാരുതി=ഭീമസേനൻ. കൎണ്ണസുഖം=ചെവികൾക്കു സുഖം നൽകുന്നതു്. വാൎത്താകൎണ്ണനമാത്രം=വൎത്തമാനം കേൾക്കുക മാത്രമെങ്കിലും. ഇദാനീം=ഇപ്പോൾ. ഗോഷ്ടികൾ = കോഷ്ടികൾ (പരിഹാസ്യമായ ചേഷ്ടകൾ) കാട്ടുമൃഗത്തെക്കാട്ടിൽ=കാട്ടുമൃഗത്തെക്കാൾ. വട്ടംകൂട്ടുക=ശ്രമിക്കുക. ഓട്ടനെ = ഒററക്കാരനെ. അക്കോട്ടിൽ=ആ സ്ഥലത്തേക്കു്. മന്ദന്മാർ = മൂഢന്മാർ. അമളി=അപകടം. സഹിപ്പാൻ മേലാ = സഹിപ്പാൻ വയ്യാ. വെട്ടമെട്ടക്കും മുമ്പേ=വെളിച്ചമാകുന്നതിന്നു മുമ്പുതന്നെ. യഷ്ടികൾ=മാററിയാന്മാർ. ഘട്ടിസ്സാദം=കട്ടിച്ചോറു (വെള്ളച്ചോറു്) പഞ്ചപ്രസ്ഥം=അഞ്ചിടങ്ങഴി. ഏററ തിരിക്കും=എഴനീററു പോകും. കററക്കുഴൽ മിഴിമാർ=സുന്ദരിമാർ. പകിടി പറഞ്ഞു=വെടിപറഞ്ഞു്. വെററ=വെററില. പക=വൈരം. തിരുവുള്ളക്കാർ=രാജസേവകന്മാർ. തിരി...............ഭാവശ്ശം=ഇവർ ആൎക്കും തിരിച്ചറിവാൻ വയ്യാത്തവരാണു്. ഏറു കൊടുപ്പാൻ=കല്ലെടുത്തെറിയുവാൻ. പോററുകളുടെ=കൊള്ളരുതാത്തവരുടെ. അത്താഴത്തി............... പിലകൊണ്ടീടാം = അത്താഴം കാലമാകുമ്പോളെത്താത്തവർ

Digitized By Kerala Sahitya Akademi

മരിച്ചുവെന്ന തീൎത്ഥയാത്രക്കാരം (തീൎത്ഥയാത്രയും എന്നും) ക്ഷുത്തു=വിശപ്പ്. ദൈവികമുള്ളോരു=ദൈവാധീനമുള്ള. രാധാതനയൻ=കൎണ്ണൻ. ക്ഷിതിപതിശാസനം=രാജകല്പന. ഇതിലെ വൃത്തം തരംഗിണി (411—490.)

ചാരൻ പോയി പാണ്ഡവന്മാർ ദ്വൈതവനത്തിൽ ഉണ്ടെന്നു മനസ്സിലാക്കുന്നു:—

വചനമതു=ആ വാക്ക്. സരസൻ=രസികൻ. കൂട്ടാക്കാതെ=സാരമാക്കാതെ. മലമുട്ടിൽ=മലഞ്ചുവട്ടിൽ. മേട്ടിൻമുകളിൽ=കുന്നിൻമുകളിൽ. ശ്രേഷ്ഠന്മാർ=ഏററവും പ്രശംസിക്കപ്പെടേണ്ടവർ. യുധിഷ്ഠിരാദികൾ=ധൎമ്മപുത്രൻ മുതലായവർ. ഈ വരികളിൽ വൃത്തം അൾകേക. (491—500)

പാണ്ഡവന്മാർ കാട്ടിലും സുഖമായിക്കഴിഞ്ഞുകൂടുന്നതായറിഞ്ഞു ദൂതൻ മടങ്ങിച്ചെന്നു് ആ വിവരം ദുൎയ്യോധനനെ ധരിപ്പിക്കുന്നു:—

ദ്വൈതേത............ന്മാർ=ആ ദ്വൈതസുഖത്തിൽ രസിക്കുന്നവർ. ദ്വൈതവനത്തിൽ=ആ പേരുള്ള കാട്ടിൽ. ശീത............കന്മാർ=ചന്ദ്രവംശത്തിന്നലങ്കാരമായവർ. ഭൂതല............രന്മാർ=ഭൂമിയിലെ പുതിയ കാമദേവന്മാർ (അത്യന്തസുന്ദരന്മാർ) പാൎത്ഥന്മാർ=പൃഥയുടെ (കുന്തീദേവിയുടെ) പുത്രന്മാർ. അമിതാ............ൎത്ഥന്മാർ=അമിതമായ ആനന്ദംകൊണ്ടു കൃതകൃത്യന്മാർ. അതിപാവനം=അത്യന്തം ശുദ്ധികരം. അനൎത്ഥം=ആപത്തു. ഗൂഢം (ക്രി. വി) =രഹസ്യമായിട്ടു്. അതിധൂൎത്തൻ=ഏററവും ധൂൎത്തനായവൻ. കുരുസുതദൂതൻ=ദുൎയ്യോധനന്റെ ദൂതൻ. പാൎത്ഥിവനഗരം=രാജധാനി (ഹസ്തിനാപുരി) സ്വൎണ്ണാസനവരം=ശ്രേഷ്ഠമായ സ്വൎണ്ണസിംഹാസനം. കൎണ്ണജപൻ=ഏഷണിക്കാരൻ (അഥവാ കൎണ്ണന്നാടുകൽ മന്ത്രിക്കുന്നവൻ) ധൃതരാഷ്ട്രജനുടെ=ദുൎയ്യോധനന്റെ. കൎണ്ണേ=ചെവിയിൽ. ഇതിൽ വൃത്തം തരംഗിണി (501—516).

Digitized By Kerala Sahitya Akademi

### ദൂതൻ പാണ്ഡവന്മാരെ പുകഴ്ത്തിപ്പറയുന്നു:—

ദുരിതശാന്തി=പാപശമനം. ഗുരു...........ഭാഗ്യം=ഗുരുവിന്റെ കടാക്ഷമാകുന്ന വലിയ ഭാഗ്യം. ദുരാധി=ചീത്തയായ ആധി (മനോവ്യഥ). കൌന്തേയ...............കുന്തീപുത്രന്മാൎക്കു കാട്ടിൽ പാൎക്കുമ്പോഴും സന്തോഷമാണു്. സന്താപം=സങ്കടം. കനിവിയന്ന ...............................................................മേന ചേൎന്നിതു=അവർ കനിവിയന്ന മുനി ജനങ്ങളോടു് അനിശം പ്രബല ഘനരസമേന ചേൎന്നിതു എന്നു പദയോജന. അനിശം=എപ്പോഴും ഘനരസമേന=വലിയ രാഗത്തോടുകൂടി. അവർ വലിയ രാഗത്തോടുകൂടി, കാരുണികരായ മുനിജനങ്ങളുമായി സംസൎഗ്ഗം ചെയ്തു എന്നു സാരം. ദ്വൈതകാരണ്യ = ദ്വൈതകമെന്ന കാട്ടിൽ. കൈതവങ്ങൾ=ചതികൾ. നരകവൈരി തന്നുടെ=ശ്രീകൃഷ്ണന്റെ. ചരണം=കാൽ. സാൎത്ഥമാക്കി=അൎത്ഥമുള്ളതാക്കി. നാലാം പുരുഷാൎത്ഥം=മോക്ഷം. ധൎമ്മം അൎത്ഥം കാമം, മോക്ഷം എന്നു പുരുഷാൎത്ഥങ്ങൾ നാലാകുന്നു. ആത്തമോദം (ക്രി. വി) = ആത്തമായ (പ്രാപ്തമായ) സന്തോഷത്തോടെ. സരസിജാക്ഷ.......മായതൊക്കവേ = സരസിജാക്ഷന്റെ ചരിതസാൎത്ഥത്തിന്റെ (കഥാസമൂഹത്തിന്റെ) കീൎത്തനത്താൽ ദുരിതമെല്ലാം നീങ്ങി. കോടുകൾ = ഉടവുകൾ. വരിയിൽ.......കൊററിനു = ഭക്ഷണത്തിന്നു വേണ്ടുവോളം വരിനെല്ലരിയുമുണ്ടു്. ജന്തു.......ബന്ധുക്കൾ = കാട്ടിലെ ജന്തുക്കളെല്ലാം അവൎക്കു ബന്ധുക്കളാണു്. അടവിവാസം=വനവാസം. അടവ്=പ്രയോഗം. വത്സരം പതിനൊന്നായി=അവർ കാട്ടിൽ താമസം തുടങ്ങീട്ടു പതിനൊന്നു സംവത്സരമായി. "കാടുകൾ തന്നെ വീടുകൾ" എന്നു തുടങ്ങിയ വരികൾ നളചരിതം ആട്ടക്കഥയിലെ വനഗതനായ നളന്റെ പദത്തിനോടു ഛായാസാമ്യമുള്ളവയാകുന്നു. (517—547)

പാണ്ഡവന്മാരെപ്പുകഴ്ത്തിപ്പറഞ്ഞ ദൂതനോടു ദു

ര്യോധനൻ കോപിച്ചു പറയുന്നു:—

കയൎത്തു = കോപിച്ചു്. അകമ്പുറം = വിവേകം, വകതിരിവു്. പോരും = മതി. കുടില, കഠോര = കപടമുള്ളവനും കഠിനമാനസനുമായവനേ. പാടവം = സാമൎത്ഥ്യം. ഇടകൂടി= ഒത്തുചേൎന്നു. വെണ്മയിൽ = വെളിവിൽ. ചേട്ടക്കാരൻ = ഹീനനായവൻ. ഇക്കഴ................പ്പാൻ തോന്നും=ഈ കഴവേറിയെ പ്രഹരിപ്പാൻ തോന്നുമെന്നൎത്ഥം. മാററാരിൽ=ശത്രുക്കളിൽ. കൂററാരെക്കാൾ=ബന്ധുക്കളെക്കാൾ. അപ്രിയം=പ്രിയമല്ലാത്തതു്. ദുഷ്കൂറുള്ള=കളവായി കൂറുകാണിക്കുന്ന. ഇജ്ജനം=ഇയ്യുള്ളവൻ (ഞാൻ). ദുൎജ്ജനം=ദുഷ്ടജനം. വജ്രമനസ്സുകൾ=വജ്രംപോലെ കഠിനമായ മനസ്സോടുകൂടിയവർ. അപരൻ=മറെറാരുവൻ. മതം=അഭിപ്രായം. അങ്ങനെയുള്ള=അതു സ്വാഭാവികമാണു്. മാതുലൻ=അമ്മാമൻ. ബോധം=അറിവു്. ഹേതു=കാരണം. അന്തകതനയൻ=ധൎമ്മപുത്രൻ. കൌതുകം (രസം). വാതുകൾ=വീരവാതുകൾ. പാഴിൽ=വെറുതെ. പ്രണയം=സ്നേഹം. ഗുണവാന്മാർ=ഗുണമുള്ളവർ. അപരാധം=തെററു്. പാൎത്ഥിവധൎമ്മം=രാജധൎമ്മം. ചെകുതി=തോൽമ. ഗുണഗണം=ഗുണസമൂഹം. നന്നി ഖേദം=ഖേദമില്ല. "ഒട്ടമകമ്പുറം" എന്നുമുതൽ "ഇനിനല്ലീപോരന്നെന്നെവലപ്പാൻ" എന്നുവരെ ദൂതനോടുള്ള ദുൎയ്യോധനന്റെ വാക്കാകുന്നു. ദുൎയ്യോധനന്റെ ഈ ദീൎഘമായ വചനം അദ്ദേഹത്തിന്റെ സ്വഭാവനിരൂപണത്തിനു വളരെ സഹായിക്കും. ഇത്തര..................... കോപവുമൊന്നു ശമിച്ചു=ദുൎയ്യോധനൻ ഇങ്ങനെ കോപിച്ചു പറഞ്ഞതിനുത്തരമായിട്ടു് ദൂതൻ ഒന്നും പറഞ്ഞില്ല. അപ്പോളദ്ദേഹത്തിന്റെ കോപവും കുറച്ചു ശമിച്ചു. വൃത്തം തരംഗിണി. (548—626.)

ദൂതന്റെ വാക്കിൽനിന്നു പാണ്ഡവന്മാർ ഇനിയും വരുമോ എന്നു ശങ്കിച്ചു് അങ്ങനെ വന്നുവെ

Digitized By Kerala Sahitya Akademi

ങ്കിൽ എന്തു ചെയ്യണമെന്നു ദുര്യോധനൻ ശകുനിയോടും കർണ്ണനോടും ആലോചിക്കുന്നു—കർണ്ണൻ അദ്ദേഹത്തെ ധൈര്യപ്പെടുത്തുന്നു:—

ഗാന്ധാരീസുതൻ = ദുര്യോധനൻ. ഗാന്ധാരാദികളോടു= ശകുനി മുതലായവരോടു്. കാന്താരാടനം=വനസഞ്ചാരം. കൂററാർ ചിലരെക്കൂട്ടിക്കെട്ടി= ചില ബന്ധുക്കളെ കൂട്ടുപിടിച്ചു്. പടയേററാൽ=യുദ്ധം തുടങ്ങിയെങ്കിൽ. കാററിൻ മകൻ= ഭീമസേനൻ. ചീററി=അലറിക്കൊണ്ടു്. ഊററക്കാർ=വലിയവർ. തെക്കുകിഴക്ക.......... വൈരികളേറും = നാലുദിക്കിലും നമുക്കു ശത്രുക്കളാണധികമുള്ളതു്. ഇക്കഥയൊന്നു മറിഞ്ഞോ പോവു = നമ്മുടെ ഇപ്പോഴത്തെ അവസ്ഥ ഒന്നു മറിയും നിശ്ചയം. വീര്യഗുണാംബുധി = വീര്യഗുണത്തിന്നു സമുദ്രമായവൻ. ഉരത്താൻ=പറഞ്ഞു. നേർവരും=എതിർത്തണയുന്ന. പരിപന്ഥിജനങ്ങടെ=ശത്രുക്കളുടെ. ശരാവലി=ശരനിര. മൂർത്തി=ശരീരം. കുറുനരി = കുറുക്കൻ. വേണ്ടാസനം = വേണ്ടാത്ത കാര്യം. ശുണ്ഠികടിച്ചു=കോപിച്ചു്. ശണ്ഠ=പോരു്. അതിശയം=മേന്മ. കുണ്ഠന്മാർ=ദുർബ്ബലന്മാർ. ചെണ്ടക്കാർ = വിഡ്ഢികൾ. വൃത്തം തരംഗിണി (627—674).

ശകുനി ദുര്യോധനനെ ധൈര്യപ്പെടുത്തുന്നു:—

പ്രകൃതിഗംഭീരന്മാർ = സ്വതേ ഗാംഭീര്യമുള്ളവർ. വികൃതി=വികാരം. വിവാദം=സംശയം. വർഷം=കൊല്ലം. കൌശലം =സാമർത്ഥ്യം. ചേട്ടൻ... ..........ളൈവരും=ധർമ്മപുത്രനും ഭീമനും അനുജന്മാരുമെന്ന അഞ്ചു പേർ. ഉള്ളൊരു കാലം=ജീവിച്ചിരിക്കുന്ന കാലത്തോളം. വൃത്തം തരംഗിണിതന്നെ. (675—688)

ദുര്യോധനൻ ധൈര്യപ്പെട്ടു് അഹങ്കരിച്ചു് പാണ്ഡവന്മാർക്കു തന്റെ പ്രതാപം കാണിപ്പാനായി കാ

Digitized By Kerala Sahitya Akademi

ട്ടിലേക്കു ഘോഷയാത്ര പുറപ്പെടുവാൻ പറയുന്നു:—

തുംഗമഹാഹങ്കാരം=ഉയൎന്നതും മഹത്തുമായ അഹങ്കാരം. ഭുജംഗധ്വജൻ=ദുൎയ്യോധനൻ. വിഭവം=ഐശ്വൎയ്യം. പുരുഷാരം=ജനസമൂഹം. ഭേരീഢമരം=പെരുമ്പറയും ഢമരുവാദ്യവും. കുലഗിരികന്ദരം=കുലപൎവ്വതങ്ങളുടെ ഗുഹ. പുഷ്ടശ്രീഭരപൌരുഷം=പുഷ്ടമായ സമ്പത്സമൃദ്ധിയും പൌരുഷവും. ആയുധവാഹനകോപ്പുകൾ=ആയുധങ്ങളും വാഹനങ്ങളും കോപ്പുകളും സ്വരൂപിക്കേണം=ഒരുക്കേണം. വൃത്തം തരംഗിണി (689—732)

രാജഭൃത്യന്മാരറിയിച്ചപ്രകാരം ഭടജനങ്ങൾ വന്നുനിറയുന്നു—അവർ തമ്മിൽ പലതും സംസാരിക്കുകയും ചെയ്യുന്നു:—

സന്നദ്ധന്മാർ=ഒരുങ്ങിയവർ. പുരുഷന്മാരെ=ആളുകളെ. ജലധി=സമുദ്രം. തൽപുരസീമ്നി=ആ പുരത്തിൽ. ക്ഷ്വാ=എടോ എന്നൎത്ഥത്തിലുള്ള ഒരു നാടൻ സംബോധന. മറുതലനാട്ട്=ശത്രുരാജ്യം. പുത്തൻ=പണ്ടത്തെ ഒരു നാണ്യം (ഉദ്ദേശം പത്തു പൈ.) പിടിച്ചേപ്പിന്നെ=പിടിച്ചതിൽപിന്നെ. പിടറിക്ക=പിരടിക്ക്. ഇതു കൊണ്ടു നടപ്പാൻ=ഇതപ്പണി നടത്തിക്കൊണ്ടുപോകാൻ. നടക്കയിതെന്യേ=നടക്കുകയല്ലാതെ. കായം=ശരീരം. കണ=അമ്പ്. ചിതക്കാരൻ=യോഗ്യൻ. ഇല്ലം=ഗൃഹം. നോക്കടേ=എടാ നോക്ക്. വക്കാണിക്കും=കലഹിക്കും. എപ്പേരും=എല്ലാം. ജന്മാന്തരം=ഭാഗ്യമെന്നൎത്ഥം. കണ്ടന്നു=കണ്ട ദിവസം. കന്നം=കഴുത്ത്. കുശലത=സാമൎത്ഥ്യം. വെടിക്കോട്ടയ്ക്കൽ = വെടിപ്പുരയിൽ. ഒരു ദിശി=ഒരു ദിക്കിൽ. വൃത്തം തരംഗിണി (733—838)

ഭടഭോജനത്തെ വൎണ്ണിക്കുന്നു:—

അവസരം=സമയം. ആയിരമായിരം=ആയിരം വീതം. കൊട്ടിലിൽ=ഭോജനശാലയിൽ. ഒരു പന്തി=ഒരു വട്ടം. നാ

Digitized By Kerala Sahitya Akademi

ഷ്പവാടം = ഉദ്യാനം. ഭ്രമിച്ചേപോവൂ = ഭ്രമിക്കാതെ പോക യില്ല. വട്ടഞ്ചക്കര = പനഞ്ചക്കര. കടൽവാഴയ്ക്കാക്കറി = മീൻ കൂട്ടാൻ. ഭടഭോജനം = ഭടന്മാൎക്കുള്ള ഊണ്. പടഹം = പടഹവാ ദ്യം. വൃത്തം തരംഗിണി (839—862)

ദുൎയ്യോധനനും അനുജന്മാരും ഒരുങ്ങി കൊട്ടി ച്ചെഴുന്നള്ളത്തു് പുറപ്പെടുന്നു:—

ദുശ്ശാസനൻ, ദുൎമ്മൎഷണൻ മുതലായവർ ദുൎയ്യോധനന്റെ അനുജന്മാരാകുന്നു. തോൾപ്പൂട്ടുകൾ = തോൾവളകൾ. കങ്ക ണം = കൈവള. വികടകിരീടം = വികടമായ കിരീടം. വിദ്രുമ ഹാരം = പവിഴമാല. വികസിത..........മാലകൾ = വിരിഞ്ഞ സുഗന്ധപുഷ്പങ്ങളെക്കൊണ്ടുള്ള മാലകൾ. "പരിമളമേറിന ക ളഭമിഴക്കി" എന്നുമുതൽ "സകലമണിഞ്ഞു തെളിഞ്ഞു നട ന്നാർ" എന്നുവരെയുള്ള വരികൾ ശബ്ദഭംഗിക്കും രചനാ സൌന്ദൎയ്യത്തിനും ഉദാഹരണമാകുന്നു. തട്ടപ്പുഴുക് = തട്ടിലാ ക്കി അന്യരാജ്യത്തുനിന്നു വരുന്ന പച്ചപ്പുഴുക്. വൃത്തം തരം ഗിണി (863—914.)

ഘോഷയാത്രയുടെ ഘോഷംകേട്ടു കാഴ്ച കാ ണ്മാൻ പുറപ്പെട്ട സ്ത്രീജനങ്ങൾ സംസാരിക്കു ന്നതു്:—

അച്ചിമാർ = സ്ത്രീകൾ. കൊച്ചിനെ = കുട്ടിയെ. നാകേറി ക്കടിച്ചെങ്കിൽ = നായ കയറിക്കടിച്ചുവെങ്കിൽ. മുതുക്കൻ = വൃ ദ്ധൻ. "എന്തൊരു പുറപ്പാടാണെന്നേതും ബോധിച്ചോ നീ" എന്നുമുതൽക്കുള്ള വരികൾ അൎദ്ധസമസ്യാരീതിയിൽ രണ്ടു സ്ത്രീകൾ തമ്മിലുള്ള ചോദ്യോത്തരങ്ങളാകുന്നു. ഇതിൽ തിരു മാടംപുറപ്പാടോ, തിരുമുല്പ്പേറവുള്ള എഴുന്നള്ളത്തു പുറപ്പാടോ, പടപുറപ്പാടോ എന്നെല്ലാം ചോദിക്കയും, അതൊന്നുമല്ലെന്നു മറുപടിപറകയും, ഒടുവിൽ എന്തു പുറപ്പാടാണെന്നു കാണ്മാ

Digitized By Kerala Sahitya Akademi

വാൻ പുറപ്പെടുന്നതിനുത്സാഹിപ്പിക്കയും ചെയ്യുന്നു. വൃത്തം അർദ്ധകേക (915—934)

ഘോഷയാത്ര കാണുവാൻ പുറപ്പെട്ട സ്ത്രീജനങ്ങൾ പലതും സംസാരിക്കുന്നു— ഉത്സാഹഭരിതമാരായി കാഴ്ചപ്പുറങ്ങളിൽ സ്ഥലംപിടിക്കുന്നു:—

അങ്ങേപ്പുറവുള്ള = അയൽഗൃഹങ്ങളിലുള്ള. ചമഞ്ഞും ചന്തംനോക്കിയും = ചമയങ്ങളണിഞ്ഞും ഭംഗിനോക്കിയും. ഭോഷികൾ=വിഡ്ഢികൾ. ഭോഷിപ്പാൻ=പരിഹസിപ്പാൻ. മററൊരു പൂതരം=ഞാനല്ലാതെ മററൊരു ജീവിയും. പെററെന്നാൽ=പ്രസവിച്ചുവെങ്കിൽ. ഈററില്ലത്തിൽ = സൂതികാഗൃഹത്തിൽ. കലമ്പും=ലഹളക്കൂട്ടം. വാഴ്ത്തും=വല്ലതും. പൊററമ്മ............ നേരാവുരുമോ=പെററ അമ്മയെ അടിക്കാൻ മടിക്കാത്തവർ മററുള്ളവരോടു നേരെ പെരുമാറുമോ? മുള്ളു്=ശകാരം. അങ്ങേറ്=ആ യാൾക്കു്. അമ്മാപാപിക്കു്=ആ മഹാപാപിക്കു്. ആനകളിക്കും=കളിയാക്കും. അംഗനമാർ=സ്ത്രീകൾ. ഈ സ്ത്രീജനസംഭാഷണത്തിൽ അക്കാലത്തെ നായർ സ്ത്രീകളുടെ സാമുദായിക സ്ഥിതികൾ നിഴലിക്കുന്നതായിക്കാണാം. വൃത്തം തരംഗിണി (935—996)

ഘോഷയാത്രയെ വർണ്ണിക്കുന്നു:—

ഭൂപതിതനയൻ=ദുര്യോധനൻ, തുടി, പറ, കിടുമുടി, പടഹം ഇവ ഓരോവക വാദ്യങ്ങളാണ്. കടലുടെ............ രവഘോ=കടലിന്റെ മട്ടിലുള്ള ഒരു ഘോഷം. പടലുടൻ=പടലോടുകൂടി (കടയോടുകൂടി). പട്ടതരം=വളരെ വലുതായി. ഭടജനപടകടെ=ഭടജനങ്ങളുടെ പടകളുടെ. നടനവിധൌ=നടനസമയത്തു. തടമുലതടവിന തരുണികൾ=സുന്ദരിമാർ. മട്ടമലരവിൽമലർ=സുഗന്ധപുഷ്പവും അവിലും മലരും. ഘനരുചികരികൾ=മേഘവർണ്ണമുള്ള ആനകൾ. ധനജനവിഭവങ്ങൾ=ധനസമൃദ്ധിയും ജനസമൃദ്ധിയും. ധനപതി=കുബേരൻ. ഈ

Digitized By Kerala Sahitya Akademi

വരികളിൽ വൃത്തം ഹംസപ്ലുത. മൂന്നു മാത്രയുള്ള ഈരണ്ടക്ഷരം വരുന്ന ആറു ഗണവും ഒരു ഗുരുവും ഓരോ പാദത്തിലുമുണ്ടായാൽ ഹംസപ്ലുതയാകും. ഇതിൽ ആദ്യത്തെ ഗണം ലഘു കൊണ്ടുവേണം തുടങ്ങുവാൻ.

"ത്രിമാത്രം ദ്വ്യക്ഷരഗണ-
മാറെണ്ണം ഗുരുവൊന്നയും
ആദ്യം ഗണം ലഘുമുഖ-
മിതു ഹംസപ്ലുതാഭിധം"

എന്നു ലക്ഷണം. (997—1016.)

ഘോഷയാത്ര ദ്വൈതവനത്തിന്നടുക്കൽ എത്തുന്നു—നേരം സന്ധ്യയാകുന്നു—ഗന്ധർവ്വന്മാർ ജലക്രീഡക്കായി സ്ത്രീജനങ്ങളോടുകൂടി അവിടെ ഇറങ്ങുന്നു—ദുര്യോധനൻ സരസ്സിൽ വിഷം കലക്കുവാൻ കല്പിക്കുന്നു:—

കനക— — കണ്ഠേ=പൊന്നണിഞ്ഞാനയുടെ കഴുത്തിൽ. പനിമതിസമം=ചന്ദ്രനെപ്പോലെയുള്ള. കനകാഞ്ചിതം=സ്വർണ്ണംകൊണ്ടലങ്കരിക്കപ്പെട്ട. മനുജന്മാർ=മനുഷ്യർ. മഹാടവിപുക്കു=വൻകാട്ടിൽ പ്രവേശിച്ച്. ബന്ധൂകദ്യുതിബന്ധുരം=ഉച്ചമലരിപ്പൂവിന്റെ ശോഭപോലെ ശോഭയുള്ള. അന്ധം=കണ്ണുകാണാത്തത്. തിമിരം=ഇരുട്ട്. അനുബന്ധിച്ച്=തുടർന്ന്. അടവിതടങ്ങൾ=കാട്ടുപ്രദേശങ്ങൾ. സംഗതമായി=വന്നു. കാന്താരത്തിൽ=കാട്ടിൽ. ചെന്താമരമലർ വാപികൾ=ചെന്താമരപ്പൊയ്കകൾ. ജലക്രീ............നന്ദം=ജലക്രീഡ മുതലായവയിൽ വലിയ ആനന്ദം. കാന്താരാന്തികഭൂമൌ=കാട്ടിന്നടുത്ത പ്രദേശത്ത്. ഗാന്ധാരീതനയന്മാർ=ദുര്യോധനാദികൾ. ഗാന്ധാരേശ്വരൻ=ഗാന്ധാരരാജാവ് (ശകുനി). അംഗാധിപൻ=അംഗരാജാവ് (കർണ്ണൻ). വഞ്ചനശീലൻ=ചതിയൻ. നെഞ്ചിൽ=മനസ്സിൽ. നഞ്ച്=വിഷം. വഞ്ചോലകളിലെ=വലിയ

Digitized By Kerala Sahitya Akademi

ചോലകളിലെ. ചഞ്ചലം=മനസ്സിളക്കം. അതികുടിലന്മാർ— ഏററവും കൌടില്യമുള്ളവർ. അംബു=വെള്ളം. പഞ്ചത=മരണം. പഞ്ചമഹാപാപി=പഞ്ചമഹാപാപങ്ങളുള്ളവൻ. വാപികൾതന്നിൽ=പൊയ്കകളിൽ. വൃത്തം തരംഗിണി (1017—1068)

ഇന്ദ്രന്റെ മിത്രമായ ഗന്ധർവ്വരാജാവു ചിത്രസേനൻ ജലക്രീഡ ചെയ്യുമ്പോൾ വിഷം കലക്കുവാനൊരുങ്ങിയ രാജഭടന്മാരെക്കണ്ടു കോപിക്കുന്നു:—

വൃത്രനെക്കൊന്നവന്റെ=ഇന്ദ്രന്റെ. മിത്രം=സ്നേഹിതൻ. ധാത്രിയിൽ=ഭൂമിയിൽ. ചാരുഗാത്രിമാർ=സുന്ദരിമാർ. ശതപത്രിണീതോയം=താമരപ്പൊയ്കയിലെ വെള്ളം. ചിത്രമാം=വിവിധമായ. ക്രേളികൾ=കളികൾ. മാത്രാ..........വിചിത്രം=മാത്രാധികമായ (അതിമാത്രമായ) ആനന്ദത്താൽ വിചിത്രമായിട്ടു് (ക്രി. വി.) വിഹരിക്കുമ്പോൾ=കളിക്കുമ്പോൾ. "കള്ളക്കുടിലന്മാരേ" എന്നു തുടങ്ങിയ വരികൾ ചിത്രസേനന്റെ വാക്കാണു്. ക്രൊള്ളിവാക്കുകൾ=ശകാരവാക്കുകൾ. വൃത്തം [illegible]. (1069—1086)

ചിത്രസേനൻ ദുര്യോധനാദികളുടെ ചതിപ്രയോഗത്തെ അധിക്ഷേപിച്ചുകൊണ്ടു തന്റെ വചനത്തെ തുടരുന്നു:—

ഏറെ മുഴുത്തൊരു=അധികം വർദ്ധിച്ചാൽ. നിജപൌരുഷം=തങ്ങളുടെ പ്രഭാവം. വാരണഘടാ=ആനക്കൂട്ടം. അധമന്മാരെ=നീചന്മാരേ! ശുദ്ധജലങ്ങൾ=കലക്കില്ലാത്ത വെള്ളങ്ങൾ. നെഞ്ചകം=മനസ്സു്. ശിവ ശിവ=കഷ്ടം കഷ്ടം. ഭീരുക്കൾ=ഭയമുള്ളവർ. നീരസം=രസകരമല്ലാത്തതു്. ബലവിക്രമം=ബലപരാക്രമം. ധന്യന്മാർ=നല്ലവർ. നേർത്താൽ=എതിർത്താൽ. ബാണം കൊണ്ടു=ബാണമേററിട്ടു്. കൈക്കാണം=കോഴ. അഹംഭാവം=ഗർവ്വു്. ഉളുപ്പമതാകും=ഇല്ലാതാകും. കൌരവമൂഢാ=മൂഢനാ

Digitized By Kerala Sahitya Akademi

യ കുരുരാജാവേ. വൃത്തം തരംഗിണി (1087—1134)

ചിത്രസേനന്റെ വാക്കുകേട്ടു കുപിതനായ ദുൎയ്യോധനൻ അദ്ദേഹത്തെ അധിക്ഷേപിച്ചുകൊണ്ടു് ഉത്തരം പറയുന്നു:—

ഋഷിവാക്യം=ഋഷിവചനം. ഉദ്ധതം (ക്രി. വി)=ഗൎവ്വോടുകൂടി. ഉരത്താൻ=പറഞ്ഞു. മല്ലുനടിച്ചു=മിടുക്കു ഭാവിച്ചു്. ചൊടിച്ചു=കോപിച്ചു്. അഹമ്മതികളവാൻ=അഹംഭാവം പോക്കുവാൻ. അഹമ്മതി (അഹം+മതി)=ഞാൻ മതിയാകും. വെളിവു്=വിചാരം. വിഫലം=നിഷ്ഫലം. ജല്പിക്കുന്നു=പുലമ്പുന്നു. ഫലിയാ=ഫലിക്കയില്ല. കുറവുവരുത്തി=അപമാനപ്പെടുത്തി. സംഗതിക്കൂടാതെ=കാരണമില്ലാതെ. നല്ല സമക്ഷത്തു=നല്ല സഭയിൽ. ഒക്കാ=ഒക്കില്ല. ബന്ധുവിഹീനൻ=ബന്ധുക്കളില്ലാത്തവൻ. ബന്ധുത=ബാന്ധവം. "അബ്ജൊററജന്മാരു നമുക്കുണ്ടു്." എന്നതിൽ എല്ലാം വിവക്ഷിതമല്ല; അബ്ജായുധനേക്കാൾ=കാമദേവനേക്കാൾ. കഞ്ജത്താർമിഴിമാരെ=സുന്ദരിമാരേ! കണ്ടകൻ=ദുഷ്ടൻ. കണവൻ=ഭൎത്താവു. ഒരു കോണിൽ=ഒരു മൂക്കിൽ. നെടുപാശം=നീണ്ട കയർ. കുടിലകുശീലാ=കുടിലനും ദുശ്ശീലനുമായവനേ! വീരവിനോദം=വീരന്മാൎക്കുള്ള നേരമ്പോക്കു്. വൃത്തം തരംഗിണി (1135—1186)

ദുൎയ്യോധനൻ യുദ്ധംതുടങ്ങുവാൻ കൎണ്ണാദികളോടു കല്പിക്കുന്നു:—

കൎണ്ണാരുന്തുദം=കൎണ്ണങ്ങളുടെ മൎമ്മങ്ങളിൽ തട്ടുന്നതു്. കൎണ്ണാകൃഷ്ടം=കാതോളം വലിക്കപ്പെട്ടതു്. ചാപം=വില്ലു്. കീൎണ്ണം=നിറഞ്ഞതു. ഗാത്രം=ദേഹം. ഖേചരഖേടൻ=നീചനായ ആകാശചാരി (ഗന്ധൎവ്വൻ) ഇശ്ശാസനം=ഈ കല്പന. ദുൎമ്മതി=ദുൎബ്ബുദ്ധി. വൃത്തം തരംഗിണി (1187—1210)

ദുൎയ്യോധനൻ സൈന്യങ്ങളോടു കല്പിക്കുന്നു:—

Digitized By Kerala Sahitya Akademi

ശരവരം=ശ്രേഷ്ഠമായ ശരം. ഭ്രമി=മോഹം. മദഭരം=ഗർവ്വാതിശയം. അതിപടുക്കൾ=അതിസമർത്ഥന്മാർ. പൊട്ടുകെന്നു=പെട്ടന്നു. നടുക്കം=ഭയം. വൃത്തം അർദ്ധകേക. (1211—1220)

കൌരവസേനയും ഗന്ധർവ്വസേനയും തമ്മിൽ യുദ്ധം ചെയ്യുന്നു—കൌരവസേന തോററു പിൻതിരിഞ്ഞു് ഓടുന്നു:—

ഉദ്ഘോഷണം=ഉച്ചത്ത വാക്കു്. സംഗരം=യുദ്ധം. പ്രകടശരങ്ങൾ=ഉഗ്രബാണങ്ങൾ. ഗഗനം=ആകാശം. "ഊററക്കാരവർ നൂററവരെല്ലാം" ഇത്യാദിവരികളിൽ നൂററവരെ കാററത്തു കരയ്ക്കു കയറുന്ന വെള്ളത്തിരകളോടു സാമ്യപ്പെടുത്തുകയാൽ അലങ്കാരം ഉപമ. ആരംഭത്തിൽ വലിയ കോപവും അടുത്തുതന്നെ ഇറക്കവും ഉപമാനോപമേയങ്ങൾക്കുള്ള സാധാരണധർമ്മം. "ഒന്നിനൊന്നോടു സാദൃശ്യം ചൊന്നാലുപമയാമതു്" എന്നു് ഉപമാലക്ഷണം. "പേടി കലർന്നൊരു നായന്മാർ" എന്നാദിയായി സൈനികരുടെ ഓട്ടത്തിന്റെ മട്ടുകൾ വർണ്ണിച്ചിരിക്കുന്നു. കരിയില=ഉണങ്ങിയ ഇല. പ്രാണഭയം=മരണഭയം. വലയിന്നു്=വലയിൽനിന്നു്. ഓടിപ്പോം വഴിയറിയാറായി=ഓടിയ വഴിയിൽ മലമൂത്രവിസർജ്ജനം ചെയ്തു എന്നു സാരം. അമ്പത്തു ഭിന്നം=അമ്പത്തു കഷണമായി മുറിഞ്ഞു. ധാവതി ചെയ്തു=ഓടി. വൃത്തം തരംഗിണി (1221—1288)

പടയ്ക്കു തോററു മണ്ടിയവരുടെ അവസ്ഥ വർണ്ണിക്കുന്നു:—

ഉടുക്ക=ഒരു വാദ്യം. അഗ്രേ=മുമ്പിൽ. തിടുക്കം=ബദ്ധപ്പാടു്. മുടിക്കെട്ട=തലമുടിക്കെട്ടു്. ഘോഷം=ശബ്ദം. കോലാഹലം=കളകളശബ്ദം. കടുക്കുന്നുണ്ടു്=വർദ്ധിക്കുന്നുണ്ടു്. തോറേറാടി വീട്ടിൽ വരുന്ന ഭടന്മാരെ പരിഹസിച്ചുകൊണ്ടു് സ്ത്രീകൾ പറയുന്നതാണു് "വമ്പന്മാരായ" ഇത്യാദിവരികൾ. അന്ധന്മാർ=കണ്ണു കാണാത്തവർ. ദന്തങ്ങൾ=പല്ലുകൾ. ആക്കമടുത്ത

Digitized By Kerala Sahitya Akademi

തല്ലു=ആസ്യം ചേർന്നതല്ല. നേക്കും മാററാരോട്=എതിർക്കുന്ന ശത്രുക്കളോട്. ചാക്കും മുറിവും=മരണവും പരിക്കും. കപിക്കൂട്ടം=കുരങ്ങിൻകൂട്ടം. ഒളിക്കയേക്കാട്ടിൽ=ഒളിക്കുന്നതിനെക്കാൾ. പാട്ടിലായത്തുമില്ല=നന്നായില്ല. ചണ്ഡം = ഉഗ്രം. ശരഷണ്ഡം=ശരനിര. തത്ര=അവിടെ. ചിത്ര...............യന്ത്ര=ചിത്രസേനന്റെ കൂട്ടർ എത്ര പേരുണ്ടോ അത്ര പേർ. കതവൃഷ................ന്മാർ=ധൃതരാഷ്ട്രന്റെ പുത്രന്മാർ. വൃത്തം അശ്കേക. (1289—1328)

കർണ്ണൻ ഗന്ധർവ്വന്മാരെ പോരിനു വിളിക്കുന്നു:—

ഗന്ധം=മണം. നാസ്തിസതാം=ഇല്ലാതാകും. നേല്പാൻ=എതിർപ്പാൻ. അംബരചാരികൾ=ആകാശത്തിൽ നടക്കുന്നവർ. ഡംബരം=തെളിവ്. ഗമിക്കും=പോകും. അംഗമഹീപതി=അംഗരാജാവ്. അംഗങ്ങളിൽ=അവയവങ്ങളിൽ. അരികുല.... ...............നാൻ=ശത്രുസമൂഹങ്ങളാകുന്ന ശലഭങ്ങൾക്ക് (ഇയ്യാമ്പാററകൾക്കു) കാട്ടുതീയായ ബലത്തോടുകൂടിയവൻ. പരബലം=ശത്രുസൈന്യം. വൃത്തം തരംഗിണി (1329—1346)

ശ്ലോകം (ഭാ: 53)

കുംഭീന്ദ്ര...............ദ്ഭടസാരാൻ = ആനത്തലവന്മാരുടെ പ്രൌഢങ്ങളായ മസ്തകങ്ങളെ പിളക്കുന്ന വിദ്യയിൽ തീവ്രമായ കൈയ്യുക്കോടു കൂടിയവരും. ഗംഭീരാരാവഘോരാൻ=ഗംഭീരമായ ശബ്ദംകൊണ്ടു ഘോരന്മാരുമായ. സിംഹവീരാൻ=സിംഹതുല്യന്മാരെ. ശശനികരഃ=മുയൽക്കൂട്ടം. കിമുസംഹരേൽ=കൊല്ലുമോ. ഭോഃ—ഏടോ. സകലം ഗന്ധർവ്വവൃന്ദം=എല്ലാ ഗന്ധർവ്വക്കൂട്ടം. ഡംഭോപേതം=ഡംഭത്തോടുകൂടി. സമം സംഗതം—ഒരുമിച്ചുവന്നാലും. സംഗരാന്തേ=യുദ്ധസ്ഥലത്തു. വിമതോൽകൃന്തനാൻ=ശത്രുക്കളെ ഛേദിക്കുന്ന. ധാർത്തരാഷ്ട്രാൻ=ധൃതരാഷ്ട്രപുത്രന്മാരെ. ജേതും=ജയിപ്പാൻ. കിം പ്രഭവതി=ശക്തമാകുമോ? ഇതിൽ മ. ര. ഭ. ന. യ. യ. യ. ഗണങ്ങ

Digitized By Kerala Sahitya Akademi

ളും ഏഴേഴക്ഷരങ്ങൾ കൂടുമ്പോൾ യതിയുമുണ്ടാകയാൽ വൃത്തം സ്രഗ്ദ്ധര. "ഏഴേഴായ് മൂന്നുഖണ്ഡം മരഭനയയയം സ്രഗ്ദ്ധരാവൃത്തമാകും" എന്നു ലക്ഷണം.

മേൽപറഞ്ഞ ശ്ലോകത്തിന്റെ അൎത്ഥം പരാവൎത്തനരീതിയിൽ പറയുന്നു:—

ആകുലം=പ്രയാസമെന്നൎത്ഥം. ലോകർ=ജനങ്ങൾ. ലൌകികം=ലോകത്തിലുള്ളതു്. രുധിരം=ചോര. പരുഷം=കഠിനം. സിംഹകുലം=സിംഹക്കൂട്ടം. അതുലപരാക്രമശാലികൾ=അതുല്യമായ പരാക്രമംകൊണ്ടു ശോഭിക്കുന്നവർ. നികൃതികൾ=വിരോധങ്ങൾ. പ്രൌഢാ...............ഹങ്കൃതി=വലിയ അഹമ്മതിയാലുള്ള ഹുങ്കാരം. വൃത്തം തരംഗിണി. (1347—1370.)

ചിത്രസേനൻ എതിരാളികളെ അധിക്ഷേപിച്ചു പറയുന്നു:—

മിത്ര...................വൃന്ദം=കൎണ്ണന്റെയും ദുൎയ്യോധനന്റെയും കൂട്ടുകാർ. ശകലീകൃതം=ശകലമാക്കപ്പെട്ടതു്. കുടിലാശയ=കപടമാനസ! ഊൎദ്ധ്വചാരിവരർ=ആകാശചാരികളിൽ വെച്ചു ശ്രേഷ്ഠന്മാർ. അവനിചാരികൾ=ഭൂമിയിൽ സഞ്ചരിക്കുന്നവർ. മൂൎദ്ധഭാഗം=ശിരസ്സ്. ഊൎദ്ധ്വലോകഗതി=മരണം. നിജപൌരുഷഭാവം=തങ്ങളുടെ പൌരുഷം. ദൃഢം=നിശ്ചയം. ഇതിൽ ര. ന. ഭ. ഗണങ്ങളും രണ്ടു ഗുരുവും പാദംതോറും വരികയാൽ വൃത്തം സ്വാഗത. ഇതു സംസ്കൃതവൃത്തമാണെങ്കിലും തുള്ളലിൽ ഉപയോഗിക്കാറുണ്ടു്.

"സ്വാഗതയ്ക്കു രനഭം ഗുരു രണ്ടും"

എന്നു ലക്ഷണം. (1371—1398)

ചിത്രസേനൻ തുടൎന്നു പറയുന്നു:—

ദുൎവ്വിനയന്മാർ=വിനയമില്ലാത്തവർ. നഷ്ടി=നാശം. ഗോഷ്ഠവിലോകനം=ഗോഷ്ഠത്തെ നോക്കിക്കാണുക. ഗോഷ്ഠം=

Digitized By Kerala Sahitya Akademi

ഗോക്കൾ സ്ഥിതിചെയ്യുന്ന സ്ഥലം. പുഷ്ടിനടിക്കും=ധനസമൃദ്ധിയെ നടിക്കുന്ന. രാഷ്ട്രവിനാശം=രാജ്യത്തിന്റെ നാശം. ധൃതരാഷ്ട്രന്റെ (രാജ്യം നിലനിൎത്തിയവന്റെ) പുത്രന്മാർ രാഷ്ട്രവിനാശത്തിനായിട്ടുപിറന്നു എന്നതിലെ പരിഹാസത്തിന്റെ സാരസ്യം നോക്കുക. സമരേ=യുദ്ധത്തിൽ. വൃത്തം തരംഗിണി (1399—1434)

ചിത്രസേനനും കൌരവന്മാരും തമ്മിൽ പോർ നടക്കുന്നു. കൌരവന്മാർ തോല്ക്കുന്നു. ചിത്രസേനൻ അവരെ പിടിച്ചു കെട്ടാനൊരുങ്ങി പരിഹസിക്കുന്നു:—

അസ്ത്രങ്ങൾ=വില്ലുകൊണ്ടയയ്ക്കുന്ന ആയുധങ്ങൾ (അമ്പുകൾ) ശസ്ത്രങ്ങൾ=കൈകൊണ്ടു പ്രയോഗിക്കുന്ന ആയുധങ്ങൾ. ചിത്രപ്രകാരം=നാനാപ്രകാരം. ദിഗന്തങ്ങൾ=ദിക്കുകളുടെ അററങ്ങൾ കരുക............നാലുമെട്ടും=(58+30+4+8=100) ഒരുനൂറ്. കൂട്ടം കലമ്പി=കൂട്ടം പിരിഞ്ഞു്. ഗന്ധൎവ്വരാജവീരൻ=വീരനായ ഗന്ധൎവ്വരാജാവ്. "രേരേമൂഢരേ" എന്നുമുതൽ ചിത്രസേനന്റെ പരിഹാസവചനം. രേരേ=എടാ എടാ. തരിനൊങ്കിലും=തെല്ലെങ്കിലും. ദേവരാജൻ=ദേവേന്ദ്രൻ. സുയോധനന്റെ=ദുൎയ്യോധനന്റെ. ധിക്=ഭോഷ്ക്. വീരശൃംഖല=വീരചങ്ങല. ഘോടും=ഇടുവിക്കും. വൃത്തം അശ്വകേക (1435—1460)

ചിത്രസേനൻ പേടിച്ചോടുന്ന നൂററവരെ പിടിച്ചു് തേരിന്റെ കൊടിമരത്തിന്മേൽ കെട്ടി മേല്പോട്ടുയരുന്നു—നൂററവർ ഗത്യന്തരമില്ലാതെ രക്ഷയ്ക്കായി പാണ്ഡവന്മാരെ വിളിച്ചു നിലവിളിക്കുന്നു:—

**വാറുകൊണ്ടു്=ചാട്ടവാർകൊണ്ടു്. അംബരതലത്തിൽ=ആകാശത്തിൽ. അപ്രമേയബലൻ=കണക്കാക്കാൻ വയ്യാത്ത**

Digitized By Kerala Sahitya Akademi

ബലത്തോടുകൂടിയവൻ. ആൎത്തർ=ദുഃഖിതർ. അരികൾ=ശത്രുക്കൾ. ഉദഞ്ചദ്ദിക്കിന്=മേൽഭാഗത്തേക്ക. സീമ=അതിര്. ധീമതാംവര=ബുദ്ധിമാന്മാരിൽ ശ്രേഷ്ഠനായവനെ! വൃത്തം സ്വാഗത. (1461—1482)

ദുൎയ്യോധനാദികളുടെ വിലാപം:—

മഹാകശ്മലൻ=മഹാപാപി. കരത്തിന്നു=കൈയിന്നു. വയം=ഞങ്ങൾ. "സഖേ ധൎമ്മജ" എന്നുമുതൽക്കു പാണ്ഡവന്മാരെ അഞ്ചുപേരെയും വിളിക്കുന്നു. നിരാധാരർ=ശരണമില്ലാത്തവർ. എന്നിയേ=അല്ലാതെ. കുരുക്കൾക്ക്=കുരുവിന്റെ ഗോത്രത്തിൽ പിറന്നവൎക്ക്. സമം=തുല്യം. (1483—1494)

ആ മുറവിളികേട്ട് ധൎമ്മപുത്രൻ ഭീമനോട് ദുൎയ്യോധനാദികളെ രക്ഷിക്കണമെന്നു പറയുന്നു:—.

പത്തു ദിഗന്തരം=പത്തു ദിക്കുകളുടെ മദ്ധ്യം. സത്വഗുണാംബുധി=സത്വഗുണത്തിന്റെ സമുദ്രമായവൻ. ഗന്ധവഹാത്മജൻ=ഭീമസേനൻ. അന്ധത=മൂഢത്വം. അന്ധൻ=കണ്ണുകാണാത്തവൻ. ജനകൻ=അച്ഛൻ (ധൃതരാഷ്ട്രർ). അന്തസ്താപം=സങ്കടം. അന്തരം=വ്യത്യാസം. ധൎമ്മവിചാരം=ധൎമ്മചിന്ത. ദൂഷണം=ദോഷം. മൗനമായിരിപ്പതു=മിണ്ടാതിരിക്കുന്നതു്. ചിതമോ=ഉചിതമോ? ആശ്രിതരക്ഷണകൎമ്മം=ആശ്രിതന്മാരെ രക്ഷിക്കുകയെന്ന പ്രവൃത്തി. ധൎമ്മദം=ചിന്തയായ ഗവ്. ഉത്താരദുരിതം=അതിഗാഢമായ പാപം. വൃത്തം തരംഗിണി (1495—1520)

ജ്യേഷ്ഠന്റെ വാക്കുകേട്ട് ഭീമൻ അദ്ദേഹത്തോടു പരിഭവിച്ചും, നൂററുവരെ പരിഹസിച്ചും ഉത്തരം പറയുന്നു:—

അഗ്രജവചനം=ജ്യേഷ്ഠന്റെ വാക്ക. ഉദഗ്രപരാക്രമി=ഉയൎന്ന പരാക്രമമുള്ളവൻ. സമഗ്രാഹംകൃതിശാലി=സമഗ്രമാ

Digitized By Kerala Sahitya Akademi

യ (തികഞ്ഞ) അഹങ്കാരത്തോടുകൂടിയവൻ. ധൎമ്മം പിടിപാടില്ലാത്ത=ധൎമ്മം ഗ്രഹിക്കാത്ത. കോലാഹലം=ബഹുരസമെന്നൎത്ഥം. സരസന്മാർ=രസികന്മാർ. എന്തെന്നില്ലാത്താളുകൾ=വിവേകമില്ലാത്തവർ. ജളന്മാർ=മൂഢന്മാർ. സന്ധിക്കാതെ=സാധിക്കാതെ. "വിണ്ണവർനാട്ടിലിരിക്കും" ഇത്യാദി വരികളിൽ നൂററുവരെല്ലാം വലിയ കാൎയ്യങ്ങൾക്കൊന്നും കൊള്ളാത്തവരാണെന്നു കാണിച്ചിരിക്കുന്നു. നിദ്രാസമയേ=ഉറക്കം വരുന്ന നേരത്തു. അപരൻ=മറെറാരുവൻ. പട്ടക്കമടക്കുവാൻ=കിടക്ക മടക്കുവാൻ. ഉൎവ്വിയിൽ=ഭൂമിയിൽ. ആരുവയർമൈഥിലി=സുന്ദരീമൈഥിലി. തൂപ്പാൻ=അടിച്ചുവാരുവാൻ. വൃഷലികൾവേല=ദാസികളുടെ പണി. പച്ചിലയുള്ളൊരു പാവിനോർ=പച്ചിലവെച്ചു ഊട്ടി സൽക്കരിക്കേണ്ട സമാനവലുപ്പമുള്ളവർ. വെററില തെരപ്പാൻ=വെററില ചുരുട്ടുവാൻ. കല്പകവൃക്ഷം=സ്വൎഗ്ഗത്തിലെ ഒരുജാതി മരം. ഈ വൃക്ഷം മനസ്സിൽ സങ്കല്പിച്ചതിനെ കൊടുക്കുമെന്നു പ്രസിദ്ധം. അതിനാൽ കാക്കുന്നതു ആവശ്യമാകുന്നു. ആമ്പാടി=അകമ്പടി. തുമ്പകിളപ്പാൻ=കൈക്കോട്ടു കിളക്കുവാൻ. വിടുപണി=നിസ്സാരവേല. "മാററികളെപ്പുനരെന്തിനു" ഇത്യാദി വരികളിൽ നൂററുവരെ വിടുവിക്കുന്നതു അനാവശ്യമാണെന്നു പറയുന്നു. മാററിക്കൊൾവാൻ=വിടുവിപ്പാൻ. ഏററിനൂററുവരെ=ഏററ് + ഈ നൂററുവരെ. ജ്ഞാനികൾ=ജ്ഞാനമുള്ളവർ. ശാന്തന്മാർ=ശമഗുണമുള്ളവർ. താന്തോന്നി=തനിക്കു തോന്നിയപോലെ ചെയ്യുന്നവൻ. വാച്ചൊരു=വൎദ്ധിച്ച. ഉദയേ=സൂൎയ്യോദയത്തിൽ. ഉപവാസങ്ങൾ=നോൽമ്പുകൾ. ഭവനേ=ഗൃഹത്തിൽ. കാലപുരത്തിൽ=യമരാജധാനിയിൽ. ഈ ഖണ്ഡികയെ ആധാരമാക്കി ഭീമസേനന്റെ സ്വഭാവം നിൎണ്ണയിക്കാവുന്നതാകുന്നു. വൃത്തം തരംഗിണി. (1521—1624.)

## ധൎമ്മപുത്രൻ ഭീമസേനനെ സമാധാനിപ്പി

Digitized By Kerala Sahitya Akademi

ക്കുന്നു:—

കട്ടത്ത=കഠിനമായ. വെക്കം=വേഗം. അട്ടത്ത സോദരം=അടുത്ത അനുജ. അടക്കമേത്തുഭം=അടങ്ങിയിരിക്കുന്നതുതന്നെ നല്ലതു്. പഥി. വഴിയിൽ. തവമതം=നിന്റെ അഭിപ്രായം. നമുക്കനുമതം=നമുക്ക സമ്മതമാണു്. ഹിതം=ഗുണകരം. ഈ വരികളിൽ വൃത്തം സുമംഗലാ. സുമംഗല എന്ന സംസ്കൃതവൃത്തം തുള്ളലിൽ ഉപയോഗിക്കാറുണ്ടു്. ജ. ഭ. ജ. ര. ഇവയാണിതിൽ ഗണങ്ങൾ. ഇതിന്നു പഞ്ചചാമരമെന്നും പേരുണ്ടു്.

"ജഭംജരാന്തഗാട്ട സുമംഗലാഭിധാ" എന്നു ലക്ഷണം

(1625—1642)

ന്യൂറുവരോടുള്ള വൈരം പരസ്പരമത്സരത്തിൽ മാത്രമാണെന്നു് പറഞ്ഞു യുധിഷ്ഠിരൻ ഉദാഹരണമായി ഒരു എലിയുടേയും പൂച്ചയുടേയും കഥ പറയുന്നു:—

ജാതന്മാർ=ജനിച്ചവർ. ഒരുമ=യോജിപ്പു്. മാററാർ=പുറമെനിന്നുള്ള ശത്രുക്കൾ. അബദ്ധം=തെററു്. ക്കററാർ=ബന്ധുക്കൾ. ക്കററാ..............ദിശി=ബന്ധുക്കളാരുമില്ലാത്തൊരു ദിക്കിൽ. ഉപകൃതി=ഉപകാരം. സഖിത്വം=സഖ്യം. വെളുത്തോരൽ=നേരം പുലർന്നാൽ. വനഭുവി=കാട്ടുപ്രദേശത്തും കരവൂത്തും ചെയ്തു=കരഞ്ഞുകൊണ്ടു്. പോട്ടിൽ=മടയിൽ. മൂഷികൻ=എലി. അരി=ശത്രു. കലഹികൾ=വിരോധികൾ. പരവശവാക്കുകൾ=ദീനവചനങ്ങൾ. ഹൃദയേ=മനസ്സിൽ. കാഴ്ച=കരുതൽ. ആമയം=ദുഃഖം. മലയപ്പുഴർ=കാട്ടാളക്കഴിയൻ. വെട്ടമട..............മയേ=നേരം വെളുക്കാറായപ്പോൾ. ധൃഷ്ടൻ=നിർല്ലജ്ജൻ. അദാനം=ഇതു. കൂട്ടസഖിത്വം=ചങ്ങാതിത്തം. സുഷിരം=മട.

Digitized By Kerala Sahitya Akademi

ശ്ലോകം (ന: 69)

ആവയോഃ=നമ്മൾ രണ്ടു പേരുടെ. സഖ്യം=സഖിത്വം. കാര്യാർത്ഥം=കാര്യത്തിനുവേണ്ടിയുള്ളതാണു്. തസ്മിൻ=അതു്. അവസിതേ=അവസാനിച്ചിരിക്കുമ്പോൾ. പുനഃ=ആകട്ടെ. മാർജ്ജാരഃ ത്വം=പൂച്ചയായ നീ. മാർജ്ജാരഃ=പൂച്ചയും. മൂഷികഃ അഹം=എലിയായ ഞാൻ. മൂഷികഃ ച=എലിയും. ഹി=ആണല്ലോ.

പൂതകൻ=പൂച്ച. നയശാലികൾ=നീതിമാന്മാർ. വൃത്തം തരംഗിണി. (1643_1752.)

നകുലൻ യുധിഷ്ഠിരന്റെ അഭിപ്രായത്തെ അഭിനന്ദിച്ചുകൊണ്ടു് ഒരു കഥ പറയുന്നു:—

കാര്യം=ചൊല്ലപ്പെടേണ്ടതു് (സാരമായിട്ടുള്ളതു്.) ദുസ്സുയോധനൻ=ഈ ദുര്യോധനൻ.

ശ്ലോകം (ന. 70)

പുരാ=പണ്ടു്. കശ്ചന=ഒരു. ഗോമായുഃ=കുറുക്കൻ. ദുരാഗ്രഹവശംവദഃ=ദുരാശയ്ക്കധീനനായി. പരാൻ=അന്യന്മാരെ. വിനാശയൻ=നശിപ്പിക്കുന്നവനായിട്ടു്. ഭൂയഃ=പിന്നെ. ദുരാപദം=ദുഃഖകരമായ ആപത്തിനെ. ഉപേയിവാൻ=പ്രാപിച്ചു.

കണ്ടകമുള്ളു=മുള്ളുകൾ. കേട്ടുഗ്രഹിച്ചാൻ=ആളുകൾ പറയുന്നതുകേട്ടു മനസ്സിലാക്കി. കേളച്ചാ=കേൾ+അച്ചാ എന്നു പദച്ഛേദം. കോളല്ലാത=സഹിപ്പാൻ വയ്യാത്ത. വിശേഷം=വർത്തമാനം. മൂത്തകേളച്ചാർ=വയസ്സനായ കേളച്ചാർ. വിരണ്ടു=പരിഭ്രമിച്ചു. കംഠിത്തടിയനെ=ആനത്തലവനെ. നെററിക്കിട്ടു=നെററിമേലെന്നർത്ഥം. ഗജവരൻ=ആനത്തലവൻ. കരിവരൻ=ഗജശ്രേഷ്ഠൻ. തരിമ്പു്=അല്പം. തടി=ശരീരം. മസ്തകഭോഗേ=മസ്തകത്തിന്മേൽ. മത്തകരീന്ദ്രൻ=മദിച്ച ആന. പത്തിപ്പുറമേൽ=പടത്തിന്റെ പുറത്തു്. ദോഷങ്ങളിലതിദോഷം=എ

ല്ലാ ദേശങ്ങളിലുംവെച്ചു അധികം ദോഷം. നിയതം=നിശ്ചയം. പരിവേഷ്ടനം=ബന്ധനം. വൃത്തം തരംഗിണി. എന്നാൽ "കരിമ്പുതിന്മാൻ കരിവരനിപ്പോൾ" എന്നുമുതൽ എട്ടു വരികൾ ശിതാഗ്രാ വൃത്തത്തിലാകുന്നു. നന്നാലു മാത്രയുള്ള നാലു ഗണങ്ങൾ കൂടിയാൽ ശിതാഗ്രാവൃത്തമാകും; അതിൽ ആദ്യഗണം. മദ്ധ്യഗുരു (ജഗണം) ആകയും വേണം.

"ജഗണാദ്യം ചതുർമ്മാത്രഗണം നാലു ശിതാഗ്രയാം" എന്നു ലക്ഷണം. (1753—1836)

കൌരവന്മാരെ മോചിപ്പിക്കാൻ ധർമ്മപുത്രൻ ഭീമാർജ്ജുനന്മാരോടു കല്പിക്കുന്നു—അവർ പോകുന്നു:-

അഗ്രജൻ=ജ്യേഷ്ഠൻ. യന്ത്രിതർ=ബന്ധിക്കപ്പെട്ടവർ. വിരയം=വേഗം. ഹരിസുത=അർജ്ജുന. അംബരചരരെ=ആകാശചാരികളെ (ഗന്ധർവന്മാരെ) കുരുസുതാരതം=കൌരവന്മാർ ആറുപേരേയും. ഗുരുശാസനം=ജ്യേഷ്ഠന്റെ കല്പന. ഉരുതരമോദം=(ക്രി. വി. വളരെ സന്തോഷത്തോടെ. വൃത്തം തരംഗിണി (1837—1848)

അർജ്ജുനൻ ഗന്ധർവ്വന്മാരെ പോരിനു വിളിക്കുന്നു:—

ഗഗനചരമൂഢരേ=ആകാശത്തിൽ സഞ്ചരിക്കുന്ന മൂഢന്മാരേ! ഗന്ധർവകീടരേ=പുഴുക്കൾക്കൊത്ത ഗന്ധർവന്മാരേ! വിഫലതരം=ഏറ്റവും നിഷ്ഫലം. വിരതതരം=ഏറെ ശമിച്ചു്. യുധി=യുദ്ധത്തിൽ. മദശീലരേ=അഹമ്മതിക്കാരേ! കുരു.....................രോടു്. കുരുവംശരാജാക്കന്മാരോടു്. കരികളോടു്=ആനകളോടു്. ഹരിതനയൻ=ഇന്ദ്രപുത്രനായ. പരി.....................ജ്ജനൻ=ദുർജ്ജനങ്ങളെ ഒതുക്കിയവൻ. പരുഷ.....................ശരനികരം=അതികഠിനങ്ങളായ ശരസമൂഹങ്ങളുടെ കൂട്ടങ്ങൾ. കുടിലകുലം=ദുഷ്ടക്കൂട്ടം. ഉടലടയ=ഉ

ത്ത് മുഴുവൻ. മുടവ്=മുടക്കം. (അംഗഭംഗം) അധികാദരൻ= ഏററവും ആദരവ് (ഭക്തി) ഉള്ളവൻ). പടുമതി=ബുദ്ധിസാമർത്ഥ്യമുള്ളവൻ. ആഹവേ=പോരിൽ. തിലതുലിതം=എള്ളന്നിപ്രായം. വൃത്തം മിശ്രകാകളി. അഞ്ചു മാത്രയുള്ള മൂന്നക്ഷരംകൂടിയതൊരു ഗണം; മൂന്നു കണക്കിൽ നന്നാലു ഗണമാണ് കാകളിയുടെ ഓരോ പാദത്തിലും വരുന്നതു്. ഇതിൽ ചിലേടത്തു പാദപൂരണാർത്ഥമായ ഗണങ്ങളെ ചേർത്താൽ മിശ്രകാകളിയാകും. ലക്ഷണം

"ഇതുപോലെ ചിലേടത്തു പാദപൂരണങ്ങളെ
ചേർത്തും കാകളിചെയ്തീടാമതിൻപേർ മിശ്രകാകളി."

എന്നാകുന്നു. ഇതു കിളിപ്പാട്ടുവൃത്തമാണെങ്കിലും സന്ദർഭസിദ്ധനായ കവി ഇവിടെ ഉപയോഗിച്ചിരിക്കുന്നു. (1849—1862).

അർജ്ജുനൻ യുദ്ധം ചെയ്യുന്നു—ചിത്രസേനൻ തോൽക്കുന്നു—ഭീമൻ പറഞ്ഞപ്രകാരം അർജ്ജുനൻ യുദ്ധം നിർത്തി ചിത്രസേനനെ ഭൂമിയിലേക്കിറങ്ങുവാൻ ക്ഷണിക്കുന്നു:—

ഉപരിപ്രദേശങ്ങളിൽ = ആകാശഭാഗങ്ങളിൽ. സായകങ്ങൾ = ശരങ്ങൾ. നേർപ്പാനാകാതെ = തൊററിപ്പോകാതെ. വ്യോമചാരി = ആകാശചാരി. വലവൈരിതനയൻ = ഇന്ദ്രപുത്രൻ (അർജ്ജുനൻ). ഭൂരിശസ്ത്രങ്ങൾ = വളരെ ആയുധങ്ങൾ. ദൂരീകരിച്ചു = അകററി. ദിവ്യാസ്ത്രം = പ്രത്യേകം ഒരു ദേവതയോടുകൂടിയതും മന്ത്രത്താൽ പ്രയോഗിക്കപ്പെടുന്നതുമായ അസ്ത്രം. സവ്യസാചി = അർജ്ജുനൻ (ഇടത്തുകൈകൊണ്ടുകൂടി അസ്ത്രം പ്രയോഗിക്കുന്നവനെന്നു താല്പര്യം). കനം = വീറ. പെട്ടുപോം = മരണപ്പെട്ടേക്കാം. മാരുതാത്മജൻ = ഭീമൻ. പോരും കലഹം = യുദ്ധം മതി. ചേരുക = യോജിക്കുക. സംഭാവിക്കേണം = ബഹുമാനിക്കണം. വൃത്തം അർദ്ധകേക. (1863—1900)

Digitized By Kerala Sahitya Akademi

ഭീമാർജ്ജുനന്മാരോട ചിത്രസേനൻ കൌരവരെ ബന്ധിപ്പാനുണ്ടായ കാരണം പറയുന്നു:—

ഗന്ധവഹാത്മജവിജയന്മാർ=ഭീമാർജ്ജുനന്മാർ. ഇദം=ഈ വാക്ക്. ബന്ധുപ്രീതിബലം=ബന്ധുക്കളിലുള്ള പ്രീതിയുടെ ശക്തി. നിരുപമം=എതിരില്ലാത്തതു്. ജളപ്രഭുഭാവം=ജളപ്രഭുത്വം. മറവുള്ള..........നിന്ദിതം=അന്യരെ നിന്ദിക്കൽ. മ ഭരം=അതിശക്തം. വൃത്തം തരംഗിണി (1901—1916).

ഭീമസേനൻ തേരിൽ കയറിച്ചെന്നു കൌരവരെ കെട്ടഴിച്ച് എണ്ണി നിലത്തേക്കിടുന്നു:—

അർത്ഥം സ്പഷ്ടം.

ഈ വരികളിൽ തുളുമ്പുന്ന പരിഹാസം പരിശോധിക്കുക. തരംഗിണീവൃത്തം (1917—1950)

ഭീമസേനൻ ദുര്യോധനാദികളോട പോയ്ക്കൊള്ളുവാൻ പറയുന്നു:—

ശൃണു വചനം=വാക്ക കേട്ടാലും. ദുര്യോഗം=ദൌർഭാഗ്യക്കേട്. [illegible]. ആയതം=നീണ്ടതു്. വെണ്മതികുലം=സോമവംശം. പാദസമീപേ=കാല്ക്കൽ. ശേഷം സ്പഷ്ടം. തരംഗിണീവൃത്തം (1951—1970)

ദുര്യോധനൻ ലജ്ജിച്ച് ഒന്നും മിണ്ടാതെ പോകുന്നു:—

വൃകോദരവചനം=ഭീമന്റെ വാക്ക്. ആർത്തി=ദുഃഖം. അസ്ഥിരമതി=ബുദ്ധിക്ക് സ്ഥിരതയില്ലാത്തവൻ. അതിശയകുടിലൻ=അധികം കപടക്കാരൻ. നരനൊട=അർജ്ജുനനോട്. പരമാനന്ദമയമൂർത്തി=പരമാനന്ദമൂർത്തി. മുരരിപു=ശ്രീകൃഷ്ണൻ. [illegible] = [illegible]. ഭദ്രം = മംഗളം. തരംഗിണീവൃത്തം (1971—1986)

Digitized By Kerala Sahitya Akademi

### ചിത്രസേനൻ സ്വർഗ്ഗത്തിലേക്കു പോകുന്നു:—

ചിത്തസമ്മദം=മനസ്സന്തോഷം. വൃത്രവൈരിയെ=ദേവേന്ദ്രനെ. മാത്രാപ്രധാനമാക്കി അക്ഷരസംഖ്യ ഭേദപ്പെടുത്തിയ സ്വാഗതാവൃത്തം. ആദ്യത്തെ മൂന്നു പാദങ്ങളിൽ സ്വാഗതയുടെ നാലക്ഷരങ്ങൾക്കു ശേഷമുള്ള രണ്ടു ലഘുക്കൾക്കു പകരം ഒരു ഗുരു വിന്യസിച്ചിരിക്കുന്നു. (1987—1990).

ശുഭം.

വിദ്യാവിനോദിനി അച്ചുകൂടം, തൃശ്ശിവപേരൂർ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi